2025 MAY 26

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 49 662 1122

# സ്ത്രീകഥാപാത്രങ്ങൾക്ക് ജീവൻ വച്ചപ്പോൾ







# മുഖ്യമന്ത്രി പിണറായി വിജയന് 80



AMERICAN ASSOCIATION OF PHYSICIANS OF INDIAN ORIGIN
AAPI
43rd Annual
AAPI CONVENTION & SCIENTIC ASSEMBLY
July 24-27, 2025
Cincinnati Marriott At RiverCenter, 10 W Rivercenter Blvd, Covington, KY 41011 NORTHERN KENTUCKY CONVENTION CENTER
This conference will host Physicians,Healthcare professionals, and leaders from across the world for a dynamic exchange of ideas, a collaborative effort to shape the future of healthcare on a global scale. We invite you to be an active participant in this transformative journey.
Confirmed Guests and Dignitaries
Bobby Mukkamala MD
Michael Suk MD
Mario R Capecchi PHD
Satheesh Kathula, MD President, AAPI
Dr. D. Nageshwara Reddy
Lyuba Konopasek, MD
George Abraham, MD
Sunil Kaza, MD Chairman, AAPI BOT
Register Now at: www.aapiconvention.org | info@aapiusa.org

# മലയാള സാഹിത്യത്തിലെ സ്ത്രീകഥാപാത്രങ്ങൾക്ക് ജീവൻ നൽകി സാൻഡിയെഗോയിലെ 27 സ്ത്രീകൾ



ഇന്ദുലേഖ

കാലിഫോർണിയ: മലയാള സാഹിത്യത്തിലെ സ്ത്രീ കഥാപാത്രങ്ങളാണ് പലപ്പോഴും ആഖ്യാനങ്ങളുടെ ഹൃദയമിടിപ്പ്. അവരുടെ ജീവിതം അക്കാലത്തെ സാമൂഹിക, വൈകാരിക, സാംസ്കാരിക സങ്കീർണതകളുടെ പ്രതിഫലനമാണ്. സാമൂഹിക ചുറ്റുപാടുകളോ സാങ്കേതികതയോ മുന്നേറ്റം കൈവരിക്കാത്ത കാലഘട്ടത്തിൽ പ്രതിഭാധനരായ എഴുത്തുകാർ ജന്മം നൽകിയ കരുത്തുറ്റ സ്ത്രീകഥാപാത്രങ്ങൾ പുതുതലമുറയ്ക്കും പ്രചോദനമാണ്.

വായനയിലൂടെ പല തലമുറകളുടെ മനസ്സിൽ വിരിഞ്ഞ അവരുടെ രൂപങ്ങൾ വ്യത്യസ്തമായിരിക്കാം. ആ കഥാപാത്രങ്ങൾ 'ത്രൂ ഹെർ ഐസ്' എന്ന പുസ്തകത്തിലൂടെ പുനഃസൃഷ്ടിക്കുകയാണ് സാൻഡിയെഗോയിലെ ഒരുപറ്റം മലയാളികൾ. മലയാള സാഹിത്യത്തിലെ സ്ത്രീകഥാപാത്രങ്ങളെ ആദരിക്കുന്ന ഈ ഉദ്യമത്തിന് മുന്നിലും പിന്നിലും പ്രവർത്തിച്ചതും 27 സ്ത്രീകളാണ് എന്നതാണ് മറ്റൊരു സവിശേഷത.

'സാൻഡിയെഗോയിലെ കേരളീയ സമൂഹം ചെറുതായതുകൊണ്ടുതന്നെ ഇവിടെ താമസിക്കുന്ന മലയാളികൾ തമ്മിൽ പരിചയമുണ്ട്, എല്ലാവരും അസോസിയേഷനുകളിൽ സജീവവുമാണ്. കേരളത്തിൽ നിന്ന് മാറി താമസിക്കുമ്പോഴാണ് നമ്മുടെ സംസ്കാരത്തോടും സാഹിത്യത്തോടും പൈതൃകത്തോടും കൂടുതൽ അടുക്കുന്നത് എന്ന് തോന്നുന്നു. മലയാളത്തിലെ സാഹിത്യകാരന്മാരുടെ തൂലികയിൽ പിറന്ന ഈടുറ്റ സ്ത്രീകഥാപാത്രങ്ങളെ പുനഃസൃഷ്ടിക്കുക എന്നുള്ള ആശയം ഉരുത്തിരിഞ്ഞത് അത്തരമൊരു ചിന്തയിൽ നിന്നാണ്.' 'ത്രൂ ഹെർ ഐസ് ' എന്ന പുസ്തകത്തിന്റെ പിറവിയെക്കുറിച്ച് ഡോ.ചിനോ മണ്ണിക്കരോട്ട് പറഞ്ഞു.

അവർ ജീവൻ നൽകിയ കഥാപാത്രങ്ങൾ നോക്കുക: ചെമ്മീനിലെ 'കറുത്തമ്മ', ഒ.ചന്തു മേനോന്റെ 'ഇന്ദുലേഖ', എന്റെ കഥയിലെ 'ആമി', മലയാറ്റൂരിന്റെ യക്ഷിയിലെ 'രാഗിണി', മയ്യഴിപ്പുഴയുടെ തീരങ്ങളിലെ 'ചന്ദ്രിക', വാനപ്രസ്ഥത്തിലെ 'സുഭദ്ര', ഒരു വടക്കൻ വീരഗാഥയിലെ 'ഉണ്ണിയാർച്ച', പ്രേമലേഖനത്തിലെ 'സാറാമ്മ', ആടുജീവിതത്തിലെ 'സൈനു', ഉറൂബിന്റെ 'ഉമ്മാച്ചു'വും 'രാച്ചിയമ്മ'യും, മാർത്താണ്ഡവർമ്മയിലെ 'സുഭദ്ര', എം.ടി യുടെ 'കുട്ട്യേടത്തി', ചെറിയ ചെറിയ ഭൂകമ്പങ്ങളിലെ ജാനകിക്കുട്ടി, പൂവൻപഴത്തിലെ 'ജമീല', ഒതപ്പിലെ 'മാർഗലിറ്റ', ദൈവത്തിന്റെ വികൃതികളിലെ 'മാഗി', ഓപ്പോളിലെ 'മാളു', ബാല്യകാലസഖിയിലെ 'സുഹ്റ', ജലജന്മങ്ങളിലെ 'മറിയാമ്മ', കുമാരനാശാന്റെ 'ചിന്താവിഷ്ടയായ സീത ', രമണന്റെ 'ചന്ദ്രിക', കള്ളിച്ചെല്ലമ്മ, അഗ്നിസാക്ഷിയിലെ 'തേതിക്കുട്ടി', മഞ്ഞിലെ 'വിമല' തുടങ്ങിയവർ

മെഡിക്കൽ ഡോക്ടറായി പ്രവർത്തിക്കുന്ന ചിനോയാണ് പുസ്തകത്തിന്റെ എഡിറ്റിംഗ്, കവർ ഡിസൈൻ, ഫോട്ടോഷൂട്ടിന്റെ സംവിധാനം, ഫോട്ടോ എഡിറ്റിംഗ്, കാസ്റ്റിംഗ് എന്നീ ജോലികൾ നിർവ്വഹിച്ചത്. കൂടാതെ, എംടിയുടെ വാനപ്രസ്ഥത്തിലെ സുഭദ്രയാവുകയും ചെയ്തു.

മിനി പിള്ള, ദിവ്യ മോഹൻ, പത്മജ പൊറ്റത്തിൽ, ടിന തോമസ്, ലക്ഷ്മി വിജയചന്ദ്രൻ, ദീപ മേനോൻ, ശ്രീലേഖ ഹരിദാസ്, രശ്മി ഭൂതലിംഗം, സുജ ജയൻ, നീമ നായർ, വിധു.എം.നായർ, ബിന്ദു മേക്കോത്ത്, ഗൗരി അർജുൻ, നസീഹ മച്ചിങ്ങൽ, അഞ്ജു ശ്രീനിവാസൻ, ജീവ എബ്രഹാം, ശ്രുതി സുകുമാരൻ, റോഷ്നി രാമചന്ദ്രൻ, റീന രാമചന്ദ്രൻ, നിഷ ശിവശങ്കരൻ, സ്മിജി സോണി, പൂർണിമ ഗോപകുമാർ, ചിന്നു സൂരജ്, ജെയിൻ ജേക്കബ്, സജിത സിദ്ധിഖ്, സാലു ജോൺ എന്നിവരാണ് ഫോട്ടോഷൂട്ടിലെ മറ്റു മോഡലുകൾ.

ശാലിമ സിദ്ധിഖിന്റെ ക്യാമറക്കണ്ണുകളാണ് ചിത്രങ്ങൾക്ക് ജീവൻ പകർന്നത്. കേരളത്തിന് സമാനമായ സാൻഡിയെഗോയിലെ പച്ചപ്പ് ചിത്രങ്ങൾക്ക് മിഴിവേകി. ഓരോ കഥാപാത്രത്തെയും കുറിച്ചുള്ള സംവിധായികയുടെ വിശകലനം ഓരോ പേജിലുമുണ്ട്.

ഉറക്കെ പോരാടിയതുകൊണ്ടല്ല, മറിച്ച് നിശബ്ദത കൊണ്ടുള്ള ചെറുത്തുനിൽപ്പിന്റെ പ്രതീകമെന്ന നിലയിലാണ് ഉമ്മാച്ചു ഓർമ്മിക്കപ്പെടുന്നത് എന്ന് പുസ്തകത്തിൽ കുറിച്ചിട്ടുണ്ട്. സാറാ ജോസഫിന്റെ ഒതപ്പിലെ 'മാർഗലിറ്റ', യാഥാസ്ഥികതമായ മത വിശ്വാസത്തോട് പടവെട്ടിക്കൊണ്ട് താൻ ക്രിസ്തുവിലാണ്, പള്ളിയിലല്ല വിശ്വസിക്കുന്നതെന്ന് പറയുന്നതും അടയാളപ്പെടുത്തിയിട്ടുണ്ട്. പുരുഷ കേന്ദ്രീകൃതമായ ഒരു നമ്പൂതിരി കുടുംബത്തിലെ കലഹങ്ങളിൽ കുടുങ്ങിപ്പോവുകയും വിമോചനം തിരഞ്ഞെടുത്ത് സ്വാതന്ത്ര്യ സമരസേനാനിയാവുകയും ഒടുക്കം ആശ്രമത്തിലെ സമാധാനപരമായ ജീവിതത്തിലേക്ക് വഴിമാറുകയും ചെയ്യുന്ന അഗ്നിസാക്ഷിയിലെ തേതിക്കുട്ടിയെയും കൃത്യമായി വരച്ചിട്ടിട്ടുണ്ട്. സംവിധായികയുടെ ഓരോ കുറിപ്പും കഥാപാത്രങ്ങളെ ആഴത്തിൽ അറിയാനും നോവൽ വായിക്കാനും പ്രേരകമാകുന്ന തരത്തിലാണ്.

എഴുത്തുകാരൻ അക്ഷരങ്ങളിലൂടെ കോറിയിടുന്ന രൂപം ചിത്രകാരൻ കാൻവാസിൽ വരയ്ക്കുന്നതിനേക്കാൾ ശ്രമകരമാണ് അതിന് അനുയോജ്യരെ കണ്ടെത്തി ഫോട്ടോ ഷൂട്ട് നടത്തുക എന്നുള്ളത്. ആ വെല്ലുവിളി തന്നെയായിരുന്നു ഇത് പൂർത്തീകരിക്കാനുള്ള ത്രില്ലെന്ന് ചിനോ അഭിപ്രായപ്പെട്ടു. ഇതൊരു ഫോട്ടോ ബുക്ക് ആണെങ്കിലും വർത്തമാനകാലത്തിൽ ഈ കഥാപാത്രങ്ങൾക്കുള്ള പ്രസക്തി ഏതാനും വരികളിൽ വിവരിച്ചിട്ടുണ്ട്.

മലയാളം അറിയാത്ത തലമുറയും നമ്മുടെ സാഹിത്യത്തിന്റെ ആഴങ്ങൾ തൊട്ടറിയട്ടെ എന്ന ഉദ്ദേശത്തിലാണ് ഇംഗ്ലീഷ് ഭാഷയിൽ പുസ്തകം പ്രസിദ്ധീകരിച്ചത്. നോവലിലെ കാലഘട്ടം ആ കഥാപാത്രങ്ങളുടെ കണ്ണുകളിലൂടെ നോക്കിക്കാണാനും പുസ്തകം ശ്രമിച്ചിട്ടുണ്ട്.


ഇതിന് മുന്നിലും പിന്നിലും പ്രവർത്തിച്ച ഓരോരുത്തരും അമ്മമാരും മറ്റ് ജോലികൾ ഉള്ളവരും ആയതിനാൽ ഒരുവർഷം കൊണ്ടാണ് 70 താളുകളുള്ള പുസ്തകം പൂർത്തിയാക്കിയത്. സാൻഡിയേഗോ മലയാളി അസോസിയേഷന്റെ (സന്മാ)പരിപാടിയിൽ വച്ച് കഴിഞ്ഞ ആഴ്ചയായിരുന്നു പുസ്തക പ്രകാശനം. കഥാപാത്രങ്ങളുടെ മേക്കോവറിൽ ഒരു റാംപ് വോക്കും അനുബന്ധമായി നടന്നു. 60 പുസ്തകങ്ങൾ വേദിയിൽ വച്ചു തന്നെ വിറ്റഴിഞ്ഞത് അവരുടെ പ്രയത്നങ്ങൾക്കുള്ള സമ്മാനമാണ്. പുസ്തകം വിറ്റുകിട്ടിയ തുക ചാരിറ്റി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുമെന്ന് 'ത്രൂ ഹെർ ഐസ്' ടീം അറിയിച്ചു.


ആമി


ജമീല



ജാനകിക്കുട്ടി


വിമല


ചന്ദ്രിക


ജാനു



കള്ളിച്ചെല്ലമ്മ


കറുത്തമ്മ


കുട്ട്യേടത്തി


മാഗി


മാളു


മാർഗലീറ്റ



മറിയാമ്മ



രാച്ചിയമ്മ


സൈനു


സാറാമ്മ


സീത


രാഗിണി


സുഭദ്ര


സുഭദ്ര


സുഹ്ര


തേതിക്കുട്ടി


ഉമ്മാച്ചു


ഉണ്ണിയാർച്ച


AMERICAN ASSOCIATION OF PHYSICIANS OF INDIAN ORIGIN
AAPI
43rd Annual
AAPI CONVENTION &
SCIENTIC ASSEMBLY
July 24-27, 2025
Cincinnati Marriott
Convention Center
At River Center, Ohio USA
This conference will host Physicians, Healthcare Professionals and leaders from across the world for a dynamic exchange of ideas, a collaborative effort to shape the future of healthcare on a global scale. We invite you to be an active participant in this transformative journey.
Satheesh Kathula, MD
President, AAPI
Sunil Kaza, MD
Chairman, AAPI BOT
Guests and Dignitaries
Bobby Mukkamala, MD
Michael Suk, MD
Mario R Capecchi, PHD
Dr. D. Nageshwara Reddy
Lyuba Konopasek, MD
George Abraham, MD
More Info: www.aapiconvention.org | info@aapiusa.org



# മുഖ്യമന്ത്രി പിണറായി വിജയന് 80

ജോസ് കാടാപുറം

നിലപാടുകൾ കൊണ്ട് ഒരു സാമ്രാജ്യം തീർത്തു പിണറായി വിജയൻ ജനകീയനായി മാറിയത് വെറുതെയല്ല, നടന്നത് കനൽ വഴികൾ , മുള്ളു നിറഞ്ഞ പാതകൾ. അസാധാരണമായാ നിശ്ചയധാർഢ്യം കൊണ്ട് അവയെല്ലാം മറികടന്നു മുന്നേറി ..

നൂറ്റാണ്ടു കണ്ട ഏറ്റവും വലിയ പ്രളയത്തിലും ലോകമാകെ ഭീതി പടർത്തിയ കോവിഡ് പകർച്ച വ്യാധി വൈറസ് കാലത്തും കേരളീയരെ കൈപിടിച്ചുയർത്തിയ കൈകളാണ് പിണറായി വിജയൻ എന്ന ഭരണാധികാരിയുടേത്. കേരളത്തിലെ അതിദരിദ്രരെ കണ്ടെത്തി അവർക്കു താങ്ങായി തണലായി മാറി. വികസന നേട്ടത്തിൽ കേരളത്തെ ഒന്നാമതാക്കി.

വിദ്യാർത്ഥിയായിരിക്കെ, തോണിക്കൂലി വർദ്ധനവിനെതിരെ സമരം ചെയ്താണ് പൊതുരംഗത്തെത്തിയത്.

ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയ ശേഷം ഐക്യ കേരളം രൂപപ്പെടും മുമ്പ് തിരുവിതാംകൂറിലും കൊച്ചിയിലുമായി ഏതാനും പേർ പ്രധാനമന്ത്രിമാരും മുഖ്യമന്ത്രിമാരും ആയി ഇരുന്നിട്ടുണ്ട് .

(പറവൂർ ടികെ നാരായണപിള്ള , പട്ടം താണുപിള്ള, സി കേശവൻ, പനമ്പിള്ളി ഗോവിന്ദമേനോൻ, എ ജെ ജോൺ , ഇക്കണ്ട വാരിയർ തുടങ്ങിയവർ )

1957ൽ ഐക്യ കേരളം രൂപപ്പെട്ട ശേഷം ഇഎംഎസ് മുതൽ 12 മുഖ്യമന്ത്രിമാർ ഉണ്ടായിട്ടുണ്ട് . ഇവരിൽ ആദ്യമായി കാലാവധി പൂർത്തിയാക്കിയത് 1971 മുതൽ 77 വരെ മുഖ്യമന്ത്രി ആയിരുന്ന സി അച്യുതമേനോൻ ആണ്.

അഞ്ചുവർഷമാണ് ഒരു മന്ത്രിസഭയുടെ കാലാവധി എങ്കിലും നാലര വർഷം ഭരിച്ചു കഴിഞ്ഞാൽ കാലാവധി പൂർത്തിയായതായി കണക്കാക്കപ്പെടും .പിന്നീട് അങ്ങോട്ടുള്ള ആറുമാസം ഏത് സമയവും തെരഞ്ഞെടുപ്പ് നടത്താനുള്ള അധികാരം ഇലക്ഷൻ കമ്മീഷണർക്കാണ് .പക്ഷേ ഇലക്ഷൻ കമ്മീഷൻ ആ അധികാരം വിനിയോഗിക്കാറില്ല , അത്തരം ഒരു സന്ദർഭം അദ്ദേഹത്തിന് വരാറില്ല.

കഴിഞ്ഞ മുക്കാൽ നൂറ്റാണ്ട് കാലത്തെ കേരളക്കരയുടെ ചരിത്രത്തിൽ തുടർച്ചയായി രണ്ടുതവണ മുഖ്യമന്ത്രി ആവുകയും തുടർച്ചയായി 9 കൊല്ലം പൂർത്തിയാക്കുകയും ചെയ്തു പത്താം വർഷത്തിലേക്ക് മുന്നോട്ടുപോകുന്ന ആദ്യത്തെ മുഖ്യമന്ത്രിയാണ് ശ്രീ പിണറായി വിജയൻ. അദ്ദേഹം തെരഞ്ഞെടുപ്പിൽ ജയിച്ചത് അരലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തിനും.

മൂന്ന് നായനാർ സർക്കാറുകളും ഒരു വിഎസ് സർക്കാരും ഇതിനു മുമ്പ് എൽഡിഎഫിന് ഉണ്ടായിട്ടുണ്ട് . യുഡിഎഫ് മാറി എൽഡിഎഫ് വന്നു എന്നല്ലാതെ ഈ സർക്കാറുകൾ തമ്മിൽ വലിയ വ്യത്യാസം ഒന്നും ജനങ്ങൾക്ക് അനുഭവപ്പെടാറില്ലായിരുന്നു. എന്നാൽ 2016ൽ പിണറായി അധികാരത്തിൽ വന്നപ്പോൾ അതിനു മാറ്റം ഉണ്ടായി. ഏറ്റവും താഴെ പടിയിലുള്ളവരെ ആണ് ഈ സർക്കാർ ആദ്യമായി പരിഗണിച്ചത് .അവർക്കാണ് എന്നും മുൻഗണന നൽകിയത് .

ഉമ്മൻചാണ്ടി കുടിശ്ശികയാക്കി ഇട്ടേച്ചു പോയ ക്ഷേമ പെൻഷനുകൾ കൊടുത്തു തീർക്കുകയായിരുന്നു ആദ്യം ചെയ്ത കാര്യം .അന്ന് 32 ലക്ഷം പേർക്ക് ക്ഷേമ പെൻഷൻ നൽകിയിരുന്നപ്പോൾ ഇന്ന് 64 ലക്ഷം പേർക്ക് അത് കൊടുക്കുന്നു .അന്ന് 600 രൂപ പെൻഷൻ നൽകിയ സ്ഥാനത്ത് ഇന്ന് 1600 രൂപ കൊടുക്കുന്നു. അന്ന് നൽകിയതിലും എത്ര ഇരട്ടി ആണ് ഇന്ന് കൊടുക്കുന്നത് എന്ന് കണക്ക് കൂട്ടി നോക്കിയാൽ മനസ്സിലാകുന്നതാണ്.

അഞ്ചര ലക്ഷത്തോളം ഭവനരഹിതർക്ക് വീടുകൾ ലഭിച്ചു .പാവപ്പെട്ട ഭവനരഹിതരെ

കണ്ടെത്തി വീട് നൽകാനായി ലൈഫ് മിഷൻ എന്ന ഒരു പദ്ധതി തന്നെ തയ്യാറാക്കി. അതിൻറെ അടിസ്ഥാനത്തിലാണ് ഇത്രയേറെ കുടുംബങ്ങൾക്ക് വീടുകൾ ലഭിച്ചത് . ആ പദ്ധതി തുടരുകയും ആണ് .




കേരളത്തിൽ അനവധി പാലങ്ങളും റോഡുകളും പണിതു. പുതിയ കേരളം കണ്ടിട്ട് പലരും അത്ഭുതപ്പെടുകയാണ് . കേരളത്തിൽ വാഹനങ്ങൾ അനുദിനം പെരുകിക്കൊണ്ടിരിക്കുകയാണ് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ .

45 മീറ്റർ വീതിയിൽ റോഡ് ഉണ്ടാക്കാൻ കേരളത്തിൽ സാധിക്കില്ല എന്ന് ഉമ്മൻചാണ്ടി പറയുന്ന വീഡിയോ നമുക്ക് കാണാം. 45 മീറ്ററിൽ തന്നെ ഭൂമി ഏറ്റെടുത്തു കൊടുത്തു ഓഫീസ് പൂട്ടിപ്പോയ നാഷണൽ ഹൈവേ അതോറിറ്റിയെ തിരിച്ചുകൊണ്ടുവരാൻ പിണറായിക്ക് സാധിച്ചു.

അവരെ നിർബന്ധമായും മടക്കി കൊണ്ടുവന്നതുകൊണ്ട് അവർ ഒരു നിബന്ധന വെച്ചു കേരളത്തിൽ ഭൂമിക്ക് വില കൂടുതലാണ്. അതുകൊണ്ട് ഭൂമി വിലയുടെ 25% കേരളം വഹിക്കണം എന്ന്. എന്തായാലും ആറുവരിപ്പാത വന്നേ തീരൂ എന്ന ദൃഢനിശ്ചയത്തിൽ ആയിരുന്ന പിണറായി അതിനു സമ്മതിച്ചു. സമ്മതിക്കാതെ നിവൃത്തിയില്ലായിരുന്നു .അങ്ങനെ 5600 കോടി രൂപ കേരളം ഇതിനായി നൽകേണ്ടിവന്നു.

സംസ്ഥാനം ചെയ്യേണ്ട കാര്യം ഭൂമി ഏറ്റെടുത്തു കൊടുക്കുകയായിരുന്നു. അതും ചെയ്തു 5600 കോടി രൂപ അങ്ങോട്ട് നൽകുകയും കേരളം ചെയ്തു. അങ്ങനെയാണ് ഈ റോഡ് വരുന്നത് .

മരുന്നും ഡോക്ടർമാരും ഇല്ലാതെ രോഗാവസ്ഥയിൽ ആയിരുന്ന സർക്കാർ ആശുപത്രികളെ മാറ്റി മരുന്നും ഡോക്ടർമാരും ഉള്ള ആശുപത്രികളായി അവയെ മാറ്റി . അവയുടെ പ്രവർത്തനസമയവും കൂട്ടി . ലക്ഷക്കണക്കിന് രൂപ ചെലവ് വരുന്ന സർജ്ജറികൾ ഇന്ന് സർക്കാർ ആശുപത്രികളിൽ നടക്കുന്നു.

മാലിന്യ കേന്ദ്രങ്ങൾ ആയിരുന്ന ബ്രഹ്മപുരവും വിളപ്പിൽശാലയുമെല്ലാം കടങ്കഥകളായി .പാർവതി പുത്തനാറും മറ്റു നിലച്ചുപോയ ജലസ്രോതസ്സുകളുമെല്ലാം ഇന്ന് സ്വച്ഛന്ദമായി ഒഴുകുകയാണ് .



കെഎസ്ആർടിസി ജീവനക്കാർക്ക് മുപ്പതാം തിയ്യതി തന്നെ ഏപ്രിലിലെ ശമ്പളം കൊടുത്തുകഴിഞ്ഞു.


കേരളത്തിലെ അതിദരിദ്രരെ കണ്ടെത്തി അവരെയെല്ലാം നല്ല നിലയിലേക്ക് എത്തിക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണ്.ഉന്നത വിദ്യാഭ്യാസ രംഗത്ത് അന്തരാഷ്ട്ര നിലവാരമുള്ള സിലബസ് കേരളത്തിലെ സർവകലാശാലകളിൽ തുടങ്ങി കഴിഞ്ഞു 4 വർഷ ബിരുദ പഠനം ആരംഭിച്ചതോടെ നിലവാരം മെച്ചപ്പെട്ടു ..അങ്ങനെ തെരെഞ്ഞെടുപ്പ് പ്രകടന പത്രികയിലെ മുഴവൻ കാര്യങ്ങളും നടപ്പിക്കിയ സർകാറായി പിണറായി സർക്കാർ മാറി ..

അസാമാന്യ ഉൾക്കരുത്തും , ജനപക്ഷ രാഷ്ട്രീയവും , പറയുന്നവയിൽ ഉറച്ചു നിൽക്കാനുള്ള നിശ്ചയദാർഢ്യവും ഒരേ പോലെയുള്ള വ്യക്തി. ഏത് സങ്കീർണമായ പ്രശ്നവും ഞൊടിയിടയിൽ മനസ്സിലാക്കാനുള്ള കഴിവ് . പറയുന്നത് ചെയ്യും . പറ്റാത്തത് അപ്പോൾ തന്നെ പറ്റില്ലെന്ന് പറയും. വച്ചു നീട്ടുന്ന സ്വഭാവമേയില്ല . മിതഭാഷി. രാഷ്ട്രീയക്കാരുടെ പതിവ് സോപ്പിടലൊന്നും മൂപ്പർക്കില്ല. പിണറായിയെപ്പോലെ ഇത്രയേറെ അപനിർമിക്കപ്പെട്ട ഒരു വ്യക്തിയും കേരള രാഷ്ട്രീയത്തിലല്ല ഇന്ത്യൻ രാഷ്ട്രീയത്തിൽ തന്നെ വിരളമാണ് . മാധ്യമങ്ങൾ കൂടുതൽ കരുത്തരായതോടെ ആക്രമണവും ശത്തിപ്പെട്ടു. വളഞ്ഞിട്ട് അക്രമിച്ചപ്പോഴും പഴയതുപോലെ തലയുയർത്തി തന്നെ നടന്നു.

അധികാരത്തിലെത്തിയ ശേഷം നേരിടേണ്ടി വന്ന പ്രതിസന്ധികളും പരീക്ഷണങ്ങളുമാണ് അദ്ദേഹത്തിന്റെ കരുത്ത് ജനം തിരിച്ചറിയാൻ കാരണമായത് . ശരിയെന്ന് വിശ്വസിക്കുന്ന വിഷയങ്ങൾ പാതിയിൽ നിർത്തി ഒളിച്ചോടാനോ ഉപേക്ഷിക്കാനോ തയ്യാറായില്ല. അഭിപ്രായ ഭിന്നതകൾ സാകൂതം കേൾക്കും. എല്ലാം കഴിഞ്ഞ് തീരുമാനത്തിലെത്തിയാൽ അത് നടപ്പാക്കുന്നതിൽ അനിതരസാധാരണ മികവ് അദ്ദേഹത്തിനുണ്ട്. ഇതാണ് ഇതര രാഷ്ട്രീയക്കാരിൽ നിന്ന് പിണറായിയെ വ്യതിരിക്തനാക്കുന്നതും .ഏറ്റവും സ്നേഹിക്കുന്ന ബഹുനിക്കുന്ന പൊതു പ്രവർത്തകന് -

സ്നേഹോഷ്മളമായ ജന്മദിനാശംസകൾ


JOYFUL
HOME CARE
Caring for your loved ones with a joyful spirit
With the new changes in CDPAP, are you looking for a licensed Home Care Agency? Reach out to us
Joy Mekkatte
CEO
631-737-1000
SERVING SUFFOLK, NASSAU & QUEENS COUNTY
ഒരു മലയാളി സ്ഥാപനം
MAIN OFFICE:
1344 Middle Country Rd, Centereach, NY 11720
info@joyfulhomecare.com • www.joyfulhomecare.com
QUEENS OFFICE:
201-16 Hillside Ave, Hollis, NY 11423





# കുഞ്ഞുങ്ങളെ കൊല്ലാനുള്ളതല്ല



ഷുക്കൂർ ഉഗ്രപുരം

കഴിഞ്ഞ ദിവസങ്ങളിലായി നാം പത്രത്തിലൂടെ വായിക്കുന്ന വാർത്തകൾ ഒട്ടും ശുഭകരമല്ല.എന്തൊക്കെയാണ് നിത്യേന നമ്മുടെ സമൂഹത്തിനകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഒരു കുഞ്ഞിനെ അമ്മ പുഴയിലെറിഞ്ഞ് കൊന്നതിനുശേഷം അതേക്കുറിച്ച് എന്തെല്ലാം വാർത്തകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഇതുപോലുള്ള പ്രവർത്തനങ്ങൾക്ക് എന്തൊക്കെയാണ് കാരണമെന്ന് സാമൂഹിക ശാസ്ത്രത്തിൻറെ അടിസ്ഥാനത്തിൽ പഠനം നടത്തേണ്ടതായിട്ടുണ്ട്. വീട്ടുകാർ കുഞ്ഞിനെ നന്നായി സ്നേഹിക്കുകയും പരിചരിക്കുകയും ചെയ്യുന്നത് കണ്ടതിലെ അസൂയയാണ് ഒരു കാരണമെന്ന് ആദ്യം വാർത്ത വന്നിരുന്നു.

പിന്നീട് കുട്ടിയെ ദേഹോപദ്രവം ഏൽപ്പിക്കുകയും ലൈംഗിക ദുരുപയോഗം ചെയ്യുകയും ചെയ്ത വാർത്തയും പുറത്തുവന്നു. നമ്മുടെ സമൂഹം ഇപ്പോഴും ആൺകുട്ടികൾക്ക് മാത്രം പ്രാധാന്യം കൊടുത്ത് മക്കളെ വളർത്തുന്ന ഒരു സാഹചര്യത്തിൽ തന്നെയാണ് ഉള്ളത്. ലോകം മുഴുവൻ മാറിയിട്ടും നമ്മുടെ ഇന്ത്യൻ സമൂഹം ഇപ്പോഴും പഴകിപ്പുളിച്ച മനുഷ്യത്വ വിരുദ്ധമായ ഒട്ടനവധി അന്ധവിശ്വാസങ്ങളെ കൊണ്ട് നടക്കുന്ന സമൂഹമായി തുടരുകയാണ് ചെയ്യുന്നത്. പുരോഗമനക്കാർ എന്ന് പൊതുവേ പറയപ്പെടുന്ന കേരള സമൂഹം പോലും എത്രത്തോളം സ്ത്രീവിരുദ്ധമാണെന്നും ജന്മദ്യേശമൂര്യവ്യയിൽ അധിഷ്ഠിതമായി ജീവിക്കുന്നവരാണ് എന്നും ഇത്തരം സംഭവങ്ങളെ വിശകലനം ചെയ്യുമ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. യൂറോപ്പിൽ പോലും ഈ അടുത്ത കാലത്ത് മാത്രമാണ് സ്ത്രീകൾക്ക് വോട്ടവകാശം പോലും നൽകിയത്. സ്ത്രീകൾക്ക് ആത്മാവുണ്ടോ ഇല്ലയോ എന്നതായിരുന്നു ഈ അടുത്ത കാലം വരെ അവിടുത്തെ പ്രധാന ചർച്ച. ലോകത്ത് മിക്കവാറും സമൂഹങ്ങളിൽ നാളിതുവരെയായി സ്ത്രീ സൗഹൃദ നിലവിൽ വന്നിട്ടില്ല. സ്ത്രീയും മനുഷ്യസമൂഹത്തിന്റെ ഭാഗമാണെന്നും അവർക്കും അവകാശങ്ങൾ ഉണ്ടെന്നും സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന് പുരുഷനും അംഗീകരിക്കുന്ന ഒരു ലോകത്തിനു മാത്രമേ കൃത്യമായ രീതിയിൽ അവരുടെ അവകാശങ്ങൾ വകവെച്ച് നൽകാനാകൂ.

ആ പെൺകുഞ്ഞിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് രണ്ട് സ്ത്രീകൾ എഴുതിയ അവരുടെ കാഴ്ചപ്പാടുകൾ വായിക്കേണ്ടതാണ്. അവ താഴെ നൽകുന്നു.

‘ചിലർ എത്ര അശ്രദ്ധയോടെയാണ് സ്വന്തം പെൺകുഞ്ഞുങ്ങളെ വളർത്തുന്നത്.

പ്രത്യേകിച്ചും ചോരമണക്കുന്ന ചെന്നായ്ക്കൾ തൊട്ടടുത്തുണ്ടെന്ന യാഥാർഥ്യം അറിഞ്ഞിട്ടും!

എത്രയോ ക്രൂരമായ ദുരനുഭവങ്ങൾ കൺമുന്നിൽ കണ്ടിട്ടും അറിഞ്ഞിട്ടും എന്തുകൊണ്ടാണ് പെൺകുഞ്ഞുങ്ങളുടെ മേൽ ചില മാതാപിതാക്കൾ ജാഗരൂകരാകാത്തത് എന്നത് അതിശയപ്പെടുത്തുന്നു.

രണ്ടു മക്കളിൽ ഒരെണ്ണം അതിക്രൂരമായ അവസ്ഥയിൽ കൺമുന്നിൽ തൂങ്ങിയാടുന്നതു കണ്ടിട്ടും ,രണ്ടാമത്തെതിനേയും അതേ അരക്ഷിതാവസ്ഥയിൽ തനിച്ചു വിട്ട് തൊഴിലിടം തേടിപ്പോയ അമ്മയും , പാൽമണം മാറാത്ത പൈതലിനെ കടൽഭിത്തിയിൽ അടിച്ചു കൊന്ന അമ്മയും , കാമുകനുവേണ്ടി സ്വന്തം കുഞ്ഞിനെ തലക്കടിച്ചു കൊല്ലാൻ കൂട്ടുനിന്ന അമ്മയുമൊക്കെ നമുക്കിടയിൽ ഉണ്ടായിരുന്നപ്പോഴും ഒറ്റക്കയ്യനാൽ പിച്ചിച്ചീന്തപ്പെട്ട ഒരേയൊരു മകളുടെ വിയോഗത്തിൽ വർഷങ്ങൾക്കിപ്പുറം ഇന്നും ആ മുഖത്തൊരു ചിരിപോലും വരാത്ത ഒരമ്മയും നമുക്ക് മുന്നിൽത്തന്നെയുണ്ട്.

**ചെറിയച്ഛൻ എന്ന കാമപ്പിശാച്. പലതവണ കൊത്തിവലിച്ചിട്ടും അമ്മ അറിഞ്ഞില്ലെന്നോ? അതോ അറിഞ്ഞപ്പോൾ മകളെ അയാൾക്കിട്ടു കൊടുക്കാതെ കൊന്നതാണോ? പിഞ്ചുകുഞ്ഞുങ്ങൾക്ക് പോലും എവിടെയാണ് സുരക്ഷിതത്വം ഉള്ളത്? എന്ത് വിശ്വസിച്ചാണ് നമ്മൾ കുഞ്ഞുങ്ങളെ വളർത്തുന്നത്? ഏറ്റവുമടുത്ത ബന്ധുക്കളിൽ നിന്നുപോലും എന്തെങ്കിലും തരത്തിലുള്ള അമിതലാളാന ശ്രദ്ധയിൽപ്പെട്ടാൽ രക്ഷിതാക്കൾ ; ഒരു അമ്മ പ്രത്യേകിച്ചും ശ്രദ്ധിക്കേണ്ടതാണ്. മക്കളുടെ മാറ്റങ്ങളും നോവുകളും ഒരമ്മയോളം തിരിച്ചറിയുന്നവർ ആരുണ്ട്? ഒരുപക്ഷേ എല്ലാം അറിഞ്ഞു മനസ്സു മടുത്തു കുട്ടിയെ കൊന്നതാവാം. ഈ കഴുകന്മാർക്കിടയിൽ നിന്നും ആരുമില്ലാത്ത ലോകത്തേക്ക് അവളെ വലിച്ചെറിഞ്ഞതാവാം.**



പ്രസവിച്ചു വളർത്തി മൂന്ന് നേരം ഭക്ഷണവും കൊടുത്താൽ മാതാപിതാക്കളുടെ കടമ കഴിഞ്ഞുവെന്നാണൊ ചിലരെങ്കിലും കരുതുന്നത്?

മാതൃത്വമെന്നത് വെറുമൊരു വീൺവാക്കായ് മാത്രം മാറുന്നുണ്ടൊ ?

കുഞ്ഞുങ്ങൾ മരണപ്പെട്ടു കഴിയുമ്പോൾ കിട്ടുന്ന ആനുകൂല്യങ്ങൾ ആരെയെങ്കിലും പ്രലോഭിപ്പിക്കുന്നുണ്ടൊ ?

സ്വന്തം ചിറകിനടിയിൽ നിന്നും പെൺകുഞ്ഞുങ്ങളെ റാഞ്ചുന്ന കഴുകൻമാരിൽ നിന്നും എന്തുകൊണ്ടാണ് ഒരമ്മയ്ക്ക് തൻറെ മക്കളെ സംരക്ഷിക്കാൻ കഴിയാതെ പോകുന്നത്. ?

സാഹചര്യങ്ങളെന്നൊരു കാരണം നിരത്തിയാൽ മാതാപിതാക്കളെന്ന സ്ഥാനത്തിനും, മാതൃത്വമെന്ന വികാരത്തിനും എന്തു പ്രസക്തിയാണുള്ളത് ?

ഇന്ന് ബലാൽസംഗത്തിന് പ്രായപരിധിയില്ലാത്ത വിധം സമൂഹം അരാജകമായിരിക്കുന്നു എന്ന സത്യമറിഞ്ഞിട്ടും മക്കളെ അരക്ഷിതാവസ്ഥയിൽ വളർത്തുകയും ,

എന്തെങ്കിലും സംഭവിച്ചു കഴിയുമ്പോൾ നിയമപാലകരെ കുറ്റം പറയുകയും അന്വേഷണോദ്യോഗസ്ഥരുടെ കഴിവുകേടെന്ന് മുദ്ര കുത്തുകയും ഭരിക്കുന്നവരുടെ പിടിപ്പുകേടെന്ന് വിലയിരുത്തുകയും ചെയ്താൽ പ്രശ്നം തീരുമൊ?

ആരാണിവിടെ തെറ്റുകാർ. ?

സ്വന്തം കുഞ്ഞുങ്ങളെ അശ്രദ്ധമായി വളർത്തുന്ന മാതാപിതാക്കൾ തന്നെയാണ് ആദ്യ തെറ്റുകാരെന്ന് ഉറപ്പിച്ചു പറയേണ്ടി വരും!

വ്യക്തി സ്വാതന്ത്ര്യത്തിൻറേയും , പുരോഗമന അവകാശങ്ങളുടെയും പേരിൽ ഏത് പാതിരാത്രിയിലും എവിടെയും തനിച്ച് യാത്ര ചെയ്യാൻ നമ്മുടെ മക്കളെ അഭിമാനത്തോടെ വിടുമ്പോഴായാലും , മാതാപിതാക്കളുടെ നടുവിൽ കിടത്തിയുറക്കുമ്പോൾ ആയാലും അവർക്ക് പരിപൂർണ്ണ സുരക്ഷകൂടി ഉറപ്പാക്കേണ്ടത് ആദ്യം മാതാപിതാക്കൾ തന്നെയാണ്.

കാരണം ഇന്ന് കാമവെറിക്ക് എഴുപതെന്നോ, ഏഴെന്നൊ, ഏഴ് മാസമെന്നൊ പോലും വ്യത്യാസമില്ലെന്നിരിക്കെ നമ്മുടെ മക്കളുടെ ജീവനും ജീവിതവും നമുക്ക് ഏറ്റവും വിലപ്പെട്ടതാണെന്ന ബോധ്യം ഉണ്ടായിരിക്കുക തന്നെ വേണം.

അതിനാൽ അവർക്ക് ആദ്യം സംരക്ഷണമൊരുക്കേണ്ട ബാധ്യതയും കടമയും ഉത്തരവാദിത്വവും നമുക്ക് തന്നെയാണ്'.

ചെറിയച്ഛൻ എന്ന കാമപ്പിശാച്. പലതവണ കൊത്തിവലിച്ചിട്ടും അമ്മ അറിഞ്ഞില്ലെന്നോ? അതോ അറിഞ്ഞപ്പോൾ മകളെ അയാൾക്കിട്ടു കൊടുക്കാതെ കൊന്നതാണോ? പിഞ്ചുകുഞ്ഞുങ്ങൾക്ക് പോലും എവിടെയാണ് സുരക്ഷിതത്വം ഉള്ളത്? എന്ത് വിശ്വസിച്ചാണ് നമ്മൾ കുഞ്ഞുങ്ങളെ വളർത്തുന്നത്? ഏറ്റവുമടുത്ത ബന്ധുക്കളിൽ നിന്നുപോലും എന്തെങ്കിലും തരത്തിലുള്ള അമിതലാളാന ശ്രദ്ധയിൽപ്പെട്ടാൽ രക്ഷിതാക്കൾ ; ഒരു അമ്മ പ്രത്യേകിച്ചും ശ്രദ്ധിക്കേണ്ടതാണ്. മക്കളുടെ മാറ്റങ്ങളും നോവുകളും ഒരമ്മയോളം തിരിച്ചറിയുന്നവർ ആരുണ്ട്? ഒരുപക്ഷേ എല്ലാം അറിഞ്ഞു മനസ്സു മടുത്തു കുട്ടിയെ കൊന്നതാവാം. ഈ കഴുകന്മാർക്കിടയിൽ നിന്നും ആരുമില്ലാത്ത ലോകത്തേക്ക് അവളെ വലിച്ചെറിഞ്ഞതാവാം.

അമ്മയെ ന്യായീകരിക്കുകയല്ല. അമ്മ ഒരു യക്ഷി തന്നെയാണ്. എന്തൊക്കെ ആയാലും സ്വന്തം മകളെയും എടുത്ത് അവൾക്ക് എങ്ങോട്ടെങ്കിലും രക്ഷപ്പെടാമായിരുന്നു. അതിനു നിൽക്കാതെ അവൾ കുഞ്ഞിനെ കൊന്ന് കൂസലില്ലാതെ ഇരിക്കുന്നു. അവൾ ഇനി എങ്ങനെ ഈ സമൂഹത്തിൽ ജീവിക്കും. ശിഷ്ടകാലം ജയിലിൽ കഴിയാനോ? എന്തായാലും ചെറിയച്ഛൻ ഇത്ര മഹാ ദുഷ്ടൻ ആണെന്ന് അറിഞ്ഞില്ലല്ലോ. മകൾ മരിച്ച ദിവസം പോലും ഏട്ടന്റെ തോളിൽ ചാഞ്ഞും ചരിഞ്ഞും കിടന്നും അഭിനയിച്ച കരയുന്ന അഭിനയ സിംഗം. എങ്ങനെ കഴിഞ്ഞു കൊച്ചു കുഞ്ഞുങ്ങളുടെ അവയവങ്ങളിൽ തന്റെ കാമഭ്രാന്ത് തീർക്കാൻ. എത്ര തെരുവുകൾ വേശ്യപ്പെണ്ണുങ്ങളുമായി കാത്തിരിക്കുന്നുണ്ട്. അവിടെ പോയി കാമം തീർക്കാമായിരുന്നില്ലേ ആ നരാധമന്. ഇവിടെയും അമ്മയെ കുറ്റപ്പെടുത്തി ആളുകൾ പലരും ചെറിയച്ഛന്റെ കാമലീലകളെയും പീഡനങ്ങളെയും 'അടുത്തിടപഴകുക ' എന്ന സോഫ്റ്റ് തലോടലിലേക്ക് മാറ്റിനിർത്തുകയാണ്!

അമ്മയോളം അല്ലെങ്കിൽ അമ്മയെക്കാൾ കടുത്ത ശിക്ഷയ്ക്ക് അർഹനാണ് ആ ചെറിയച്ഛനും.

സാമൂഹിക ശാസ്ത്രജ്ഞർ ഇത്തരം വിഷയങ്ങൾ കണ്ണ് തുറന്ന് നിരീക്ഷണ വിധേയമാക്കി പരിഹാരം നിർദ്ദേശിക്കേണ്ടത് ആയിട്ടുണ്ട്. എങ്കിൽ മാത്രമേ ഒരു ഉത്തമ സമൂഹത്തെ നമുക്ക് ഇവിടെ നിലനിർത്താൻ സാദിക്കൂ.



# മരവിച്ചു പോകുന്ന മനുഷ്യത്വം



**ജ്യോതിലക്ഷ്മി നമ്പ്യാർ**
**മുംബൈ**

നടുക്കമുണ്ടാക്കുന്ന സംഭവങ്ങൾക്കെല്ലാം പിന്നിൽ വിചിത്രമായ പല കാരണങ്ങൾ കണ്ടെത്താൻ കഴിയും. പക്ഷെ മാധ്യമങ്ങൾ പൊതുജനങ്ങൾക്ക് മുന്നിൽ നിരത്തുന്ന ചൂട് വാർത്തകൾ മാത്രമേ അവർ തൊട്ടറിയാറുള്ളൂ. അതിനുശേഷം ആ സംഭവത്തിനു പിന്നിലുള്ള യാർഥാർഥ്യങ്ങൾ പലപ്പോഴും ആ വാർത്തയുടെ മുഖചരായ മാറ്റിമറക്കാറുണ്ട്.

മൂന്നര വയസ്സുമാത്രം പ്രായമുള്ള കുഞ്ഞിനെ സ്വന്തം മാതാവ് പുഴയിലെറിഞ്ഞു മരണപ്പെടുത്തിയ സംഭവത്തിന്റെ ഞെട്ടലോടെയാണ് കുറച്ചു ദിവസങ്ങൾ മുൻപ് കേരളം ഉണർന്നത്. ഈ സംഭവത്തിന് പുറകിലും പെൺകുഞ്ഞിന്റെ പിതാവിന്റെ ബന്ധുവായ ഒരു പുരുഷന്റെ മൃഗീയമായ ചേഷ്ടകൾ പതിയിരിക്കുന്നുവെന്നറിഞ്ഞപ്പോൾ സംമൂഹം എത്തിനിൽക്കുന്നത് വിഭാവന ചെയ്യാൻ പോലും കഴിയാത്ത ദുരവസ്ഥയിലാണെന്നറിഞ്ഞു ജനം നടുങ്ങിപ്പോയി.

കുഞ്ഞിക്കാലുകൾ പിച്ചവെച്ച് നടക്കാൻ പഠിക്കുന്ന, ചിരിയും കളിയും പൊട്ടിവിരിയുന്ന വീട്ടുമുറ്റത്തുതന്നെ ജീവനെടുക്കാൻ സാധ്യതയുള്ള ചതിക്കുഴികൾ പണിതീർക്കപ്പെടുമ്പോൾ നമ്മുടെ വളർന്നുവരുന്ന പിഞ്ചോമനകൾ അരക്ഷിതരാകുന്നു. ജീവൻ പകുത്തുനൽകിയ മാതാവുതന്നെ ജീവനെടുക്കുന്ന രക്തരക്ഷസ്സിലേക്ക് ഭാവപ്പകർച്ച നടത്തുമ്പോൾ ഈ കുഞ്ഞിക്കിളികൾ ഏതു ചിറകിനടിയിൽ അഭയം പ്രാപിക്കും? മനുഷ്യത്വം എന്തെന്നുമറന്ന ഒരുകൂട്ടം മനുഷ്യർ അവരുടെ താണ്ഡവങ്ങൾക്ക് പിഞ്ചുകുഞ്ഞുങ്ങളെപ്പോലും ഇരയാക്കുന്നു എന്നത് ഇന്നത്തെ സമൂഹം കൈവരിച്ച വളരെ അധഃപതിച്ച സംസ്കാരത്തിന്റെ പ്രതിഫലനമാണ്.

ലൈംഗിക അവയവങ്ങൾ എന്തെന്നുപോലും തിരിച്ചറിവാകാത്ത ഒരു പിഞ്ചുകുഞ്ഞിനോട് ഇത്രയും ക്രൂരമായി ഒരു പുരുഷൻ പെരുമാറുന്നുവെങ്കിൽ പവിത്രമായ സ്ത്രീ -പുരുഷ സങ്കൽപ്പങ്ങളുടെ പളുങ്കുപാത്രം നമ്മുടെ സമൂഹത്തിൽ എത്രമാത്രം ഉടഞ്ഞു തരിപ്പണമായിരിക്കുന്നു എന്ന് അനുമാനിക്കാം. പച്ചയായ ഹൃദയമുള്ള ഒരു പുരുഷന് ഇത്രയും ക്രൂരമായി ഒരു കുഞ്ഞു മുകുളത്തെ ചവിട്ടിയരക്കാൻ കഴിയില്ല. ഇത്തരം പ്രവർത്തിചെയ്യുന്നവർ തീർത്തും മാനസിക വൈകല്യമുള്ളവരാണ്. ഇത്തരം മാനസിക വിഭ്രാന്തി അനുഭവിക്കുന്ന പുരുഷവിഭാഗം പിഞ്ചോമനകളോടെന്നു മാത്രമല്ല സ്ത്രീ വർഗ്ഗത്തിനുതന്നെ നിരന്തരം തലവേദനകളായി മാറാറുണ്ട്. അവരുടെ മാനസിക പിരിമുറുക്കങ്ങൾ നേരിട്ടോ, സാമൂഹിക മാധ്യമങ്ങളിലൂടെയോ തൊടുത്തുവിട്ട് സ്വയം ഇവർ നിർവൃതികൊള്ളുന്നു. അവരുടെ മനസ്സിന്റെ വൈകല്യത്തെ അവർ ഒരിക്കലും അംഗീകരിക്കാറില്ല. ഒരുപക്ഷെ ശാരീരിക സംതൃപ്തി എന്നതിലുപരി ലൈംഗികചിന്തകളോടുള്ള ആസക്തി അതിന്റെ കൊടുമുടികൾ കയറുമ്പോൾ മനസ്സിന്റെ പിരിമുറുക്കങ്ങൾ കൂടുന്നു. അവർക്കു മുന്നിൽ വീണുകിട്ടുന്ന ഇരയുടെ ശാരീരിക വളർച്ചയോ വയസ്സോ ഒന്നും ഒരു വിഷയമാകുന്നില്ല. കാരണം അവർ മുന്നോക്കം നൽകുന്നത് ശാരീരികമായ സംതൃപ്തിയേക്കാൾ മാനസികമായ നിർവൃതിക്ക് മാത്രമാണ്. അവിടെ സ്ത്രീ എന്ന ആസ്വാദനവസ്തു എന്നതിലുപരി 'അമ്മ, മകൾ, അന്യസ്ത്രീ, സഹോദരി ,

സുഹൃത്ത് എന്നീ മാനദണ്ഡങ്ങളിലൊടെയൊന്നും അളക്കാൻ അവർക്ക് കഴിയാറില്ല. ഇത്തരക്കാർ തീർച്ചയായും സമൂഹദ്രോഹികൾ തന്നെയാണ്. പലപ്പോഴും ഇവർ മുഖംമൂടി ധരിച്ച് നാട്ടിലും സോഷ്യൽ മീഡിയ സൈറ്റുകളിലും പതിയിരിപ്പുണ്ട്. കുഞ്ഞിനെ ഒരു വർഷത്തോളം പീഡിപ്പിച്ചിട്ട്, അവൾ മരിച്ചപ്പോൾ മുതലക്കണ്ണീര് പൊഴിച്ചിരുന്ന അയാളുടെ ചിത്രം ഇപ്പോൾ പ്രചരിക്കുന്നത് നാം കണ്ടു.

ഒരുപക്ഷെ ഈ സംഭവത്തിനും കാരണമായത് മേൽപ്പറഞ്ഞ മാനസികാവസ്ഥതന്നെയാകും. മറ്റൊരു കാരണം, ഒരുപക്ഷെ ആ വ്യക്തിക്ക് കുഞ്ഞിന്റെ കുടുംബത്തോടുള്ള തീർത്താൽ തീരാത്ത വൈരാഗ്യമാകാം. വൈരാഗ്യബുദ്ധിയിൽ നിന്നും ഉരുത്തിരിയുന്ന ചിന്തകൾ പൈശാചികത കൈവരിച്ചതിന്റെ ഫലമാകാം ഈ ക്രൂരത. ഒരു പിഞ്ചുകുഞ്ഞിന്റെ ശരീരത്തിൽ താണ്ഡവമാടുമ്പോൾ ആ മുകുളത്തിന്റെ ഭയമോ വേദനയോ ഒന്നുമാകില്ല അയാൾക്ക് കാണാൻ കഴിയുന്നത്. മറിച്ച് കുഞ്ഞിന്റെ മാതാപിതാക്കളോടുള്ള വിദ്വേഷമാകാം മുന്നിൽ കണ്ടത്. ഇന്ന് സമൂഹം നേരിടുന്ന ലൈംഗിക അരാജകത്വം വലിയ അളവിൽ ഇതിനു പിന്നിൽ പ്രവർത്തിക്കുന്നുണ്ട്.

ജന്മം നൽകിയ മാതാവുതന്നെ പിഞ്ചോമനയുടെ ഘാതകിയായി അവതരിക്കുകയും അതോടനുബന്ധിച്ച അന്വേഷണങ്ങളിൽ കുഞ്ഞിനെ നിരന്തരമായി പീഡിപ്പിച്ച പിതാവിന്റെ ബന്ധുവിനെ അറസ്റ്റുചെയ്യുകയും ചെയ്തപ്പോൾ ഈ രണ്ടു അനിശ്ചിത സംഭവങ്ങളും പരസ്പരം പൂരകങ്ങളാകുന്നു. സ്വന്തം കുഞ്ഞിനെ ബന്ധു പീഡിപ്പിച്ചുവെന്നറിയുമ്പോൾ ഒരമ്മയുടെ പ്രതികരണം ആ കുഞ്ഞിനെ ഭൂമിയിൽ നിന്നും അപ്രത്യക്ഷമാക്കുക എന്നായിരിക്കും എന്നത് അനുമാനിക്കാവുന്നതിലും അപ്പുറത്താണ്. ഒരു സാധാരണ മാതാവിന്റെ മാനസികാവസ്ഥയിൽ അവർ ഉന്മൂലനം ചെയ്യാൻ ആഗ്രഹിക്കുന്നത് തന്റെ കുഞ്ഞിന്റെ ഈ അവസ്ഥക്ക് കാരണമായയവനെത്തന്നെയാകും. അപ്പോൾ പൊന്നോമനയുടെ ജീവനെടുക്കാൻ 'അമ്മ തീരുമാനിച്ചത് എന്തുകൊണ്ടാകാം എന്ന ചോദ്യം അവശേഷിക്കുന്നു. ബന്ധുവിനാൽ ഒരുപാട് തവണ പീഡിപ്പിക്കപ്പെട്ട കുട്ടി ഇനി ജീവിച്ചിരിക്കേണ്ട എന്ന് പെറ്റമ്മ ചിന്തിച്ചുകാണും. അതല്ലെങ്കിൽ ഇനി ഒരിക്കലും ആ പിഞ്ചുകുഞ്ഞ് അത്തരം ഒരു യാതന അനുഭവിക്കരുത് എന്ന് ചിന്തിച്ചുകാണാം. മാനുഷിക സ്വഭാവത്തെ മുൻ നിർത്തികൊണ്ട് ചിന്തിക്കുകയാണെങ്കിൽ ബന്ധുവിനാൽ കുഞ്ഞ് പീഡിപ്പിക്കപ്പെടുമ്പോൾ പ്രതികരിക്കാൻ കഴിയാത്ത ഏതോ ഒരു സാഹചര്യത്തെ ആ 'അമ്മ അഭിമുഖീകരിക്കുന്നു അല്ലെങ്കിൽ ആ സാഹചര്യത്തിൽ പങ്കാളിത്തം വഹിക്കുന്നു എന്നതും കാരണമാകാം. എന്തായിരുന്നാലും ആ അമ്മയുടെ തീരുമാനം ശരിയാണെന്നുവെയ്ക്കാൻ കഴിയില്ല. ഈ സംഭവത്തിൽ നിർവചിക്കാനാകാത്ത ഒരു അസ്വാഭാവികത നിഴലിക്കുന്നു. കാരണം ആ നിരപരാധിയായ പിഞ്ചുകുഞ്ഞല്ല, നിരന്തരമായി തെറ്റുചെയ്യുന്ന മനുഷ്യനാണ് ശിക്ഷ അർഹിക്കുന്നത്. ആ മനുഷ്യൻ ചെയ്യുന്ന പ്രവൃത്തികൾ മനസ്സിലായ 'അമ്മ അതില്നിന്നും കുഞ്ഞിനെ രക്ഷപ്പെടുത്തുവാനും, നിയമത്തിനുമുന്നിൽ അയാൾക്കെതിരെ വിരൽ ചൂണ്ടുന്നതിനുമാണ് ശക്തിയാർജ്ജിക്കേണ്ടിയിരുന്നത്.. സ്വന്തം രക്തത്തിന്ന് വിലകല്പിക്കുന്ന ഒരു അമ്മയ്ക്കും സ്വന്തം കുഞ്ഞിന്റെ ജീവനെടുക്കാൻ കഴിയില്ല. സാഹചര്യങ്ങൾ എന്തുതന്നെയായിരുന്നാലും സമൂഹത്തിൽ അനുഭവിക്കുന്നതും, അശരണരാകുന്നതും നിഷ്കളങ്കരായ കുഞ്ഞുങ്ങളാണെന്നുള്ളതാണ് അടിവരയിട്ട് ശ്രദ്ധയിൽപ്പെടുത്തുന്നത്.

പോക്സോ പോലുള്ള കുഞ്ഞുങ്ങളെ സംരക്ഷിക്കുവാനുള്ള നിയവവ്യവസ്ഥകൾ നിലനിൽക്കുമ്പോൾ എന്തുകൊണ്ട് 'അമ്മ അതിനായി മുതിർന്നില്ല എന്ന ദുരൂഹമായ സാഹചര്യത്തിലെ യാഥാർഥ്യത്തിന്റെ ചുരുളഴിയുമ്പോൾ ഇനിയും മനുഷ്യത്വത്തെ മരവിപ്പിക്കുന്നതല്ലായിരിക്കില്ല എന്ന് അനുമാനിക്കാം.



# ഡാളസ്സിൽ സംഘടിപ്പിക്കുന്ന ദേശീയ വടംവലി മാമാങ്കത്തിന്റെ കിക്കോഫ് ഉജ്വലമായി



പി പി ചെറിയാൻ


ഡാലസ്: ഡാളസ്സിൽ സംഘടിപ്പിക്കുന്ന ദേശീയ വടംവലി മാമാങ്കത്തിന്റെ കിക്കോഫ് വൈകുന്നേരം 7 മണിക്ക് ഡാളസ് കേരള അസോസിയേഷനിൽ വെച്ച് നടത്തപ്പെട്ടു.കേരള അസോസിയേഷൻ ഓഫ് ഡാലസ് ,ഇന്ത്യ കൾച്ചറൽ എജുക്കേഷൻ സെൻറർ സംയുക്തമായിട്ടാണ് ദേശീയ വടംവലി മത്സരം സംഘടിപ്പിക്കുന്നത്.

ദേശീയ വടംവലി മത്സരത്തിന്റെ കിക്കോഫ് പ്രശസ്ത സിനിമാ താരം ദിലീഷ് പോത്തൻ നിർവഹിച്ചു .മത്സരത്തിന് എല്ലാ ആശംസകളും ദിലീഷ് നേർന്നു

ഗാർലൻഡ് ബെൽറ്റ് ലൈനിലുള്ള കേരള അസോസിയേഷൻ കോൺഫറൻസ് ഹാളിൽ ആണ് കിക്കോഫ് സമ്മേളനം സംഘടിപ്പിച്ചത് പ്രസിഡൻറ് പ്രദീപ് നാഗനൂലിൽ അധ്യക്ഷതവഹിച്ചു.1976 ആരംഭിച്ച കേരള അസോസിയേഷൻ രണ്ടാമത്തെ തവണയാണ് ഒരു നാഷണൽ വടംവലി മത്സരം സംഘടിപ്പിക്കുന്നത്. ജൂൺ 24 തീയതി രാവിലെ 9 മണി മുതൽ വൈകുന്നേരം 7 മണി വരെയാണ് ആവേശകരമായ മത്സരം നടക്കുകയെന്നു പ്രസിഡന്റ്) പറഞ്ഞു.ഗാർലൻഡ് സെൻറ് തോമസ് സീറോ മലബാർ ചർച്ച് പാർക്കിംഗ് ലോട്ടിലാണ് വടംവലി മത്സരത്തിന് അരങ്ങൊരുങ്ങുന്നത്. പുരുഷന്മാരുടെയും വനിതകളുടെയും ടീമുകളുമാണ് മാറ്റുരയ്ക്കുന്നത് ന്യൂയോർക്ക് ചിക്കാഗോ തുടങ്ങി മറ്റു പല സ്റ്റേറ്റുകളിൽ നിന്നുള്ള ടീമുകൾ ആവേശകരമായ മത്സരത്തിൽ പങ്കുകൊള്ളുമെന്നും അധ്യക്ഷ പ്രസംഗത്തിൽ പ്രദീപ് നാഗനൂലിൽ (പ്രസിഡന്റ്) പറഞ്ഞു

ചടങ്ങിൽ മെമ്പർഷിപ്പ് ഡയറക്ടർ വിനോദ് ജോർജ്,ആർട് ഡയറക്ടർ സ്ബി ഫിലിപ്പ് ,ടോമി നെല്ലുവേലിൽ ,റ്റിജോ ,മെഗാ സ്പോൺസർ രാജൻ ചിറ്റാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു പ്രസിഡൻറ് പ്രദീപ് നാഗനൂലിൽ ,സെക്രട്ടറി മൻജിത് കൈനിക്കര ,ട്രഷറർ ദീപക് നായർ ,കേരള അസോസിയേഷൻ ,ട്രസ്റ്റി ബോർഡ് കമ്മിറ്റി അംഗങ്ങളും ഉൾപ്പെടുന്ന വിപുലമായ ഒരു കമ്മിറ്റിയാണ് വടംവലി മത്സരത്തിൻറെ ചുക്കാൻ പിടിക്കുന്നത്. ചെണ്ടമേളവും ബൈക്ക് റാലിയും ഫുഡ് കോർട്ടുകളും കലാപരിപാടികളും ചേർന്നുള്ള ഒരു മുഴുനീള മാമാങ്കമാണ് അരങ്ങേറുന്നത് .മത്സര വിജയികൾക്ക് ഒന്നാം സമ്മാനമായി 3000 ഡോളറും രണ്ടാം സമ്മാനമായി 2000 ഡോളറും മൂന്നാം സമ്മാനമായി 1000 ഡോളറും നാലാം സമ്മാനമായി 500 ഡോളറും ലഭിക്കും




MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 36-38 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com

# ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ സീറോ മലബാർ സഭാധ്യക്ഷൻ മാർ റാഫേൽ തട്ടിലിന് സ്വീകരണം മെയ് 29 വ്യാഴാഴ്ച്ച വൈകിട്ട്




**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോയിലെ രണ്ടാമത്തെ ഇടവകയും പ്രവാസി ക്നാനായ സമൂഹത്തിലെ ഏറ്റവും വലിയ ഇടവകയുമായ ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പതിനഞ്ചാമത് വാർഷികാഘോഷങ്ങളിൽ പങ്കെടുക്കുവാൻ എത്തുന്ന സീറോ മലബാർ സഭാധ്യക്ഷൻ മേജർ ആർച്ച് ബിഷപ്പ് റാഫേൽ തട്ടിലിന് ഇടവകയിൽ സ്വീകരണം ഒരുക്കുന്നു. മെയ് 29 വ്യാഴാഴ്ച്ച വൈകിട്ട് 6 മണിക്കാണ് കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട്, ചിക്കാഗോ സീറോ മലബാർ രൂപതാധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് എന്നിവരോടൊപ്പം എത്തുന്ന പിതാവിന് സ്വീകരണം ഒരുക്കുന്നത്. ഇടവകയുടെ പതിനഞ്ചാമത് വാർഷികാഘോഷങ്ങളുടെ ഭാഗമായി നടത്തപെടുന്ന ആഘോഷമായ പൊന്തിഫിക്കൽ കുർബ്ബാനയിൽ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ മുഖ്യ കാർമികത്വം വഹിക്കും. മാർ മാത്യു മൂലക്കാട്ട്, മാർ ജോയി ആലപ്പാട്ട് എന്നിവരോടൊപ്പം ക്നാനായ റീജിയൻ ഡയറക്ടർ മോൺസിഞ്ഞോർ തോമസ് മുളവനാൽ, ഇടവകയുടെ സ്ഥാപക വികാരി ഫാ. എബ്രഹാം മുത്തോലത്ത് എന്നിവർ സഹകാർമ്മികരായിരിക്കും. ആഘോഷങ്ങളുടെ ഭാഗമായി ഇടവകയ്ക്ക് പതിനഞ്ച് വവർഷങ്ങളായി കൈക്കാരൻമാരായും, ഗാരന്റേഴ്സ് ആയും നേതൃത്വം നൽകിയ അല്മായരെയും ഈ വർഷം ഗ്രാജുവേറ്റ് ചെയ്ത യുവതീ യുവാക്കളെയും ആദരിക്കും. സ്നേഹവിരുന്നോടെയായിരിക്കും പരിപാടികൾ സമാപിക്കുക.

2010 ജൂലൈ മാസത്തിൽ കൂദാശചെയ്യപ്പെട്ട സെന്റ് മേരീസ് ഇടവക ദൈവാലയം പതിനഞ്ചുവർഷങ്ങൾ പൂർത്തിയാക്കുമ്പോൾ ഇടവകയുടെ നാൾ വഴികളെയും ഇടവകയ്ക്ക് വേണ്ടി അഹോരാത്രം അധ്വാനിച്ചവരെയും പ്രാർത്ഥനയോടെ സ്മരിക്കുക എന്നത് ഇടവകയുടെ പൊതുവായ ഉത്തരവാദിത്വം ആണ് എന്ന് ഇടവക വികാരി ഫാ. സിജു മുടക്കോടിൽ അറിയിച്ചു. ചിക്കാഗോയിലെ രണ്ടു ക്നാനായ കത്തോലിക്കാ ദൈവാലയങ്ങളുടെയും സ്ഥാപക വികാരിയായിരുന്ന ഫാ. എബ്രഹാം മുത്തോലത്ത്, ഒൻപത് വര്ഷം ഇടവകയെ നയിച്ച ഫാ. മുളവനാൽ എന്നിവരടക്കം ഇടവകയിൽ സേവനം ചെയ്ത വൈദീകരും സന്ന്യസ്തരും ഇടവക ജനത്തോടൊപ്പം ഒരുമിച്ചു നിന്നുകൊണ്ട് മുന്നോട്ട് പോയതിന്റെ സൽഫലങ്ങളാണ് ഇന്ന് ഇടവകയുടെ ദർശിക്കുവാൻ സാധിക്കുന്നത് എന്ന അദ്ദേഹം ഓർമ്മിപ്പിച്ചു. ആഘോഷങ്ങളുടെ ഭാഗമായി നടത്തപെടുന്ന സീറോ മലബാർ സഭാധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവിന് നൽകുന്ന സ്വീകരണമടക്കമുള്ള പതിനഞ്ചിന പരിപാടികൾ മികച്ച രീതിയിൽ തന്നെ നടത്തുവാനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നതായി ആഘോഷ കമ്മറ്റി ചെയർമാൻ ബിനു കൈതക്കത്തൊട്ടിയിൽ അറിയിച്ചു. ആഘോഷങ്ങളുടെ ക്രമീകരണങ്ങൾക്കായി ബിനു കൈതക്കത്തൊട്ടി, സ്റ്റീഫൻ കിഴക്കേക്കുറ്റ്, സ്റ്റീഫൻ ചൊള്ളമ്പേൽ, ടോണി പള്ളിയറതുണ്ടത്തിൽ, മിനി എടകര, ടെസ്സി ഞാറവേലിൽ എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മറ്റിയുടെനേതൃത്വത്തിലുള്ള കമ്മറ്റിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കമ്മറ്റി പാരിഷ് കൗൺസിൽ അംഗങ്ങളോടും വാർഷികാഘോഷ കമ്മറ്റിയോടുമൊപ്പം, ഇടവക വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം, പി. ആർ. ഓ. അനിൽ മറ്റത്തിക്കുന്നേൽ എന്നിവർ പരിപാടികളുടെ വിജയത്തിനായി പ്രവർത്തിക്കുന്നു.



# ഇനിയും കഥ തുടരും



**സുനിൽ വല്ലാത്തറ**

**ഫ്ലോറിഡാ**

കേരളത്തിലെ മുൻ നിര വാർത്ത ചാനലുകളിൽ ഒന്നായ മനോരമ ന്യൂസ് രണ്ടായിരത്തി പതിനാറിലെ അവരുടെ മനോരമ ന്യൂസ് മേക്കർ അവാർഡ് നൽകി ആദരിച്ചത് മോഹൻലാലിനെയാണ്. അന്ന് ആ അവാർഡ് സ്വീകരിക്കുവാൻ അമേരിക്കയിൽ ആയിരുന്ന ലാൽ തന്റെ അമേരിക്കൻ സന്ദർശനം വെട്ടിച്ചുരുക്കിയാണ് കേരളത്തിൽ എത്തിയത്

പുരസ്കാരം ഏറ്റുവാങ്ങി തന്റെ മറുപടി പ്രസംഗത്തിൽ ലാൽ പറഞ്ഞ ഒരു കാര്യം സദസിൽ ഉണ്ടായിരുന്ന ഏവരെയും ഞെട്ടിച്ചു. രണ്ടു വർഷത്തിനുള്ളിൽ താൻ സിനിമ അഭിനയത്തിൽ നിന്നും റിട്ടയർ ചെയ്യുകയാണെന്ന് ലാൽ ഉറക്കെ പറഞ്ഞപ്പോൾ മനോരമ സ്റ്റുഡിയോയിൽ ഉണ്ടായിരുന്ന മുഴുവൻ പേരും മൂക്കത്തു വിരൽ വച്ചു

സദസിൽ ഉണ്ടായിരുന്ന ഒരു ചെറുപ്പക്കാരൻ എഴുന്നേറ്റു നിന്നു ലാലിനോട് ചോദിച്ചു. ലാലേട്ടാ എല്ലാ മേഖലയിലും റിട്ടയർമെന്റ് ഉണ്ടെങ്കിലും ഇന്ത്യൻ സിനിമയിലോ ലോക സിനിമയിലോ ഇതു കെട്ടിട്ടില്ലല്ലോ എന്നു പറഞ്ഞപ്പോൾ ലാൽ പറഞ്ഞ മറുപടി ഹൃദയത്തിൽ തട്ടുന്നതായിരുന്നു

ഞാൻ എന്റെ കുടുംബാംഗങ്ങളുടെ ഏതെങ്കിലും ആഘോഷത്തിൽ വളരെ ചുരുക്കമായി മാത്രമേ പങ്കെടുത്തിട്ടുള്ളൂ പ്രത്യേകിച്ച് അവരുടെ ജന്മദിനങ്ങളിൽ. എന്തിനേറെ പറയുന്നു എന്റെ ജന്മദിനം പോലും അവർക്കൊപ്പം ആഘോഷിക്കുവാൻ സാധിക്കുന്നില്ല

തൊള്ളായിരത്തി എഴുപതെട്ടിൽ പതിനെട്ടാം വയസിൽ തിരനോട്ടം എന്ന തന്റെ ആദ്യ സിനിമയിൽ അഭിനയിക്കുന്നതിനു മുൻപ് വരെ ലാൽ തന്റെ ജന്മദിനങ്ങൾ ആഘോഷിച്ചിരുന്നത് മാതാപിതാക്കൾക്കും സഹോദരൻ പ്യാരിലാലിനുമൊപ്പം തിരുവനന്തപുരത്തെ വീട്ടിൽ ആയിരുന്നു



**മെയ് ഇരുപത്തി ഒന്നിന് അറുപത്തിയഞ്ചാം ജന്മദിനം ആഘോഷിച്ച ലാലിന്റെ സിനിമ ജീവിതത്തിലെ രണ്ടു മെഗാ ഹിറ്റുകൾ സമ്മാനിച്ചത് ഈ വർഷമാണ്. പൃഥിരാജു സംവിധാനം ചെയ്തു മുന്നൂറ് കോടി ക്ലബ്ബിൽ എത്തി മോഹൻലാൽ അന്താരാഷ്ട്ര തലത്തിൽ പ്രശസ്തനായ എമ്പുരാനും നാൽപതു വർഷം മുൻപുള്ള തന്റെ എക്കാലത്തെയും മികച്ച നായിക ശോഭനയുമായി ഏറെ കാലത്തിനു ശേഷം അഭിനയിച്ചു മുന്നൂറ് കോടി ക്ലബ്ബിൽ അടുത്തുകൊണ്ടിരിക്കുന്ന തുടരും എന്ന ക്ലാസിക് ഹിറ്റും**



എൺപതിൽ ക്ലാസിക് സിനിമകളുടെ സംവിധായകൻ ഫാസിലിന്റെ മഞ്ഞിൽ വിരിഞ്ഞ പൂക്കളിലെ വില്ലൻ കഥാപാത്രം നരേന്ദ്രനലിൽ കൂടി ശ്രെദ്ധിക്കപ്പെട്ടു തുടങ്ങിയതോടെ മിക്കവാറും ജന്മദിനങ്ങളിൽ എല്ലാം ലാൽ സിനിമ ഷൂട്ടിംഗ് ലൊക്കേഷനുകളിൽ ആയിരിക്കും.

എൺപത്തി ആറിൽ തമ്പി കണ്ണന്താനം സംവിധാനം ചെയ്തു വിൻസൺ ഗോമസ് എന്ന കഥാപാത്രെത്തിലൂടെ മോഹൻലാൽ സൂപ്പർസ്റ്റാർ ആയ രാജാവിന്റെ മകൻ റീലീസ് ആയ ശേഷം ലാലിന്റെ എല്ലാ ജന്മദിനങ്ങളും ഷൂട്ടിംഗ് ലൊക്കേഷനുകളിൽ ആഘോഷിക്കുവാൻ തുടങ്ങി

ഐ വി ശശി,ഭരതൻ, പദ്മരാജൻ, പി ജി വിശ്വഭരൻ, ശശികുമാർ, സത്യൻ അന്തിക്കാടു, ജോഷി, സിബി മലയിൽ, പ്രിയദർശൻ തുടങ്ങിയ പ്രതിഭ ശാലികൾ ആയ സംവിധായകരുടെ സെറ്റിൽ പല പ്രാവശ്യം ലാലിന്റെ ജന്മദിനങ്ങൾ ആഘോഷിച്ചിട്ടുണ്ട്

മലയാളത്തിനു പുറമെ ഇതര ഭാഷകളിൽ അഭിനയിച്ചിട്ടുള്ള ലാലിന്റെ ചില ജന്മദിനങ്ങൾ ആഘോഷിച്ചിട്ടുള്ളത് തമിഴ് സിനിമയിലും തെലുങ്കിലെയും ചില സെറ്റുകളിൽ വച്ചാണ്

ഷൂട്ടിംഗ് നു വേണ്ടിയും സ്വകാര്യ സന്ദർശനത്തിന് വേണ്ടിയും വിദേശ രാജ്യങ്ങളിൽ പോകുമ്പോൾ അവിടെ വച്ചും ലാലിന്റെ ജന്മദിനങ്ങൾ സുഹൃത്തുക്കളും ആരാധകരും ധാരാളം പ്രാവശ്യം ആഘോഷിച്ചിട്ടുണ്ട്

അമേരിക്കയിലും യൂറോപ്പിലും കൂടാതെ ലാലിന്റെ ജന്മദിനങ്ങൾ ഏറ്റവും കൂടുതൽ ആഘോഷിച്ചിട്ടുള്ളത് ഗൾഫിൽ വച്ചാണ്. പ്രത്യേകിച്ച് ദുബായിൽ ഉള്ള അദ്ദേഹത്തിന്റെ ആരാധകർ

കേരളത്തിലെ എല്ലാ ജില്ലകളിലും ഉള്ള അദ്ദേഹത്തിന്റെ ഫാൻസ് അസോസിയേഷൻ അദ്ദേഹത്തിന്റെ സിനിമ കളിക്കുന്ന തീയേറ്ററുകളിൽ ജന്മദിനത്തിൽ മധുരം വിതരണം ചെയ്യുക പതിവാണ്

മലയാളത്തിലെ താരങ്ങളും സിനിമ മേഖലയിലെ പ്രമുഖരും കൂടാതെ രാഷ്ട്രീയക്കാരും പൊതു പ്രവർത്തകരും സമുദായ നേതാക്കളും മത മേലാധ്യക്ഷന്മാരും എന്തിനേറെ ഇന്ത്യയിലെ ഒട്ടുമിക്ക പ്രമുഖ വ്യക്തിതങ്ങൾ മുഴുവൻ അദ്ദേഹത്തിന് ജന്മദിനത്തിൽ ആശംസകൾ അയയ്ക്കാറുണ്ട്

നാൽപതു വർഷത്തിൽ ഏറെയായി പരസ്പരം ജന്മദിന സന്ദേശങ്ങൾ കൈമാറുന്ന രണ്ടു പേരാണ് മോഹൻലാലും മമ്മൂട്ടിയും. മലയാള സിനിമയിൽ സമകാലീനർ ആയ ഇരുവരും സിനിമയിൽ പിച്ചവയ്ക്കുന്ന കാലം മുതൽ പണ്ടു മദ്രാസിലെ ലോഡ്ജ് മുറിയിൽ ഒന്നിച്ചു താമസിച്ചിരുന്ന കാലം തൊട്ടു തുടങ്ങിയ ആചാരമാണ് രണ്ടു പേരുടെയും ജന്മദിനത്തിൽ ഏതെങ്കിലും ഹോട്ടലിൽ പോയി ഒരുമിച്ചു ആഹാരം കഴിക്കുക എന്നത്.

പത്തു വർഷത്തിൽ ഏറെ ആയി സോഷ്യൽ മീഡിയ തരംഗം ആയതുകൊണ്ട് സാധാരണക്കാർ ആയ ആരാധകരും എയർപോർട്ടിൽ വച്ചോ ഷൂട്ടിംഗ് ലൊക്കേഷനിൽ വച്ചോ ഏതെങ്കിലും ചടങ്ങുകളിൽ വച്ചോ ലാലിനൊപ്പം നിൽക്കുന്ന ഫോട്ടോ എടുത്തു ഫേസ്ബുക്കിലോ ഇൻസ്റ്റയിലോ പങ്കുവച്ചു സായുജ്യം അടയുകയാണ്

ഒരുപാട് വർഷത്തിന് ശേഷം കോവിഡ് മൂർച്ഛന്യാവസ്ഥയിൽ ആയിരുന്ന രണ്ടായിരത്തി ഇരുപതിൽ മദ്രാസിലെ വീട്ടിൽ വച്ചാണ് ലാൽ തന്റെ ഒരു ജന്മദിനം ആഘോഷിച്ചത്. അതിന് ശേഷം എല്ലാ വർഷവും എറണാകുളത്തു എളമക്കരയിൽ ഉള്ള തന്റെ വീട്ടിൽ കുടുംബത്തോടൊപ്പം ജന്മദിനത്തിൽ പങ്കെടുക്കാൻ ലാൽ ശ്രമിക്കാറുണ്ട്.

മെയ് ഇരുപത്തി ഒന്നിന് അറുപത്തിയഞ്ചാം ജന്മദിനം ആഘോഷിച്ച ലാലിന്റെ സിനിമ ജീവിതത്തിലെ രണ്ടു മെഗാ ഹിറ്റുകൾ സമ്മാനിച്ചത് ഈ വർഷമാണ്. പൃഥിരാജു സംവിധാനം ചെയ്തു മുന്നൂറ് കോടി ക്ലബ്ബിൽ എത്തി മോഹൻലാൽ അന്താരാഷ്ട്ര തലത്തിൽ പ്രശസ്തനായ എമ്പുരാനും നാൽപതു വർഷം മുൻപുള്ള തന്റെ എക്കാലത്തെയും മികച്ച നായിക ശോഭനയുമായി ഏറെ കാലത്തിനു ശേഷം അഭിനയിച്ചു മുന്നൂറ് കോടി ക്ലബ്ബിൽ അടുത്തുകൊണ്ടിരിക്കുന്ന തുടരും എന്ന ക്ലാസിക് ഹിറ്റും

ആയിരത്തി തൊള്ളായിരത്തി എൺപത്തി അഞ്ചിൽ ജോഷി സംവിധാനം ചെയ്തു മമ്മൂട്ടിയും ഹിന്ദി നടി ജയപ്രദയും നായിക നായകൻമാർ ആയ ഇനിയും കഥ തുടരും എന്ന സൂപ്പർ ഹിറ്റ് ചിത്രത്തിൽ മമ്മൂട്ടിയ്ക്കു പകരം ആദ്യം നായകൻ ആയി കാസ്റ് ചെയ്തിരുന്നത് മോഹൻലാലിനെയായിരുന്നു. മോഹൻലാൽ മറ്റു ചിത്രങ്ങളുടെ തിരക്കിൽ ആയിരുന്നതുകൊണ്ടാണ് മമ്മൂട്ടിയ്ക്കു നറുക്ക് വീണത്

ഇപ്പോൾ അഭിനയ ജീവിതത്തിന്റെ നാൽപത്തിയേഴാം വർഷത്തിൽ കൂടി കടന്നു പോകുന്ന ലാലേട്ടൻ മൂന്നു വർഷം കഴിഞ്ഞു തന്റെ ജന്മദിനത്തിൽ അഭിനയത്തിന്റെ അൻപതു കൂടി ആഘോഷിക്കുമ്പോൾ താൻ റിട്ടയർ ചെയ്യുകയല്ല മറിച്ചു ഇനിയും കഥ തുടരും എന്നു പറയാനാണ് എട്ടാം ലോകാത്ഭുതം ആയി മാറിയിരിക്കുന്ന അദ്ദേഹത്തിന്റെ ആരാധകർ കേൾക്കുവാൻ ആഗ്രഹിക്കുക.


LAWSON
travel
END OF
SUMMER
SALE
FLEXIBLE FARES AVAILABLE
CALL
(214) 631 2458
www.LawsonTravel.com
1140 Empire Central DR.Suite 620, Dallas, Texas 75247, USA
T 214 631 2458 | F 214 631 2464 | Email : info@lawsontravel.com
Lawson Travels stays current on all Covid-19 destination updates & Travel Policies

# സ്വന്തം പൈതൃകം തൊട്ടറിയാൻ കുട്ടികൾക്കായി ഫോമയുടെ 'സമ്മർ ടു കേരള'

**ഷോളി കുമ്പിളുവേലി**

**പി.ആർ.ഒ, ഫോമാ**

ന്യൂയോർക് : മലയാളി ലോകത്തു എവിടെ ജീവിച്ചാലും കേരളവുമായുള്ള പൊക്കിൾക്കൊടി ബന്ധം നിലനിർത്തും എന്നു മാത്രമല്ല, നമ്മുടെ സംസ്കാരവും പൈതൃകവുമൊക്കെ പുതിയ തലമുറയെ പരിചയപ്പെടുത്തി കൊടുക്കുന്നതിലും, അങ്ങനെയൊരു ജീവിത ശൈലിയിൽ കുട്ടികളെ വളർത്തുന്നതിലും ഉൾസുകരാണ്. ഫോമാ, ആരംഭകാലം മുതൽ അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ പുതിയ തലമുറയെ കേരളവുമായി ബന്ധിപ്പിക്കുന്നതിനും, അവരെ നമ്മുടെ നാടും, സംസ്കാരവും, ജീവിത സാഹചര്യങ്ങളും പരിചയപ്പെടുത്തി കൊടുക്കുന്നതിനും വിവിധ പരിപാടികൾ നടത്തി വരുന്നു. അതിന്റെ ഒരു മികച്ച ഉദാഹരണമാണ് എല്ലാ വർഷവും നടത്താറുള്ള 'സമ്മർ ടു കേരള' എന്ന കേരള യാത്രാ പരിപാടി.

മുൻ കാലങ്ങളിലെന്നപോലെ ഇക്കൊല്ലം ജൂൺ 26, 27 തീയതികളിൽ നടക്കുന്ന 'സമ്മർ ടു കേരള' യിൽ ഇതിനോടകം ധാരാളം കുട്ടികൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. തങ്ങൾ വളർന്നു വന്ന നാടും വീടും ജീവിതസാഹചര്യങ്ങളും, സംസ്കാരവുമൊക്കെ കുട്ടികൾക്ക് മനസിലാക്കിക്കൊടുക്കണമെന്നു മാതാപിതാക്കൾ ഇക്കാലത്തു കൂടുതലായി ആഗ്രഹിക്കുന്നുണ്ടെന്നും, അതുകൊണ്ടു സമ്മർ ടു കേരളയുടെ പ്രസക്തി വർദ്ധിച്ചുവരുന്നതായും ഫോമാ പ്രസിഡൻറ് ബേബി മണക്കുന്നേൽ പറഞ്ഞു.




ഇക്കൊല്ലത്തെ ''സമ്മർ ടു കേരളയിൽ''നിരവധി പ്രോഗ്രാമുകൾ ഉൾപ്പെടുത്തിയിട്ടുള്ളതായി ചെയർ പേഴ്‌സൺ അനു സ്കറിയ, ഇവൻറ് കോർഡിനേറ്റർ രേഷ്മ രഞ്ജൻ, കോർഡിനേറ്റർ രാജേഷ് പുഷ്പരാജൻ എന്നിവർ പറഞ്ഞു. രാജ ഭരണ കാലത്തിൻറെ പ്രൗഢി വിളിച്ചോതുന്ന കൗടിയാർ കൊട്ടാരം, ജനാധിപത്യത്തിൻറെ ശ്രീകോവിലായ നിയമസഭാ മന്ദിരവും ,കൂടാതെ മുഖ്യമന്ത്രിയേയും ഗർണ്ണറേയും നേരിൽ കണ്ടു സംവദിക്കുന്നതിനുള്ള അവസരവും കുട്ടികൾക്ക് ഉണ്ടാകും. നാസയെപ്പറ്റി കേട്ടിട്ടുള്ള കുട്ടികൾക്ക് ഭാരതത്തിൻറെ അഭിമാനമായ ഐ.എസ്.ആർ.ഓ സന്ദേർശിക്കുന്നതിനുള്ള അവസരവും നൽകും. അടുത്തകാലത്തു ഏറ്റവും അധികം ചർച്ചയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൻറെ പ്രവർത്തനങ്ങൾ കാണുന്നതിനും കൂടാതെ

വിഴിഞ്ഞം മൽസ്യ ബന്ധന ഗ്രാമങ്ങളും അവരുടെ ജീവിത സാഹചര്യങ്ങളും മനസിലാക്കുന്നതിനുള്ള അവസരവും കുട്ടികൾക്ക് ലഭിക്കും.

രണ്ടു ദിവസം നീണ്ടു നിൽക്കുന്ന ‘സമ്മർ ടു കേരള‘ യാത്ര ജൂൺ 26 നു കനകക്കുന്ന് കൊട്ടാരത്തിൽ നിന്നാരംഭിക്കും. ഉദ്ഘാടനത്തിനോടനുബന്ധിച്ചു ഭാരതത്തിൻറെ ദേശീയ പതാക ഉയർത്തലും ദേശീയ ഗാന ആലാപനവും ഉണ്ടാകും. ഇതിലെല്ലാം നമ്മുടെ കുട്ടികൾക്കും പങ്കെടുക്കാൻ സാധിക്കും.

കേരളത്തിന്റെ തനതായ കലാ രൂപങ്ങൾ കാണുന്നതിനും പരിചയപെടുന്നതിനുള്ള അവസരങ്ങളും കുട്ടികൾക്കു ഉണ്ടാകും. ഈ കേരള യാത്രയിൽ പങ്കെടുക്കുന്നതിനുവേണ്ട അവസരങ്ങൾ കുട്ടികൾക്ക് ഒരുക്കിക്കൊടുക്കാൻ മാതാപിതാക്കൾ മുന്നോട്ടുവരണമെന്ന് ഫോമാ ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി എന്നിവർ അഭ്യർഥിച്ചു.

സമ്മർ ടു കേരളക്ക് നേതൃത്വം നൽകുന്ന, ചെയർ പേഴ്സൺ അനു സ്കറിയ, ഇവൻറ് കോർഡിനേറ്റർ രേഷ്മ രഞ്ജൻ, കോർഡിനേറ്റർ രാജേഷ് പുഷ്പരാജൻ, യൂത്ത് ചെയർമാൻ എബിൻ എബ്രഹാം, യൂത്ത് വൈസ് പ്രസിഡന്റ് ആഗ്നസ് ബിജു, യൂത്ത് കോർഡിനേറ്റർമാരായ സിദ്ധാർഥ് ശ്രീധർ, ആൽബെർട്ട് പാലത്തിനാൽ എന്നിവരെ ഫോമാ വൈസ് പ്രസിഡൻറ് ഷാലു പുന്നൂസ്, ജോയിൻറ് സെക്രട്ടറി പോൾ ജോസ്, ജോയിൻറ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അഭിനന്ദിക്കുകയും ആശംസകൾ നേരുകയും ചെയ്തു.







Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

# സംഗീത – ഹാസ്യ വിസ്മയം തീർത്ത് ' ഹൈ ഫൈവ് ' എന്റർടൈൻമെന്റ് ഷോ ഹൂസ്റ്റണിൽ ശ്രദ്ധേയമായി




**ജീമോൻ റാന്നി**

ഹൂസ്റ്റൺ: മലയാളികളുടെ ജനപ്രിയ പാട്ടുകാരൻ എം.ജി ശ്രീകുമാർ, സംഗീത മാന്ത്രികൻ സ്റ്റീഫൻ ദേവസി, നടനും ഹാസ്യത്തിന്റെ സ്റ്റേജ് സാന്നിധ്യവുമായ രമേശ് പിഷാരടി എന്നിവർ ഒന്നിച്ച സംഗീത-ഹാസ്യ സന്ധ്യ ഹൂസ്റ്റൺ മലയാളികളെ ആവേശത്തിലാഴ്ത്തി. നോർത്ത് അമേരിക്കൻ പര്യടനത്തിലൂടെ ശ്രദ്ധേയമായ 'വിന്റസർ എന്റർടെയ്ൻമെന്റ് ഷോ-ഹൈ ഫൈവ് 2025', ഹൂസ്റ്റൺ സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ഓർത്തഡോക്സ് ഇടവകയുടെ ധനശേഖരണാർത്ഥം മെയ് 11-ന് ഞായറാഴ്ച മിസേറി സിറ്റിയിലെ സെന്റ് ജോസഫ് ഹാളിൽ നടന്നു.



ഇടവകയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഈ പരിപാടി, സ്റ്റാഫോർഡ് മേയർ കെൻ മാത്യു ഉദ്ഘാടനം ചെയ്തു. ഫോർട്ടബെൻഡ് ഡിഡ്ട്രിക്ട് ജഡ്ജ് സുരേന്ദ്രൻ പട്ടേൽ സന്നിഹിതനായിരുന്നു.

വിവിധ ഇടവകകളിൽ നിന്നും വൈദികരും ഒപ്പം കലാ സ്നേഹികളായ ആയിരത്തിൽ പരം ഹൂസ്റ്റൺ നിവാസികളും സംഗീത-ഹാസ്യ നിശയ്ക്ക് ആവേശപൂർവം സാക്ഷ്യം വഹിച്ചു. എം.ജി ശ്രീകുമാർ, സ്റ്റീഫൻ ദേവസി, രമേശ് പിഷാരടി എന്നിവരുൾപ്പെടെ പതിനൊന്നംഗ സംഘത്തെ നയിക്കുന്നത് വിന്റസർ എന്റർടെയ്ൻമെന്റ് സാരഥിയും മലയാളികൾക്ക് സുപരിചിതനുമായ രഞ്ചുരാജ് ആണ്.

ഹൂസ്റ്റണിലെ മലയാളി സാമ്പത്തിക സംരംഭകൻ ഒനീൽ കുറുപ്പ് (കാരവല്ലി ക്യാപിറ്റൽ ആന്റ് വെഞ്ചേഴ്സ്), ഇവന്റ് സ്പോൺസർ സുനിൽ കോര (സൗത്ത് പാർക്ക് ഫ്യൂണറൽ ഹോം), തോമസ് മാത്യു (റിലയബിൾ റിയൽറ്റേഴ്സ്) തുടങ്ങിയവരും ഈ പരിപാടി അവിസ്മരണീയമാക്കുവാൻ ശ്രദ്ധേയമായ പങ്കാളിത്തം വഹിച്ചു.

ഫാ. ഡോ. ഐസക് ബി പ്രകാശ്, ജനറൽ കൺവീനർ റിജോ ജേക്കബിന്റെ നേതൃത്വത്തിൽ ഷിജിൻ തോമസ് പാരിഷ് ട്രസ്റ്റി, ബിജു തങ്കച്ചൻ പാരീഷ് സെക്രട്ടറി എന്നിവരും മാനേജിംഗ് കമ്മറ്റി അംഗങ്ങളോടൊപ്പം നൂറിൽപ്പരം വോളന്റീയേഴ്സ്, എം.എം.വി.എസ്, മെൻസ് ഫെല്ലോഷിപ്പ്, ഒ.സി.വൈ.എം, എം.ജി.ഒ.സി.എസ്.എം, സൺഡേ സ്ക്കൂൾ എന്നീ പോഷക സംഘടനകളും പരിപാടിയുടെ വിജയത്തിന് ചുക്കാൻ പിടിച്ചു. എം.ജി.ഒ.സി.എസ്.എം, സൺഡേ സ്ക്കൂൾ കുട്ടികളുടെ ശ്രദ്ധേയമായ നൃത്തനൃത്യങ്ങൾ വർണാഭമായിരുന്നു.










Investment Opportunity:
Premium Villa
& High-Rise
Development in Prime Location
Unlock a Lucrative Real Estate Venture in Kerala
Prime 3-acre property facing the newly developed NH 66, near Neendakara Bridge.
For detailed investment plans and partnership opportunities, Please Contact:
Jaikumar (India): 91-9447060606
Paul Morris (USA): 1-626-390-9490
Email: Paul.Morris82@yahoo.com

# 'ഭാഷയ്ക്കൊരു ഡോളർ പുരസ്കാരത്തിന്റെ കോർഡിനേറ്റർ മുൻ പ്രസിഡന്റ് ജോർജി വർഗീസ്

**ശ്രീകുമാർ ഉണ്ണിത്താൻ**

അമേരിക്കൻ മലയാളി സംഘടനകളുടെ സംഘടനായ 'ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക' (ഫൊക്കന) യുടെ 'ഭാഷയ്ക്കൊരു ഡോളർ പുരസ്കാരത്തിന് നേതൃത്വം നൽകാൻ മുൻ പ്രസിഡന്റ് ജോജി വർഗീസിനെ ചുമതലപ്പെടുത്തിയതായി ട്രസ്റ്റി ബോർഡ് ചെയർ ജോജി തോമസും പ്രസിഡന്റ് സജിമോൻ ആന്റണിയും അറിയിച്ചു.

കേരളാ സംസ്ഥാനത്തെ സർവകലാശാലകളിലെ മലയാളത്തിലെ ഏറ്റവും മികച്ച പിഎച്ച്ഡി പ്രബന്ധത്തിനു കേരള സർവകലാശാലയും ഫൊക്കാനയുമായി ചേർന്ന് നൽകുന്ന അവാർഡ് ആണ് ഭാഷയ്ക്കൊരു ഡോളർ. നാശോന്മുഖമായ അവസ്ഥയിൽ നിന്ന് ഭാഷയേയും സംസ്കാരത്തേയും സംരക്ഷിക്കുക എന്നത് ഇനിയും മാനവികത നഷ്ടപെട്ടിട്ടില്ലാത്ത സമൂഹത്തിന്റെ കടമയാണെന്ന ബോധം ഉൾക്കൊണ്ടാണ് ഫോക്കാനാ ഭാഷയ്ക്കൊരു ഡോളർ പദ്ധതിക്ക് തുടക്കം കുറിച്ചത്. കേരളാ സർവകലാശാലയാണ് ഈ അവാർഡ് നിർണ്ണയത്തിന് നേതൃത്വം നൽകുന്നത്. 50000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് ഈ അവാർഡ്.

ഒരു സർക്കാർ സംവിധാനം ഒരു പ്രവാസി സംഘടനയ്ക്ക് വേണ്ടി വലിയ ഒരു പദ്ധതി ഏറ്റെടുത്തു ചെയ്യുന്നത് കേരളത്തിൽ ആദ്യമായിട്ടാണ്. വർഷങ്ങളായി ഇന്നും ഇതു മുടങ്ങാതെ കേരളാ യൂണിവേഴ്സിറ്റിയാണ് ഇതിന്റെ നേതൃത്വം നൽകുന്നതും അവാർഡിന് അർഹരായവരെ അനൗൺസ് ചെയ്യുന്നതും. മലയാള സാഹിത്യമേഖലയിൽ ഏറെ അറിയപ്പെടുന്ന ഒരു പ്രോഗ്രാം ആണ് ഭാഷക്ക് ഒരു ഡോളർ.

ഏതൊരു ജനതയുടെയും സാമൂഹികവും സാംസ്കാരികവുമായ വികസനം സാധ്യമാകുന്നത് മാതൃഭാഷാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെയാണ്, അതുകൊണ്ടുതന്നെ അമേരിക്കൻ മലയാളികൾക്കിടയിൽ രൂപം കൊണ്ട ആദ്യ സംഘടന എന്ന നിലയിൽ ഫൊക്കാനയ്ക്ക് മലയാള ഭാഷയുടെ വികസനത്തിനും മലയാളി ഉള്ളിടത്തെല്ലാം മലയാള ഭാഷ എത്തണമെന്ന ആഗ്രഹവും മലയാളിയുടെ പുതിയ തലമുറ മലയാള ഭാഷയിൽ അഭിമാനം കൊള്ളണമെന്ന് നിർബന്ധവും ഫൊക്കാനയ്ക്ക് അന്നും ഇന്നുമുണ്ട്. ഫൊക്കാന മലയാള സാഹിത്യത്തിന് അതുല്യമായ സംഭാവനകൾ നൽകികൊണ്ടിരിക്കുന്ന സംഘടനയാണ്.

ഫൊക്കാന അഭിമാന പൂർവം ഇന്നലകളിൽ അവതരിപ്പിച്ച ഒരു നല്ല നേതാവ് ജോർജി വർഗീസ്. സൗമ്യനായ ഒരു നേതാവ്. ഭാഷക്ക് ഒരു ഡോളർ ജനകിയമാക്കുന്നതിലും അദ്ദേഹം മുഖ്യ പങ്ക് വഹിച്ചു.



ഫൊക്കാനയുടെ മുഖപത്രമായ 'ഫൊക്കാന റ്റുഡേ'യ്ക്കു പുതിയ മുഖഛായയുമായി രംഗപ്രവേശം ചെയ്ത ജോർജി വർഗീസ് ഫൊക്കാനയിൽ നിരവധി പദവികൾ വഹിച്ചിട്ടുണ്ട്. ഏത് പദവികൾ ഏറ്റെടുത്താലും നൂറു ശതമാനവും ആത്മാർത്ഥതയോട് പ്രവർത്തിക്കുന്നതാണ് അദ്ദേഹത്തിന്റെ പ്രവർത്തന രീതി.

വിദ്യാർഥി രാഷ്ട്രീയത്തിലൂടെ സാമൂഹ്യ പ്രവർത്തനം ആരംഭിച്ച അദ്ദേഹം, തിരുവല്ല മാർ തോമാ കോളേജിൽ നിന്നും BSc ബിരുദത്തിനു ശേഷം MSW ന് ഇൻഡോർ യൂണിവേസിറ്റിയിൽ പഠനം നടത്തുമ്പോൾ ഇൻഡോർ യൂണിവേഴ്സിറ്റിയുടെ കോളേജ് യൂണിയൻ സെക്രട്ടറി ആയതു വലിയ തെരഞ്ഞെടുപ്പിനെ നേരിട്ട് കൊണ്ടായിരുന്നു. യൂണിവേഴ്സിറ്റി റാങ്ക് ജേതാവ് കൂടിയാണ് അദ്ദേഹം.

മൾട്ടി നാഷണൽ കമ്പനിയായ ഹാരിസൺ ആൻഡ് ക്രോസ്സ് ഫീൽഡിന്റെ ലേബർ ഓഫീസർ ആയി ജോലി നോക്കുമ്പോൾ നിർണായകമായ ആയ പല തൊഴിൽ പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ നേതൃത്വം നൽകി. കവിയൂർ YMCA സെക്രെട്ടറിയയും, പല പ്രാദേശിക YMCA കളെ കോർത്തിണക്കിയ സബ് റീജണൽ YMCA യുടെ ചെയർമാനായും സേവനം ചെയ്തു.

OICC ഫ്ലോറിഡ ചാപ്റ്ററിന്റെ മുൻ പ്രസിഡന്റ് കൂടിയാണ്. മാർത്തോമാ സഭ നോർത്ത് അമേരിക്കൻ ഡയോസിസിന്റെ കൗൺസിൽ മെംബേർ ആയും പ്രവർത്തിച്ച അദ്ദേഹം സൗത്ത് ഫ്ലോറിഡ ചർച്ച് സെക്രട്ടറി, വൈസ് പ്രസിഡന്റ് തുടങ്ങിയ സ്ഥാനങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. കൗണ്ടി ഹ്യൂമൻ സർവീസസിലെ സീനിയർ മാനേജറായി ജോലി ചെയ്യുന്നു.

ജോർജി വർഗീസ് വഹിച്ച പദവികൾ എല്ലാം പരസ്പരവിശ്വാസത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ഒരു പ്രവർത്തനത്തിലൂടെ അമേരിക്കൻ മലയാളികളുടെയും ഫൊക്കാനക്കാരുടെയും മനസ്സ് കവർന്ന് എടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ജോർജി വർഗീസ് പ്രസിഡന്റ് ആയിരുന്നു സമയത്താണ് ഫൊക്കാനയുടെ പ്രവർത്തനം അടിമുടി മാറ്റുകയും ഫൊക്കാനയെ ജനകിയമാക്കുകയും , ചരിത്രപരമായ ഫൊക്കാന ഫ്ലോറിഡ കൺവെൻഷന്റെ ചുക്കാൻ പിടിക്കുകയും ചെയ്തു. അമേരിക്കയിലെയും കനഡയിലെയും മിക്ക അസ്സോസിയേഷനുകളുമായി നേരിട്ടു ബന്ധം പുലർത്തുന്ന വ്യക്തികൂടിയാണ്. ഭാര്യ ഡോ. ഷീല വർഗീസ്.

മലയാളത്തിലെ വളർന്നു വരുന്ന എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോട് നാപ്പാക്കിയ ഭാഷക്ക് ഒരു ഡോളർ ഇന്ന് അത് മലയാള ഭാഷയുടെ ഒരു തിലകക്കുറിയായി മാറിയിക്കുന്നു എന്ന് പ്രസിഡന്റ് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.

പ്രശസ്തരായ എഴുത്തുകാരേയും വളര്ന്നു വരുന്ന സാഹിത്യകാരന്മാരെയും ആദരിക്കുകയും പ്രോത്സാഹിപ്പിക്കുയും ചെയ്യുക എന്നത് ഫൊക്കനയുടെ പ്രധമ ലക്ഷ്യമാണ്. ഭാഷക്ക് ഒരു ഡോളർ പോലുള്ള പദ്ധിതികൾ ഫൊക്കാനയുടെ മുഖമുദ്രയാണ്.

മലയാളത്തെയും, മലയാള സാഹിത്യത്തെയും ഫൊക്കാനയോളം സ്നേഹിക്കുകയും തലോടുകയും ചെയ്ത ഒരു പ്രവാസി സംഘടനയും ഇല്ല എന്ന് തന്നെ പറയാം. ഈ അവാർഡിന്റെ കോർഡിനേറ്റർ ആയി പ്രവർത്തിക്കുന്ന ജോർജി വർഗീസിന് ട്രസ്റ്റീ ബോർഡിന്റെ എല്ലാ ആശംസകളും നേരുന്നതായി ട്രസ്റ്റീ ബോർഡ് ചെയർ ജോജി വർഗീസ്, ട്രസ്റ്റീ ബോർഡ് വൈസ് ചെയർ സതീശൻ നായർ, ട്രസ്റ്റീ ബോർഡ് സെക്രട്ടറി ബിജു ജോൺ, മാമ്മൻ സി ജേക്കബ്, ലീല മാരേട്ട്, തോമസ് തോമസ് , ജെയ്ബു മാത്യു , ടോണി കല്ലുവോങ്കൽ എന്നിവർ അറിയിച്ചു.

# Blue Ocean
Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

**Business Continuation Planning**
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

**Retirement Planning**
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

**Employee Benefits Products**
Short-term and Long-term Disability Insurance
Health Insurance*

**Group Health insurance**
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

**Wealth Communication**
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

**Family Protection**
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
Financial Service Representative Financial Advisor
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# അമ്മമാരേ ദയവായി നിങ്ങൾ ഇല്ലം ചുടരുതേ



**സൂസൻ പാലാത്ര**

2025 ജനുവരി മുതൽ മലയാള നാട്ടിലെ പെൺകുരുന്നുകൾക്ക് ജീവനും ജീവിതവും നിഷേധിക്കപ്പെടുന്നു.

ഷൈനി തന്റെ പെൺമക്കളെ മരണത്തിലേക്ക് വലിച്ചിഴച്ചുകൊണ്ടുപോകുന്നത് കണ്ട് നാം വേദനിച്ചു. ഷൈനിയുടെ പാത പിന്തുടർന്ന് അഡ്വ. ജിസ്മോളും സ്വന്തമക്കളെ മരണത്തിലേക്ക് വലിച്ചെറിഞ്ഞു.

ഷൈനിക്കും ജിസ്മോൾക്കും വിദ്യാഭ്യാസമുള്ളവരായിരുന്നു. അല്പം ക്ഷമിച്ചാൽ, സഹിച്ചാൽ ഈ ക്ലേശങ്ങളൊക്കെ മാറി ഉന്നതികളിൽ എത്താമായിരുന്നു. ഷൈനി ആത്മഹത്യചെയ്തു, ഒപ്പം മക്കളേയും കൊന്നു. ജിസ്മോളുടെയും മക്കളുടെയും മരണവഴിയിലെ നിഗൂഢതകൾ വെളിവാക്കപ്പെടേണ്ടതുണ്ട്. അവരെയൊക്കെ മരണത്തിലേക്ക് നയിക്കാൻ കാരണക്കാരായവർ സമ്പന്നരാണ്. അവർ സമ്പത്തുപയോഗിച്ച് കേസുകൾ നടത്തും. പണത്തിനുവേണ്ടി ആർത്തി പിടിച്ചോടുന്ന വക്കീലന്മാർ അവർക്കുവേണ്ടി നിലകൊള്ളും. നഷ്ടപ്പെട്ടതാർക്ക്. ജീവിക്കാൻ അവർക്ക് മാർഗ്ഗങ്ങൾ കണ്ടെത്താമായിരുന്നു. രക്ഷപ്പെടാൻ പഴുതുകളുള്ളവർ അതൊന്നും ഉപയോഗയോഗ്യമാക്കിയില്ല എന്നതാണ് സത്യം.

പിന്നീട് കേൾക്കുന്ന ഓരോരോ വാർത്തകളും വേദനാജനകമാണ്.

ഒടുവിൽ കേട്ടത് സന്ധ്യ എന്ന അമ്മ തന്റെ പൊന്നോമനയെ പുഴയിലെറിഞ്ഞുകൊന്നിട്ട് നിസ്സംഗയായി സ്വന്തം വീട്ടിലെത്തിയതാണ്.

കല്യാണിയെന്ന ഈ കുഞ്ഞുമോൾ ഏറെയേറെ കരയിക്കുന്നു. കണ്ണീരടക്കാൻ കഴിയുന്നില്ല.

എന്റെ നിഗമനം ഞാൻ പറയുന്നു; സന്ധ്യയെ ഭർതൃവീട്ടുകാർ വിശ്വസിച്ചില്ല, സ്നേഹിച്ചില്ല, ഒറ്റപ്പെടുത്തി. ഭ്രാന്തിയെന്നു മുദ്രകുത്താനും ശ്രമിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. ഭർത്താവിനെ കണ്ടാലറിയാം അയാൾ സ്വന്തം കുടുംബത്തെ അതായത് ഭാര്യയോടും മക്കളോടും നിരുത്തരവാദപരമായിട്ടാണ് പെരുമാറിയതെന്ന്.

സ്വന്തം പൊന്നോമന മരിച്ചപ്പോളും സ്വന്തം മോനെക്കൊണ്ട് പെറ്റമ്മയുടെ കുറ്റം വിളമ്പിക്കാൻ അയാൾ വെമ്പുന്നതായി കണ്ടു. അയാളുടെ അമ്മയും മോശമല്ല.

ഈ കുരുന്നിന്റെ പോസ്റ്റ് മോർട്ടം നടത്തിയ ഡോക്ടേഴ്സിന് ഒരു ബിഗ് സല്യൂട്ട് കൊടുക്കാൻ മറക്കുന്നില്ല.

കുട്ടിയെ പീഡിപ്പിച്ച കൊച്ചച്ചൻ ഏതെങ്കിലും വിധത്തിൽ ആ അമ്മയെയും ബ്ലാക് മെയിൽ ചെയ്തു കാണും. സന്ധ്യയുടെ പ്രവർത്തനത്തിൽ ഭയപ്പാട് ഒളിഞ്ഞിരിക്കുന്നുണ്ട്.

പെൺകുട്ടികൾ പ്രായമാകുമ്പോൾ വിവാഹം ചെയ്തയയ്ക്കും. പിന്നെ അവർക്ക് കുട്ടികൾ ജനിക്കും. കുട്ടികൾ ഒരു ഭാഗ്യമാണ് മറിച്ച് ഭാരമല്ല. കഷ്ടപ്പെട്ട് അവരെ പരിപാലിച്ചുവളർത്തി വലുതാക്കണം. ആ തത്രപ്പാടിൽ കുറെക്കാലത്തേക്ക് സ്വാതന്ത്ര്യം പോലും ലഭിക്കാത്ത ഹതഭാഗ്യർ കേരളത്തിൽ ധാരാളമുണ്ട്.

ഭർതൃഗൃഹത്തിൽനിന്നും ഭർത്താവിൽനിന്നും ആഗ്രഹിക്കുന്ന സ്വാതന്ത്ര്യം, സ്നേഹം, കരുതൽ ഒക്കെ നിഷേധിക്കപ്പെടുന്ന ഒരു കാലം. അതിനെ ബോൾഡായിനിന്ന് ഓരോസ്ത്രീയും അതായത് ഓരോ അമ്മയും അതിജീവിച്ചേ മതിയാകൂ.

പിന്നീട് മക്കൾക്കുവേണ്ടിയാകണം ജീവിതം പടുത്തുയർത്തേണ്ടത്. ഭാവിയിലെ പ്രതിഫലം നോക്കരുത്. കർമ്മം ചെയ്യുക മാത്രം ലക്ഷ്യമാക്കണം.

കാക്കയ്ക്കും പരുന്തിനും കൊടുക്കാതെ അമ്മമാർ മക്കൾക്കുവേണ്ടി നല്ല പോരാളികളായി നിന്ന്, ശത്രുവിനോട് യുദ്ധം ചെയ്ത്, മക്കളെ കാക്കണം. മക്കളുടെ പ്രത്യേകിച്ച് പെൺമക്കളുടെ പീഡകർക്ക് 'രുചിക്കാൻ ' അവരെ വിട്ടുകൊടുക്കരുത്. നല്ല, പൂർണ്ണ സംരക്ഷണം നല്കണം.

'എലിയെ തോല്പിക്കാൻ ഇല്ലം ചുട്ടാൽ എലിയോടിപ്പോകും, ഇല്ലം വെന്തും പോകും ' ഒരിക്കലും എലിയെ തോല്പിക്കാൻ ഇല്ലം ചുടരുത്.

വിശുദ്ധ ബൈബിൾ പറയുന്നു: 'അന്ത്യത്തോളം സഹിച്ചു നില്ക്കുന്നവൻ രക്ഷിക്കപ്പെടും'

മക്കൾക്ക് അച്ഛൻവീട്ടിൽ സ്വസ്ഥത നഷ്ടപ്പെടുന്നെങ്കിൽ, സുരക്ഷിതത്വം നഷ്ടപ്പെടുന്നെങ്കിൽ സ്വന്തം വീട്ടിലേക്ക് തല്ക്കാലത്തേക്കെങ്കിലും പോകണം. പിന്നെ വല്ല അടുക്കളപ്പണിയോ കൂലിപ്പണിയോ എങ്കിലും ചെയ്ത് മക്കളെ 'ആഭാസന്മാരുടെയും പീഡകരുടെയും വലയിലാകാതെ രക്ഷിക്കണം. അതാണ് അമ്മയുടെ ധർമ്മം, അതാണ് മാന്യത.


ആത്മഹത്യയുടെ വഴിയും കൊലപാതകത്തിന്റെ വഴിയും നിഷ്ഠൂരമാണ്, ഒരിക്കലും ആ മാർഗ്ഗം തിരഞ്ഞെടുക്കരുത്, മക്കൾ അമൂല്യമായ നിധിയാണ്. നിധി കാക്കുന്ന ഭൂതമാകണം അമ്മമാർ.

കല്യാണിയെന്ന പാവം പെൺകുരുന്നിനെ അതിക്രൂരമായി നോവിച്ച കൊച്ചച്ചന്റെ പേരുപോലും പുറത്തുവിടാതെ അവനെ കാക്കുകയാണ് എല്ലാവരും.

പ്ലേ സ്കൂളുകളിലും അങ്കണവാടികളിലുമൊക്കെ 'ബാഡ് ടച്ച് ' എന്താണെന്ന് കുരുന്നുകളെ ബോധവല്ക്കരണം നടത്തണം. അമ്മമാരും റ്റീച്ചർമാരും ജാഗരൂകരായാൽ നമ്മുടെ നാടിന്റെ അമൂല്യ സ്വത്തായ ഈ കുരുന്നുകളെ നമുക്ക് രക്ഷിക്കാനാവും.

കണ്ണീരോടെ എഴുതുന്ന വരികളാണിത്.

# ദൈവദാസൻ ബിഷപ് മാക്കീലിന്റെ നാമകാരണത്തിനു നടപടിയുമായി പരിശുദ്ധ സിംഹാസനം



മോൺസിഞ്ഞോർ ജോജി വടകര,
വത്തിക്കാൻ ന്യൂസ്

കേരളത്തിൽ നിന്നുള്ള ദൈവദാസൻ ബിഷപ് മാത്യു മാക്കീൽ, സ്പെയിനിൽ നിന്നുള്ള ദൈവദാസൻ ബിഷപ് അലെസ്സാൻഡ്രോ ലബാക്ക ഉഗാർത്തെ, കൊളംബിയയിൽ നിന്നുള്ള ദൈവദാസി സി. അഞ്ജേസെ അറാങ്കോ വെലാസ്കസ് എന്നീ പുണ്യാത്മാക്കളുടെ നാമകരണച്ചടങ്ങുകളുമായി ബന്ധപ്പെട്ട പ്രഖ്യാപനവുമായി വിശുദ്ധരുടെ നാമകരണച്ചടങ്ങുകൾക്കായുള്ള വത്തിക്കാൻ ഡികാസ്റ്ററി. ലിയോ പതിനാലാമൻ പാപ്പായുടെ അനുവാദം ലഭിച്ചതിനെത്തുടർന്ന്, മെയ് 22 വ്യാഴാഴ്ച ഡികാസ്റ്ററി അദ്ധ്യക്ഷൻ കർദ്ദിനാൾ മർച്ചെല്ലോ സെമെറാറോയാണ് ഇതുസംബന്ധിച്ച ഡിക്രി പ്രസിദ്ധീകരിച്ചത്.

ദൈവദാസനും, 1889 മുതൽ കോട്ടയം വികാരിയാത്തിൽ തെക്കുംഭാഗക്കാർക്കായുള്ള വികാരി ജനറലും, തുടർന്ന് 1896 മുതൽ ചങ്ങനാശേരിയുടെയും, 1911-ൽ ക്നാനായ കത്തോലിക്കാർക്കായി സ്ഥാപിക്കപ്പെട്ട കോട്ടയത്തിന്റെയും പ്രഥമ തദ്ദേശീയ അപ്പസ്തോലിക വികാരിയും ആയിരുന്ന ബിഷപ് മാത്യു മാക്കീലിന്റെ വീരോചിതപുണ്യങ്ങൾ പരിശുദ്ധ സിംഹാസനം അംഗീകരിച്ചു. കോട്ടയം അതിരൂപതയിലെ വിസിറ്റേഷൻ സന്ന്യാസിനീസമൂഹത്തിന്റെ സ്ഥാപകൻ കൂടിയാണ് ദൈവദാസൻ ബിഷപ് മാത്യു മാക്കീൽ. 1851 മാർച്ച് 27-ന് കോട്ടയത്തിനടുത്തുള്ള മാഞ്ഞൂരിൽ ജനിച്ച അദ്ദേഹം 1914 ജനുവരി 26-ന് കോട്ടയത്തുവച്ചാണ് മരണമടഞ്ഞത്. മതാധ്യാപനം, വിദ്യാഭ്യാസം, സമർപ്പിതജീവിതത്തിലേക്കുള്ള വിളി എന്നിവ പ്രോത്സാഹിപ്പിക്കുക, മതാത്മകജീവിതം പ്രോത്സാഹിപ്പിക്കുന്ന സംഘടനകൾ വളർത്തുക, ദാരിദ്ര്യത്തിനെതിരായ പോരാട്ടം നടത്തുക തുടങ്ങിയ മേഖലകളിൽ വലിയ സംഭാവനകൾ നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.


സ്പെയിനിലെ ബെയ്സാമയിൽ 1920 ഏപ്രിൽ 19-ന് ജനിച്ച മാനുവൽ എന്ന ദൈവദാസൻ ബിഷപ് അലെസ്സാൻഡ്രോ ലബാക്ക ഉഗാർത്തെയുടെ ജീവത്യാഗം പരിശുദ്ധസിംഹാസനം അംഗീകരിച്ചു. 987 ജൂലൈ 21-ന് എക്വഡോറിലെ തിഗ്വിനോ പ്രദേശത്താണ് അദ്ദേഹം മരണമടഞ്ഞത്. കപ്പൂച്ചിൻ സഭംഗമായിരുന്ന അദ്ദേഹം, പൊമാറിയയുടെ സ്ഥാനിക മെത്രാനും, അഗ്വാറിക്കോയുടെ അപ്പസ്തോലിക വികാരിയുമായിരുന്നു.

കൊളംബിയയിലെ മെദലീനിൽ 1937 ഏപ്രിൽ 6-ന് ജനിച്ച മരിയ ന്യേവസ് ദേ മെദലീൻ എന്ന ദൈവദാസി സി. അഞ്ജേസെ അറാങ്കോ വെലാസ്കസിന്റെ ജീവത്യാഗവും വത്തിക്കാൻ അംഗീകരിച്ചു. തിരുക്കുടുംബത്തിന്റെ കപ്പൂച്ചിൻ മൂന്നാം സഭയെന്ന കോൺഗ്രിഗേഷനിലെ അംഗമായിരുന്ന സി. മരിയയും 1987 ജൂലൈ 21-ന് എക്വഡോറിലെ തിഗ്വിനോ പ്രദേശത്താണ് മരണമടഞ്ഞത്.

തദ്ദേശീയ ജനതകളുടെ അവകാശങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുവരവേ ബിഷപ് അലെസ്സാൻഡ്രോ ലബാക്ക ഉഗാർത്തെയെയും ദൈവദാസി സി. അഞ്ജേസെ അറാങ്കോ വെലാസ്കസിനെയും തിഗ്വിനോ പ്രദേശത്ത് കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തുകയായിരുന്നു.

ദൈവദാസരെ വിശുദ്ധരായി നാമകരണം ചെയ്യുന്നതിലേക്ക് നയിക്കുന്ന പടികളിൽ ഒന്നാണ് ഈ പ്രഖ്യാപനം. സാധാരണയായി ദൈവദാസനായി പ്രഖ്യാപിക്കപ്പെട്ടയാളെ പിന്നീട് ധന്യപദവിയിലേക്കും, തുടർന്ന് വാഴ്ത്തപ്പെട്ടവരുടെ പദവിയിലേക്കും ഉയർത്തിയശേഷമാണ് വിശുദ്ധനായി പ്രഖ്യാപിക്കുക.


GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
QUARTZ SLABS
Hundreds of colors in stock
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com



# പിഞ്ചു കല്യാണിയെ പീഡിപ്പിച്ചുകൊന്ന അമ്മയ്ക്കും ബന്ധുവിനും വേണ്ടത് വധശിക്ഷ

എ.എസ് ശ്രീകുമാർ

ആലുവയിലെ നാലു വയസുകാരി കല്യാണിയുടെ പൈശാചികമായ കൊലപാതകത്തിന്റെ പിന്നാമ്പുറ രഹസ്യങ്ങൾ ഒരു വലിയ നടുക്കത്തോടെ മാത്രമേ മനസാക്ഷിയുള്ളവർക്ക് കേട്ട്നിൽക്കാനാവൂ. അങ്കണവാടിയിൽ കൂട്ടുകാർക്കൊപ്പം ഒരു ചിത്രശലഭത്തെപ്പോലെ പാറിക്കളിച്ച് നടക്കേണ്ട പ്രായത്തിൽ സംരക്ഷിക്കേണ്ടവർ തന്നെ തല്ലിക്കെടുത്തിയ നിഷ്കളങ്കയായിരുന്നു കല്യാണി. ദുഷ്ട ജൻമമായ അമ്മ സന്ധ്യ പുഴയിലെറിഞ്ഞ് കൊലപ്പെടുത്തിയ പിഞ്ചു കുഞ്ഞ് സന്തോഷിക്കേണ്ട പ്രായത്തിൽ പെറ്റമ്മയുടെ ശാരീരിക പീഡനങ്ങളേറ്റുവാങ്ങി വേദനയേറെ സഹിച്ചാണ് പുഴയുടെ ആഴങ്ങളിലേയ്ക്ക് മറഞ്ഞുപോയത്.

മരിക്കുന്നതിന് തൊട്ട് മുമ്പ് വരെ കുട്ടയെ അച്ഛന്റെ അടുത്ത ബന്ധു ലൈംഗികമായി പീഡിപ്പിച്ചുവെന്ന പോസ്റ്റ്മോർട്ടം റിപ്പോർട്ടും ഞെട്ടിക്കുന്നതാണ്. അതുവരെ ഫ്രെയിമിലില്ലാത്ത ഒരാൾ പിടിക്കപ്പെട്ടത് കേസിന്റെ നിർണായക വഴിത്തിരിവുമാണ്. ഒരമ്മയ്ക്ക് ഇങ്ങനെയാകാമോ എന്ന ചോദ്യത്തിന് ഉത്തരമുണ്ട്. അങ്ങനെയാകാം. അമ്മമാർ മക്കളെ കൊലപ്പെടുത്തിയ സംഭവങ്ങളും മക്കൾ അമ്മമാരുടെ ജീവനെടുത്ത സംഭവങ്ങളും നാം കേട്ടിട്ടുണ്ട്. എന്നാൽ അതിക്രൂരവും പ്രകൃതിവിരുദ്ധവുമായി ബലാൽലംഗം ചെയ്യപ്പെട്ട ഒരു പിഞ്ചു കുഞ്ഞിന്റെ ജീവൻ അമ്മതന്നെയെടുത്ത സംഭവം സമാനതകളില്ലാത്താണ്. കോടതിയുടെ ഭാഷയിൽ പറഞ്ഞാൽ ''അപൂർവങ്ങളിൽ അപൂർവമാണ്...''

ഇക്കഴിഞ്ഞ തിങ്കളാഴ്ചയാണ് (മെയ് 19) നമ്മളാരും സ്വപ്നത്തിൽപോലും വിചാരിക്കാത്ത കൊലപാതകം നടന്നത്. അന്ന് രാവിലെ അങ്കണവാടിയിലെയ്ക്ക് പോയ കല്യാണിയെ കാണാതായി എന്നായിരുന്നു അമ്മ ആദ്യം പൊലീസിന് നൽകിയ മൊഴി. എന്നാൽ കല്യാണിയെ സന്ധ്യ ഒക്കത്തിരുത്തി അങ്കണവാടിയിലെയ്ക്ക് പോകുന്ന സി.സി.ടി.വി ദൃശ്യങ്ങൾ പോലീസ് കണ്ടെത്തി. സി.സി.ടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ വിശദമായ അന്വേഷണത്തിൽ കുട്ടിയുമായി സന്ധ്യ ആലുവയിൽ ബസ് ഇറങ്ങിയെന്ന് വ്യക്തമായി. തുടർന്ന് നടത്തിയ വിശദമായ ചോദ്യം ചെയ്യലിൽ കുട്ടിയെ മൂഴിക്കുളം പാലത്തിന് മുകളിൽ നിന്ന് താഴേയ്ക്ക് എറിഞ്ഞതായി അവർ പൊലീസിനോട് വ്യക്തമാക്കി. മൂഴിക്കുളം പാലത്തിന് താഴെ പൊലീസും സ്കൂബ ടീമും അടക്കം നടത്തിയ മണിക്കൂറുകൾ നീണ്ട തിരച്ചിലിനൊടുവിൽ കുട്ടിയുടെ മൃതദേഹം കണ്ടെത്തുകയായിരുന്നു.

അപ്പോഴും ''എന്തിന് ഇവർ കുട്ടിയെ പുഴയിലേയ്ക്കെറിഞ്ഞു..?'' എന്ന ചോദ്യത്തിന് ഉത്തരം കിട്ടിയിരുന്നില്ല. സന്ധ്യക്കെതിരെ ഭർത്താവ് സുഭാഷും മൂത്ത മകനും ശക്തമായി രംഗത്തുവന്നിരുന്നു. സന്ധ്യയുടെ സ്വഭാവത്തിൽ ദുരൂഹതയുള്ളതായി തോന്നിയിട്ടുണ്ടെന്ന് സുഭാഷ് പറയുന്നു. തന്നെയും അനുജത്തിയേയും അമ്മ എപ്പോഴും മർദ്ദിക്കാറുണ്ടായിരുന്നുവെന്നും അമ്മയെ തങ്ങൾക്ക് പേടിയായിരുന്നുവെന്നുമാണ് മകൻ പറഞ്ഞത്. അമ്മ തന്നെയും അനുജത്തിയേയും ടോർച്ചുകൊണ്ട് തലയ്ക്കടിച്ചിരുന്നു. നേരത്തെ കല്യാണിയെ വിഷം കൊടുത്ത് ഇല്ലാതാക്കാൻ സന്ധ്യ ശ്രമിച്ചിരുന്നു


Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave, New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road, Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy


Now baking
4 exciting
flavors
Plum
Cakes
Freshly
Made in USA
HOTCAKEUSA
Premium Plum Fruit & Nut Cake
Handmade with
Finest Organic
& Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing
Professionals from all 50 states
NOW
ACCEPTING
BULK
PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727

**ഒരു പിഞ്ചു കുഞ്ഞിനെ സംബന്ധിച്ചിടത്തോളം ഏറ്റവും സുരക്ഷിതമെന്ന് കരുതുന്നത് തന്റെ പെറ്റമ്മയുടെ കരങ്ങളാണ്. ഒരിക്കലും അത് അച്ഛന്റേതാവില്ല. തിരിച്ചറിവില്ലാത്ത പ്രായത്തിൽ കല്യാണിയും അങ്ങനെ തന്നെയായിരുന്നിരിക്കണം വിചാരിച്ചിരുന്നത്. എന്നാൽ ചെയ്യാത്ത കുറ്റത്തിന് അമ്മ തന്നെ നിരന്തരം തല്ലി നോവിക്കുമ്പോൾ കല്യാണിയുടെ കൊച്ചു മനസ് വല്ലാതെ പതറിയിട്ടുണ്ടാവും. പിടഞ്ഞിട്ടുണ്ടാവും. അച്ഛന്റെ അടുത്ത ബന്ധുവിന്റെ അധമ പ്രവർത്തിയെന്താണെന്നും ഈ കുഞ്ഞ് അതിന്റെ ഗൗരവത്തിൽ അറിഞ്ഞിട്ടില്ല. അതിനോട് എങ്ങനെ പ്രതികരിക്കണമെന്നും. ഒടുവിൽ താൻ ലോകത്തിലെ ഏറ്റവും സുരക്ഷിതമെന്ന് കരുതിയ അമ്മയുടെ കരങ്ങളാൽ തന്നെ അവൾ പുഴയിലേയ്ക്കെടുത്തെറിയപ്പെട്ടു... ഇന്ന് കല്യാണി വല്ലാത്തൊരു നോവാണ്... നീറ്റലാണ്...**

എന്ന വിവരവും പുറത്തു വന്നിട്ടുണ്ട്.

ഒന്നര വർഷത്തോളം കുട്ടി ലൈംഗികമായി പീഡിപ്പിക്കപ്പെട്ടുവെന്നാണ് പ്രാഥമിക പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നത്. പ്രകൃതി വിരുദ്ധ പീഡനത്തിന് വരെ കുട്ടിയെ ഉപയോഗിച്ചുവെന്ന സൂചനയുമുണ്ട്. കുട്ടിയുടെ ശരീരത്തിൽ നിരവധി പരിക്കുകളും മുറിവുകളുമുണ്ട്. കുട്ടിയുടെ സ്വകാര്യ ഭാഗങ്ങളിൽ മുറിവും രക്തസ്രാവവും ഉണ്ടായതായി പോസ്റ്റ് മോർട്ടം ചെയ്ത ഡോക്ടർ പൊലീസിന് മൊഴി നൽകി. ഡോക്ടർ, കുട്ടി പീഡനത്തിന് ഇരയായ വിവരം റൂറൽ എസ്.പി ഹേമലതയെ ആണ് അറിയിക്കുന്നത്.

ഇതിന്റെ അടിസ്ഥാനത്തിൽ അമ്മയെ റൂറൽ എസ്.പി നേരിട്ട് ചോദ്യം ചെയ്തതിലൂടെയാണ് അച്ഛന്റെ അടുത്ത ബന്ധുക്കളിലേക്ക് സംശയം എത്തുന്നതും യഥാർത്ഥ പ്രതി പിടിയിലാവുന്നതും. വീടിനുള്ളിൽ വെച്ചായിരുന്നു കുട്ടിയെ ഉപദ്രവിച്ചിരുന്നതെന്ന് ഇയാൾ പൊലീസിനോട് സമ്മതിച്ചിട്ടുണ്ട്. അബദ്ധം പറ്റിപ്പോയെന്നാണ് കുറ്റം സമ്മതിച്ച ഇയാൾ പിന്നീട് പൊലീസിനോട് പറഞ്ഞത്. എന്നാൽ സന്ധ്യ കുറ്റസമ്മതം നടത്തിയെങ്കിലും എന്തിനാണ് കുട്ടിയെ പുഴയിലെറിഞ്ഞതെന്ന് പോലീസിനോട് വ്യക്തമാക്കിയിട്ടില്ല.

സന്ധ്യയും സുഭാഷും മാനസികനായി അകൽച്ചയിലായിരുന്നു. അതിനാൽ ഭർത്താവും വീട്ടുകാരും വിഷമിക്കുന്നത് കാണാൻ വേണ്ടിയാണ് താൻ ഈ കൃത്യം നടത്തിയതെന്നാണ് സന്ധ്യ പോലീസിന് നൽകിയ മൊഴി. എന്നാൽ പോലീസ് ഇത് മുഖവിലയ്ക്കെടുത്തിട്ടില്ല. കൂടുതൽ ചോദ്യം ചെയ്യാനായി സന്ധ്യയെ ഇന്ന പോസീസ് കസ്റ്റഡിയിൽ വാങ്ങിയിട്ടുണ്ട്. സന്ധ്യയുടെ ഭർത്താവ് സുഭാഷിന്റേത് ആൺമക്കൾ കൂടുതലുള്ള കുടുംബമാണെന്നും കല്യാണിയെ കുടുംബത്തിലെ എല്ലാവരും സ്നേഹിച്ചത് സന്ധ്യയ്ക്ക് ഇഷ്ടമല്ലായിരുന്നുവെന്നും പൊലീസ് പറഞ്ഞു. സുഭാഷിന്റെ അമ്മ കുട്ടിയെ കൂടുതൽ ലാളിക്കുന്നതും സന്ധ്യ വിലക്കിയിരുന്നത്രേ.



സന്ധ്യയ്ക്കെതിരെ കൊലപാതക കുറ്റവും പീഡിപ്പിച്ച പ്രതിക്കൊതിരെ പോക്സോയുമാണ് ചുമത്തിയിരിക്കുന്നത്. അതേ സമയം സംഭവത്തിന്റെ തുടക്കം മുതൽ സന്ധ്യയെ രക്ഷിക്കാനുള്ള ശ്രമങ്ങളാണ് അവരുടെ വീട്ടുകാർ നടത്തുന്നത്. അതിന് ചില ന്യായങ്ങളും അവർ നിരത്തുന്നുണ്ട്. മകൾ ഹൈപ്പോ തൈറോയ്ഡ് രോഗിയായിരുന്നുവെന്ന് സന്ധ്യയുടെ അമ്മ മാധ്യമങ്ങളോട് പറഞ്ഞിരുന്നു. ഹൈപ്പർ തൈറോയ്ഡിസം ബാധിച്ച രോഗികൾക്ക് വിഷാദരോഗത്തിന്റെ ലക്ഷണങ്ങൾ സാധാരണയായി കണ്ടു വരാറുണ്ട്. ഇതാണോ സന്ധ്യ നിരന്തരം കുട്ടികളെ ഉപദ്രവിച്ചതിനും കല്യാണിയെ പുഴയിലെറിഞ്ഞതിനും കാരണം എന്ന് കണ്ടെത്തേണ്ടതുണ്ട്.

ഒരു പിഞ്ചു കുഞ്ഞിനെ സംബന്ധിച്ചിടത്തോളം ഏറ്റവും സുരക്ഷിതമെന്ന് കരുതുന്നത് തന്റെ പെറ്റമ്മയുടെ കരങ്ങളാണ്. ഒരിക്കലും അത് അച്ഛന്റേതാവില്ല. തിരിച്ചറിവില്ലാത്ത പ്രായത്തിൽ കല്യാണിയും അങ്ങനെ തന്നെയായിരുന്നിരിക്കണം വിചാരിച്ചിരുന്നത്. എന്നാൽ ചെയ്യാത്ത കുറ്റത്തിന് അമ്മ തന്നെ നിരന്തരം തല്ലി നോവിക്കുമ്പോൾ കല്യാണിയുടെ കൊച്ചു മനസ് വല്ലാതെ പതറിയിട്ടുണ്ടാവും. പിടഞ്ഞിട്ടുണ്ടാവും. അച്ഛന്റെ അടുത്ത




ബന്ധുവിന്റെ അധമ പ്രവർത്തിയെന്താണെന്നും ഈ കുഞ്ഞ് അതിന്റെ ഗൗരവത്തിൽ അറിഞ്ഞിട്ടില്ല. അതിനോട് എങ്ങനെ പ്രതികരിക്കണമെന്നും. ഒടുവിൽ താൻ ലോകത്തിലെ ഏറ്റവും സുരക്ഷിതമെന്ന് കരുതിയ അമ്മയുടെ കരങ്ങളാൽ തന്നെ അവൾ പുഴയിലേയ്ക്കെടുത്തെറിയപ്പെട്ടു... ഇന്ന് കല്യാണി വല്ലാത്തൊരു നോവാണ്... നീറ്റലാണ്...

# മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹ്യൂസ്റ്റൺ (മാഗ്) വാർഷിക ആരോഗ്യമേളയും രക്തദാന ക്യാമ്പും സംഘടിപ്പിച്ചു




**അജു വാരിക്കാട്**

ടെക്സസ്: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹ്യൂസ്റ്റൺ (മാഗ്) മെയ് 17 ശനിയാഴ്ച സ്റ്റാഫോർഡിലെ കേരള ഹൗസിൽ വാർഷിക ആരോഗ്യമേളയും രക്തദാന ക്യാമ്പും സംഘടിപ്പിച്ചു. അമേരിക്കയിലെ ആതുരസേവന മേഖലയിലെ പ്രമുഖരായ പത്തോളംഡോക്ടർമാർനേതൃത്വംനൽകിയപരിപാടി, സമൂഹത്തിന് മാതൃകയായി.

വിവിധ രോഗങ്ങളെക്കുറിച്ചും ചികിത്സാ രീതികളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനായി വിദഗ്ധ ഡോക്ടർമാർ ക്ലാസുകൾ നയിച്ചു. രോഗനിർണയത്തിനായി സൗജന്യ മെഡിക്കൽ പരിശോധനകൾ, ഇസിജി, രക്തസമ്മർദ്ദ പരിശോധന, രക്തത്തിലെ ഗ്ലൂക്കോസ് നിർണയം, കണ്ണ് പരിശോധന, സ്തനാർബുദ സാധ്യതാ പരിശോധന എന്നിവ ലഭ്യമാക്കി. ലോകോത്തര കാൻസർ ചികിത്സാ കേന്ദ്രമായ എം.ഡി. ആൻഡേഴ്സൺ കാൻസർ സെന്ററുമായി സഹകരിച്ച് നടത്തിയ രക്തദാന ക്യാമ്പ്, കാൻസർ രോഗികൾക്ക് വലിയ ആശ്വാസമായി.

കാർഡിയോളജി, എൻഡോക്രൈനോളജി, ഓങ്കോളജി, ജനറൽ മെഡിസിൻ, പൾമനോളജി, സൈക്യാട്രി തുടങ്ങിയ വിഭാഗങ്ങളിൽ ഡോക്ടർമാർ സേവനം നൽകി. രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിച്ച പരിപാടി, സ്റ്റാഫോർഡ് സിറ്റി മേയർ ശ്രീ. കെൻ മാത്യു ഉദ്ഘാടനം ചെയ്തു. മാഗ് പ്രസിഡന്റ് ജോസ് കെ. ജോൺ അധ്യക്ഷത വഹിച്ചു. ട്രഷറർ സുജിത് ചാക്കോ, പ്രോഗ്രാം കോ-ഓർഡിനേറ്റർ രേഷ്മ വിനോദ് എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു.

ഉച്ചയ്ക്ക് 12 മണിയോടെ നടന്ന സെമിനാറിൽ, പ്രശസ്ത ഡോക്ടർമാർ രോഗനിർണയം, ചികിത്സാ രീതികൾ, പ്രതിരോധ മാർഗങ്ങൾ എന്നിവയെ



ക്കുറിച്ച് വിശദീകരിച്ചു. ഡോ. സ്നേഹാൽ എസ്. ദേശായി (റേഡിയേഷൻ ഓങ്കോളജി), ഡോ. ഷെല്ലി ശർമ (റേഡിയേഷൻ ഓങ്കോളജി), ഡോ. സുനന്ദ മുരളി (സൈക്യാട്രി), ഡോ. സുജിത്ത് വി. ചെറിയാൻ (പൾമനോളജി), ഡോ. എലീന ചെറിയാൻ (എൻഡോക്രൈനോളജി), ഡോ. അരുൺ ആൻഡ്രൂസ് (സൈക്യാട്രി), ഡോ. ലാറി പുത്തൻപറമ്പിൽ (ഒഫ്താൽമോളജി), ഡോ. ജോജി കെ. ജോർജ് (കാർഡിയോളജി), ഡോ. ധന്യ വിജയകുമാർ (ന്യൂറോളജി), ഡോ. അശ്വതി ബി. പിള്ള (ജനറൽ മെഡിസിൻ) എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. സദസ്സിന്റെ ചോദ്യങ്ങൾക്ക് ഡോക്ടർമാർ വിശദമായ മറുപടികൾ നൽകി. രേഷ്മ വിനോദ് സെമിനാർ മോഡറേറ്ററായി.

ഉച്ചഭക്ഷണത്തിനു ശേഷം, എക്സൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രോഗ്രാം ഡയറക്ടർ ജയ്മോൾ ടോമി CPR-AED പരിശീലനം നൽകി. ക്യാൻസർ രോഗങ്ങളെക്കുറിച്ചുള്ള പവർപോയിന്റ് പ്രസന്റേഷൻ നഴ്സ് പ്രാക്ടീഷണർമാരായ അജി മാത്യു, സോഫി ടോമി, രേഷ്മ വിനോദ് എന്നിവർ നടത്തി. നവജാത ശിശുക്കളിലെ ഗ്രൂപ്പ് ബി സ്ട്രെപ്റ്റോകോക്കസ് (GBS) ഇൻഫെക്ഷനെക്കുറിച്ചുള്ള പ്രസന്റേഷൻ ക്ലിനിക്കൽ നഴ്സ് സ്പെഷ്യലിസ്റ്റ് സ്വപ്ന ജേക്കബ് അവതരിപ്പിച്ചു. രജിസ്റ്റർഡ് നഴ്സുമാരായ സുജ ഗോപിനാഥ്, സ്വപ്ന ജോജി, സുഷ പിള്ളൈ, ജീന ജോർജ്, അന്നമ്മ ഡേവിഡ് എന്നിവർ ഹൃദയ രോഗങ്ങൾ, മസ്തിഷ്കാഘാതം, പ്രമേഹം എന്നിവയെക്കുറിച്ചുള്ള പോസ്റ്റർ പ്രസന്റേഷനുകൾ നടത്തി.

വോളണ്ടിയർമാരെ ഏകോപിപ്പിച്ചത് ശ്രീമതി അനിത മധു ആയിരുന്നു. 40-ലധികം നഴ്സുമാരുടെ സന്നദ്ധ സേവനം പരിപാടിയുടെ വിജയത്തിന് കരുത്തേകി. ZAC Audios, Cooper Valves, Riverstone Medical Associates, Chettinad Indian Cuisine എന്നിവർ സ്പോൺസർമാരായി.

പ്രോഗ്രാം കോ-ഓർഡിനേറ്റർമാരുടെ അർപ്പണബോധവും സംഘാടന മികവും പരിപാടിയെ വിജയകരമാക്കി. ബിജോയ് തോമസും റീനു വർഗീസും രേഷ്മ വിനോദും വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗങ്ങളായ മാത്യൂസ് ചാണ്ടപ്പിള്ള, ക്രിസ്റ്റഫർ ജോർജ്, അലക്സ് മാത്യു, ജോസഫ് കുനതാൻ, വിഘ്നേഷ് ശിവൻ, ജോൺ ഡബ്ലിയു. വർഗീസ്, മിഖായേൽ ജോയ്, പ്രഭിത് മോൻ വെള്ളിയാൻ എന്നിവർ പരിപാടിയുടെ ഏകോപനത്തിൽ പങ്കാളികളായി.



മുൻ പ്രസിഡന്റുമാരായ സുരേന്ദ്രൻ പട്ടേൽ (ജഡ്ജ്, ഫോർട്ട്ബെൻഡ് കൗണ്ടി), ജോണി കുന്നക്കാട്ട്, വിനോദ് വാസുദേവൻ, ജോജി ജോസഫ് (ട്രസ്റ്റി ബോർഡ്), ഫെസിലിറ്റി മാനേജർ മോൻസി കുറിയാക്കോസ്, ജിനു തോമസ് (ട്രസ്റ്റി ബോർഡ്) തുടങ്ങിയവരും പരിപാടിയിൽ സന്നിഹിതരായിരുന്നു.

മാഗിന്റെ സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി നടന്ന ഈ ആരോഗ്യമേള, സമൂഹത്തിന് ആരോഗ്യ അവബോധവും സേവനവും നൽകുന്നതിൽ മികച്ച മാതൃകയായി.










KALYAN
JEWELLERS
NEW JERSEY
KALYAN
JEWELLERS
INDIA'S ICONIC
JEWELLERY BRAND IS
NOW IN THE
USA
MUHURAT WEDDING
COLLECTIONS
LARGEST COLLECTION
IN
GOLD, DIAMOND, POLKI,
PRECIOUS & UNCUT JEWELLERY
SPACIOUS
SHOWROOM
OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON

# അനു സ്കറിയ ഫോമാ ട്രഷററായി (2026-28) മത്സരിക്കുന്നു



ഫിലാഡൽഫിയ: 2026 –28 കാലത്തേക്ക് ഫോമാ ട്രഷററായി യുവ നേതാവ് അനു സ്കറിയ മൽസരിക്കുന്നു. ഇതോടെ യുവതലമുറയിലേക്ക് നേതൃത്വം കൈമാറ്റം ചെയ്യപ്പെടുന്നു എന്ന പ്രതീക്ഷ ഉണർന്നു. വലിയ പിന്തുണ അനു സ്കറിയക്കു ലഭിക്കുന്നുണ്ട്.

നേരത്തെ ജനറൽ സെക്രട്ടറിയായി മത്സരിക്കാനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ ഫോമായുടെ മെട്രോ റീജിയൻ യോഗം ചേർന്ന് ജനറൽ സെക്രട്ടറിയായി ഇപ്പോഴത്തെ ജോ. സെക്രട്ടറി പോൾ ജോസിനെ മത്സരിപ്പിക്കാൻ തീരുമാനിച്ച സാഹചര്യത്തിലാണ് അനു സ്കറിയ ട്രഷററായി മത്സരിക്കാൻ തീരുമാനിച്ചത്.

സെക്രട്ടറി സ്ഥാനം പോലെ തന്നെ സുപ്രധാനമായ ചുമതലയാണ് ട്രഷററുടേത്. സംഘടനയിൽ പ്രവർത്തിക്കുകയും സമൂഹത്തിനു സേവനം അനുഷ്ഠിക്കുകയുമാണ് പ്രധാനം, തസ്തിക ഏതെന്നത് അത്ര പ്രധാനമല്ലെന്നും അനു സ്കറിയ ചൂണ്ടിക്കാട്ടുന്നു

സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കുന്നപോൾ ജോസും സ്റ്റാൻലി കളത്തിലും തന്നെക്കാൾ വളരെ സീനിയറാണെന്നും അതിനാൽ മൂന്നു പേർ മത്സരിക്കുന്നതിൽ താത്പര്യമില്ലെന്നും അനു സ്കറിയ പറഞ്ഞു. മാത്രവുമല്ല താൻ പ്രതിനിധാനം ചെയ്യുന്ന ടീമിന്റെ ഉപദേശവും ഫോമായിലെ മുതിർന്ന നേതാക്കളുടെ താല്പര്യവും താൻ ബഹുമാനിക്കുന്നു. എല്ലാവരുമായും നല്ല ബന്ധം എന്ന നിലപാട് മാറ്റാൻ ഇഷ്ടപ്പെടുന്നില്ല. വിജയസാധ്യത ഏറെ ഉണ്ടായിട്ടും അനു സ്കറിയ പിന്മാറുന്നതിലെ ത്യാഗമനസ്ഥിതി മറ്റുള്ളവർക്കും മാതൃകയായി. യുവതലമുറ തത്വങ്ങൾ വിട്ട് വെറും അധികാരത്തിനു വേണ്ടി മാത്രം ഇറങ്ങിപ്പുറപ്പെടാൻ ആഗ്രഹിക്കുന്നില്ല എന്നതിന്റെ ഉത്തമോദാഹരണവുമായി ഇത്.

അഭിപ്രായ വ്യത്യാസങ്ങളില്ലാതെ, എല്ലാവരെയും ഒരുമിച്ച് ചേർത്ത് നിർത്തി കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുവാനുള്ള അനു സ്കറിയയുടെ പ്രത്യേക കഴിവ് മലയാളി അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഫിലഡൽഫിയ (MAP) നേരത്തെ അദ്ദേഹത്തിന് പൂർണ പിന്തുണ പ്രഖ്യാപിച്ചു നടത്തിയ യോഗത്തിൽ എടുത്തുപറയുകയുണ്ടായി. സംഘടനാ വൈദഗ്ധ്യവും, കർമ്മക്ഷമതയും, സമഗ്ര ഏകോപനം കൈവരിക്കാൻ ഉള്ള മികവും അദ്ദേഹത്തിന്റെ മികച്ച കഴിവാണ് എന്ന് ഏവരും വിലയിരുത്തി.

ഫോമായുടെ 2014 മുതലുള്ള പ്രസിഡന്റുമാർക്കുമൊപ്പം ചെറുതും വലുതുമായ ഉത്തരവാദിത്തങ്ങൾ ഏറ്റവും ഭംഗിയായ രീതിയിൽ നിർവ്വഹിക്കാൻ സാധിച്ചതിലൂടെ ആർജ്ജിച്ച ആത്മവിശ്വാസമാണ് ഈ യുവനേതാവിന്റെ കൈമുതൽ. ഏറെക്കാലമായി ഏതെങ്കിലും ദേശീയ സ്ഥാനത്തേക്ക് മത്സരിക്കാൻ പലരിൽ നിന്നും സ്നേഹപൂർവമായ അഭ്യർത്ഥന ഉണ്ടായിട്ടും കൃത്യമായ ഒരു അവസരം വന്നുചേരുന്നതുവരെ കാത്തിരിക്കുകയായിരുന്നു. ട്രഷറർ സ്ഥാനത്തു അനു സ്കറിയ മുതൽക്കൂട്ട് ആവുമെന്ന് ഉറപ്പ്. പണമിടപാടിൽ സുതാര്യതയും സത്യസന്ധതയും അദ്ദേഹം ഉറപ്പു നൽകുന്നു. ഇപ്പോൾ അനു സ്കറിയ ഫോമായുടെ സമ്മർ റ്റു കേരള പ്രോജക്റ്റിന്റെ കൺവീനറെന്ന നിലയിൽ തിരക്കിലാണ്. അടുത്ത മാസമാണ് ഒരു പറ്റം യുവതീയുവാക്കളെ കേരളത്തിലേക്ക് അയക്കുന്നത്. നമ്മുടെ സംസ്കാരവും കലയും പൈതൃകവുമെല്ലാം നേരിട്ടറിയാൻ അവസരമൊരുക്കുക എന്നതാണ് ഈ പ്രോജക്റ്റിന്റെ ലക്ഷ്യം.

# ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ നേഴ്സസ് മിനിസ്ട്രിക്ക് തുടക്കമായി

**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ നേഴ്സസ് മിനിസ്ട്രിക്ക് ഔദ്യോഗികമായ തുടക്കം കുറിച്ചു. മെയ് 18 ഞായറാഴ്ച രാവിലെ പത്തുമണിക്കുള്ള വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം വികാരി ഫാ. സിജു മുടക്കോടിൽ അസി. വികാരി ഫാ. അനീഷ് മാവേലി പുത്തെൻപുര എന്നിവരുടെ സാന്നിധ്യത്തിൽ നടപ്പെട്ട യോഗത്തോടുകൂടിയാണ് നേഴ്സസ് മിനിസ്ട്രിക്ക് തുടക്കമായത്. ഫാ. സിജു മുടക്കോടിയുടെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ, നേഴ്സസ് മിനിസ്ട്രിയുടെ ആവശ്യകതെയെക്കുറിച്ചും, ചരിത്രത്തെക്കുറിച്ചും ക്നാനായ റീജണിൽ നേഴ്സസ് മിനിസ്ട്രിയുടെ പ്രസക്തിയെക്കുറിച്ചും ഫാ. സിജു സംസാരിച്ചു. ദീർഘകാലം ഹോസ്പിറ്റൽ ചാപ്ലയിൻ ആയി സേവനം ചെയ്തിരുന്ന അവസരത്തിൽ രോഗികളുടെ ആരോഗ്യകാര്യങ്ങളിലുള്ള പരിപാലനത്തോടൊപ്പം, അവരുടെ ആത്മീയകാര്യങ്ങളിലും നിർണ്ണായകമായ ഇടപെടലുകളും സഹായങ്ങളും ക്രമീകരിക്കുന്നതിൽ നേഴ്സുമാർ കാണിച്ചിരുന്ന ശ്രദ്ധയും കരുതലും അദ്ദേഹം വിവരിച്ചു. നേഴ്സസ് മിനിസ്ട്രിയുടെ കോർഡിനേറ്റർ ലിസി മുല്ലപ്പള്ളി നേഴ്സസ് മിനിസ്ട്രിയിലൂടെ ആത്മീയമായും ജോലിസംബന്ധമായും വളരുകയും പരസ്പരം പിന്തുണക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതെയെകുറിച്ച് സംസാരിച്ചു. ഷേർളി തോട്ടുങ്കൽ, ജൂലി കൊരട്ടിയിൽ, മാത്യൂസ് ജോസ്, ജീന കുരുട്ടുപറമ്പിൽ എന്നിവരെ ലിസി മുല്ലപ്പള്ളിയുടെ നേതൃത്വത്തിലുള്ള കമ്മറ്റിയിലേക്ക് തെരെഞ്ഞെടുത്തു. ഇടവക വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം, പി ആർ ഓ അനിൽ മറ്റത്തിക്കുന്നേൽ എന്നിവർ മിനിസ്ട്രിയുടെ ഉദ്ഘാടനയോഗത്തിന്റെ സജ്ജീകരണങ്ങൾക്ക് നേതൃത്വം നൽകി.










Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# എലിസബത്ത് എബ്രഹാം മർഫി സിറ്റി കൗൺസിൽ അംഗമായി സത്യപ്രതിജ്ഞ ചെയ്തു






**പി പി ചെറിയാൻ**

മർഫി:മർഫി സിറ്റി കൗൺസിലിലേക്ക് മത്സരിച്ചു വിജയിച്ച എലിസബത്ത് അബ്രഹാം കൗൺസിൽ അംഗമായി സത്യപ്രതിജ്ഞ ചെയ്തു അധികാരമേറ്റു.

മെയ് 20 ചൊവാഴ്ച വൈകീട്ട് മർഫി സിറ്റി ഹാളിൽ നടന്ന ചടങ്ങിലാണ് സത്യപ്രതിജ്ഞ ചടങ്ങു് നടന്നത്. മെയ് 3 നു നടന്ന തിരഞ്ഞെടുപ്പിൽ വൻഭൂരിപക്ഷത്തോടെയാണ് എതിരാളിയായ നദീം കരീമിനെ എലിസബത്തു പരാജയപ്പെടുത്തിയത്.

ഫാർമേഴ്സ് ബ്രാഞ്ച് സെന്റ് ആൻഡ്രൂസ് എപ്പിസ്കോപ്പൽ ഇടവക വികാരി റവ: റോയ് തോമസ് ഉൾപ്പെട നിരവധി പേര് ചടങ്ങിൽ പങ്കെടുത്തു.

2019ൽ ആദ്യമായി എലിസബത്ത് തിരഞ്ഞെടുക്കപ്പെട്ടു. 2022 ൽ വീണ്ടും വൻ ഭൂരുപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തിരുന്നു. നിലവിലെ കാലാവധി 2025 മെയ് മാസം അവസാനികുന്നത് മൂലമാണ് വീണ്ടും മത്സര രംഗത്തെത്തിയത്. മേയർ പ്രോ ടെം എന്ന നിലയിൽ പ്രവർത്തിച്ചു വരികയായിരുന്നു എലിസബത്ത് എബ്രഹാം



എലിസബത്ത് എബ്രഹാം കൗൺസിൽ അംഗം മേയർ പ്രോ ടെം എന്നെ നിലകളിൽ നിരവധി പ്രധാന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. മാക്സ്വെൽ ക്രീക്കിനടുത്തുള്ള നിർദ്ദിഷ്ട മലിനജല ശുദ്ധീകരണ പ്ലാന്റിനെതിരെയുള്ള ശ്രമങ്ങൾക്ക് അവർ നേതൃത്വം നൽകി, ഇത് വികസന സാന്ദ്രത കുറയ്ക്കുന്നതിനും പരിസ്ഥിതി സംരക്ഷണം മെച്ചപ്പെടുത്തുന്നതിനും കാരണമായി. നഗരത്തിന്റെ സമ്പദ്‌വ്യവസ്ഥ ഉയർത്തിക്കൊണ്ട് എച്ച്-ഇ-ബി, ടോർച്ചീസ് ടാക്കോസ് പോലുള്ള ബിസിനസുകളെ മർഫിയിലേക്ക് ആകർഷിക്കുന്നതിലും നിർണായക പങ്ക് വഹിച്ചു. അവരുടെ നേതൃത്വം നഗരത്തിന്റെ ജീവിത നിലവാരം ഉയർത്തുകയും ടെക്സസിലെ ഏറ്റവും മികച്ചതും സുരക്ഷിതവുമായ സ്ഥലങ്ങളിൽ ഒന്നായി അംഗീകാരം നേടുകയും ചെയ്തു. കൂടാതെ, താമസക്കാരുടെ ഇടപെടൽ വർദ്ധിപ്പിക്കുന്നതിനുള്ള അവരുടെ ശ്രമങ്ങൾ നഗരത്തിലെ ബോർഡുകളിലും കമ്മീഷനുകളിലും ശക്തമായ പങ്കാളിത്തത്തിന് കാരണമായി. മർഫി നിവാസികൾക്ക് സുസ്ഥിര വളർച്ച, സാമ്പത്തിക വികസനം, അസാധാരണമായ ജീവിത നിലവാരം എന്നിവ വളർത്തിയെടുക്കുന്നതിനുള്ള എലിസബത്ത് എബ്രഹാമിന്റെ സമർപ്പണമാണ് ഈ നേട്ടങ്ങൾ തെളിയിക്കുന്നത്.

# Got into an accident?
# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

1-845-727-4022

We will pick up the vehicle
and repair it fully to your satisfaction!

# തുർക്കിയുടെ പഴവും പലഹാരങ്ങളും ഇന്ത്യയ്ക്ക് വേണ്ട, ഡെസ്റ്റിനേഷൻ വെഡ്ഡിങ്ങും വെട്ടിലായി




എ.എസ് ശ്രീകുമാർ

പഹൽഗാം ഭീകരാക്രമണത്തെ തുടർന്ന് ഇന്ത്യ-പാക് സംഘർഷം നടക്കുമ്പോൾ ഡ്രോണുകൾ ഉൾപ്പെടെയുള്ള ആയുധങ്ങൾ നൽകി പാകിസ്ഥാനെ പിന്തുണച്ച തുർക്കി ഉൽപന്നങ്ങൾക്ക് ഇന്ത്യയിൽ ബഹിഷ്കരണം തുടരുകയാണ്. പ്രശസ്തമായ തുർക്കി ആപ്പിളുകൾ വേണ്ടെന്നു വെച്ചതിന് പിന്നാലെ ഡ്രൈ ഫ്രൂട്സും മധുര പലഹാരങ്ങളും ഉൾപ്പെടെ ബഹിഷ്കരിക്കുന്നതായി ഇന്ത്യൻ വ്യാപാരികൾ പ്രഖ്യാപിച്ചിരുന്നു. തുടർന്ന് ഫാഷൻ രംഗത്തും ബഹിഷ്കരണം ആരംഭിച്ചിരിക്കുകയാണ്.

തുർക്കി ബ്രാൻഡുകളെ ഓൺലൈൻ ഫാഷൻ പ്ലാറ്റ്ഫോമായ മിന്ത്രയും അജിയോയും ബഹിഷ്കരിച്ചതായാണ് റിപ്പോർട്ടുകൾ. തുർക്കിയിലെ ബ്രാൻഡഡ് വസ്ത്രങ്ങൾ ഈ രണ്ട് ഓൺലൈൻ ഫാഷൻ പ്ലാറ്റ്ഫോമുകളും നീക്കം ചെയ്തിട്ടുണ്ട്. ട്രെൻഡിയോൾ എന്ന തുർക്കി ബ്രാൻഡ് വിൽക്കുന്ന ഏക ഇന്ത്യൻ കമ്പനിയാണ് മിന്ത്ര. ഓപ്പറേഷൻ സിന്ദൂർ നടക്കുമ്പോൾ പാകിസ്താന് തുർക്കിയുടെ പിന്തുണ വ്യക്തമായതിന് പിന്നാലെ മിന്ത്ര വെബ്സൈറ്റിൽ നിന്ന് തുർക്കി ബ്രാൻഡുകളുടെ വസ്ത്രങ്ങൾ നീക്കം ചെയ്യാനുള്ള നടപടി ആരംഭിച്ചിരുന്നു.

ഇന്ത്യയിലേക്ക് പാക് സൈന്യം നടത്തിയ ആക്രമണത്തിന് ഉപയോഗിച്ച ഡ്രോണുകൾ തുർക്കി നൽകിയതായിരുന്നു. ഇതിന് പിന്നാലെ ഇന്ത്യയും തുർക്കിയും തമ്മിലുള്ള ബന്ധം മോശമായി. ബേക്കറി ഉത്പന്നങ്ങളുടെ നിർമാണത്തിനായി തുർക്കിയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന അസംസ്കൃത വസ്തുക്കൾ ബഹിഷ്കരിക്കുമെന്ന് ഇന്ത്യൻ ബേക്കേഴ്സ് ഫെഡറേഷൻ ആണ് അറിയിച്ചിരിക്കുന്നത്. ബേക്കറി ഉൽപന്നങ്ങൾക്കായുള്ള ഡ്രൈ ഫ്രൂട്സ്, നട്സ്, ജെൽസ്, ഫ്ളേവറുകൾ തുടങ്ങിയവയൊന്നും തുർക്കിയിൽ നിന്ന് ഇനി വാങ്ങേണ്ടതില്ലെന്നാണ് ഫെഡറേഷന്റെ തീരുമാനം.

നേരത്തെ തുർക്കിയിൽ നിന്നുള്ള പഴവർഗങ്ങളുടെ ഇറക്കുമതി ഇന്ത്യ വേണ്ടെന്ന് വച്ചിരുന്നു. പ്രതിവർഷം 1,400 കോടിയുടെ ആപ്പിളാണ് തുർക്കിയിൽ നിന്ന് ഇന്ത്യ ഇറക്കുമതി ചെയ്തു വന്നിരുന്നത്. ഇതാണ് കനത്ത തിരിച്ചടി നൽകികൊണ്ട് ഒറ്റയടിക്ക് ഇന്ത്യ വേണ്ടെന്നു വെച്ചത്. വ്യോമയാന മേഖലയിലെ ടർക്കിഷ് കമ്പനിയുമായുള്ള സഹകരണം ഉൾപ്പെടെ റദ്ദാക്കാനും കേന്ദ്ര സർക്കാർ തീരുമാനിക്കുകയായിരുന്നു. ടൂറിസം മേഖലയിലും വലിയ തിരിച്ചടിയാണ് തുർക്കി ഇതോടെ നേരിടാൻ പോകുന്നത്. പാകിസ്താന് അനുകൂല നിലപാട് സ്വീകരിച്ച അസർബൈജാനെയും ഇന്ത്യ ബഹിഷ്കരിക്കും.

നിരവധി ഇന്ത്യൻ വിനോദ സഞ്ചാരികളാണ് തുർക്കിയിലേയ്ക്കും അസർബൈജാനിലേയ്ക്കുമുള്ള യാത്ര റദ്ദാക്കിയിരിക്കുന്നത്. ക്രിസ്തുവുമായി ബന്ധപ്പെട്ട ഓട്ടോമൻ സാമ്രാജ്യം തല്ലിത്തകർത്ത ധാരാളം ചരിത്ര സ്മാരകശിലകൾ തുർക്കിയിലുണ്ട്.

അവിടുത്തെ ചില പ്രമുഖ മോസ്ക് കാണാനും ഇസ്ലാം വിശ്വാസികൾ ധാരാളമായി പോകാറുണ്ട്. തുർക്കിയിലെ സബാൻസി സർവകലാശാലയുമായുള്ള സഹകരണം സംബന്ധിച്ച ധാരണാപത്രം ഇന്ത്യ റദ്ദാക്കിയിട്ടുണ്ട്. അതേസമയം, ഓപ്പറേഷൻ സിന്ദൂർ വിശദീകരിക്കാനുള്ള ഇന്ത്യൻ പ്രതിനിധി സംഘം തുർക്കിയിലേയ്ക്ക് പോകില്ല.

തുർക്കിക്ക് പുറമെ ചൈനയും കാനഡയും ഇന്ത്യ ഒഴിവാക്കിയിട്ടുണ്ട്. പാകിസ്ഥാനുമായുള്ള തീവ്ര സൗഹൃദമാണ് ചൈനയും തുർക്കിയും ഒഴിവാക്കാനുള്ള കാരണം. ഇന്ത്യാ വിരുദ്ധ നിലപാടുയർത്തി ഖലിസ്ഥാൻ വിഘടന വാദത്തെ പിന്തുണക്കുന്നതിനാലാണ് കാനഡക്കെതിരായ നിലപാട്. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, കാൺപൂരിലെ ഛത്രപതിഷാഹുജി മഹാരാജ് ജാമിയ മിലിയ ഇസ്ലാമിയ എന്നീ സർവകലാശാലകൾ ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട പരിഗണനകൾ ചൂണ്ടിക്കാട്ടി തുർക്കിയിലെ വിവിധ സ്ഥാപനങ്ങളുമായുള്ള സഹകരണം അവസാനിപ്പിച്ചിരുന്നു.

അന്താരാഷ്ട്ര തലത്തിൽ യാതൊരു മതിപ്പുമില്ലാത്ത രാജ്യമാണ്, അറുന്നൂറിലധികം വർഷം ഒട്ടോമൻ സാമ്രാജ്യത്തിന്റെ കേന്ദ്രമായിരുന്ന തുർക്കി. ഓട്ടോമൻ തുർക്കികളെ പോലെ കൊന്നും കുതികാൽ വെട്ടിയും അഴിഞ്ഞാടുന്ന മതഭ്രാന്തന്മാരുടെ കേന്ദ്രമാണിത്. മതമൗലികവാദികൾക്ക് വളക്കൂറുള്ള മണ്ണാണ് തുർക്കി. ലോകത്തെ മനുഷ്യർക്കും ഭരണകൂടങ്ങൾക്കും കാലോചിതമായ മാറ്റമുണ്ടാകുന്നുണ്ടെങ്കിലും തുർക്കി കടുത്ത ഇസ്ലാം ഭീകരതയുടെ മാറാത്ത മണ്ണാണ് ഇന്നും. തുർക്കി പ്രസിഡന്റ് എർദോഗൻ പറഞ്ഞത് പാകിസ്ഥാൻ തന്റെ സഹോദര രാജ്യമാണെന്നാണ്. ഓട്ടോമൻ സാമ്രാജ്യം 1890-കളിൽ 15 ലക്ഷത്തിലധികം അർമേനിയൻ ക്രിസ്ത്യാനികളെയാണ് മതം മാറാത്തതിന്റെ പേരിൽ കൊലപ്പെടുത്തിയത്.

ഗൾഫ്, ആഫ്രിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും കൂട്ടക്കൊല ചെയ്ത രാജ്യമാണ് തുർക്കി. അർമേനിയൻ വംശഹത്യ കുപ്രസിദ്ധമാണ്. ലോക രാഷ്ട്രങ്ങൾ കാശ്മീർ കൂട്ടക്കൊലയെ അപലപിച്ചപ്പോൾ തുർക്കി പ്രസിഡന്റ് എരിതീയിൽ എണ്ണയൊഴിക്കുകയായിരുന്നു. തുർക്കി പ്രസിഡന്റിന്റ മതതീവ്രത വെളിപ്പെടുത്തിയ സംഭവമാണ് ഇസ്താംബൂളിന്റെ ഹാഗിയ സോഫിയ ഗ്രീക്ക് ഓർത്തഡോക്സ് പുരാതന കത്തീഡ്രൽ 2020-ൽ മോസ്ക് ആക്കി പ്രാർത്ഥനക്ക് അനുവദിച്ചത്. ഗ്രീസ്, അർമേനിയ, സൈപ്രസ്, മാസിഡോണിയ, ബൾഗേറിയ തുടങ്ങിയ രാജ്യങ്ങൾ തുർക്കിയുടെ ശത്രുപക്ഷത്താണ്.

ഏതായാലും പാകിസ്താന് നല്കിയ പിന്തുണയിൽ തുർക്കിയിലെ ഡെസ്റ്റിനേഷൻ വെഡിങ് വ്യവസായവും കൊടും തകർച്ചയിലായി. ഇന്ത്യൻ വെഡിങ് പ്ലാനർമാരുടെ വ്യാപക ബഹിഷ്കരണത്തെ തുടർന്ന് ആഡംബര ടൂറിസത്തിന്റെ പ്രധാന ഘടകമായിരുന്ന ഈ മേഖല വെട്ടിലായി. ഡെസ്റ്റിനേഷൻ വെഡ്ഡിങ് കേന്ദ്രങ്ങളിൽ വർഷം തോറും നടക്കുന്ന ഇന്ത്യൻ വിവാഹങ്ങൾ തുർക്കിയുടെ ടൂറിസം സമ്പദ്വ്യവസ്ഥയിലേക്ക് 140 മില്യൺ ഡോളറിലധികം, അതായത് ഏകദേശം 1198 കോടിരൂപ, സംഭാവന ചെയ്യുന്നുണ്ട്.

ഇസ്താംബൂളിലെ കൊട്ടാരങ്ങൾ മുതൽ ബോഡ്രമിലെ തീരദേശ റിട്രീറ്റുകൾ വരെ വിവാഹതരാകാനൊരുങ്ങുന്നവരുടെ പ്രിയപ്പെട്ട ഇടങ്ങളായിരുന്നു. 2024-ൽ മാത്രം 50-ഓളം ആഡംബര ഇന്ത്യൻ വിവാഹങ്ങൾക്ക് തുർക്കി ആതിഥേയത്വം വഹിച്ചു. ഓരോ വിവാഹത്തിന്റെയും ശരാശരി ചെലവ് മൂന്ന് മില്യൺ ഡോളറായിരുന്നു. ഇക്കൂട്ടത്തിൽ എട്ട് മില്യൺ ഡോളർ വരെ ചെലവ് വന്ന വിവാഹങ്ങളുമുണ്ടായിരുന്നു. പലപ്പോഴും ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾ പ്രാദേശിക കച്ചവടക്കാർക്കും ടൂറിസവുമായി ബന്ധപ്പെട്ട ബിസിനസ്സുകൾക്കും വലിയ ചാകരയായിരുന്നു.


ATTORNEY AT LAW
VINOD KEARKE



- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208

# ഹ്യൂസ്റ്റൺ ക്നാനായ ഇടവക പാസ്റ്ററൽ സെന്റർ ശിലാസ്ഥാപനം മാർ മാത്യു മൂലക്കാട്ട് നിർവഹിച്ചു



ബിബി തെക്കനാട്ട്

ഹ്യൂസ്റ്റൺ: സെന്റ് മേരീസ് ക്നാനായ കാത്തോലിക്കാ ഫൊറോനാ ദൈവാലത്തോടനുബന്ധിച്ച് പുതിയതായി നിർമ്മിക്കുന്ന അജപാലന മന്ദിരത്തിന്റെ ശിലാസ്ഥാപന കർമ്മം മെയ് 18 ഞായറാഴ്ച നടത്തപ്പെട്ടു. കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് പിതാവാണ് ശിലാസ്ഥാപനകർമ്മം നിർവഹിച്ചത്.

വൈകുന്നേരം ആറു മണിക്ക് നടന്ന ആഘോഷമായ ദിവ്യബലിക്ക് അഭിവന്ദ്യ മെത്രാപ്പോലീത്ത മുഖ്യകാർമികത്വം വഹിച്ചു. വികാരി റവ. ഫാ, ഏബ്രഹാം മുത്തോലത്ത്, അസിസ്റ്റന്റ് വികാരി റവ. ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ സഹകാർമ്മികരായിരുന്നു.

ഏറെ സന്തോഷത്തോടു കൂടിയാണ് ഈ വിശുദ്ധ ബലി അർപ്പിക്കുന്നതെന്ന് പിതാവ് ആമുഖമായി പറഞ്ഞു. സഭയോടൊത്തു വളരുവാനും സഭയുടെ പ്രവർത്തനങ്ങളിൽ സജീവമാകുവാനും വേദപാഠ പഠനം ഇടവകയ്ക്ക് അനിവാര്യമാണെന്ന് അഭിവന്ദ്യ പിതാവ് ഓർമിപ്പിച്ചു. വലിയൊരു പണ്ഡിതനായിരുന്ന സാവൂൾ തന്റെ വഴിയാണ് ശരിയെന്ന മനോഭാവത്തിൽ ആണ് സഭയെ പീഡിപ്പിക്കുവാൻ ഡമാസ്കസിലേക്കു പുറപ്പെട്ടത്. എന്നാൽ യേശുവിനെ നാഥനും രക്ഷകനും ആയി സ്വീകരിച്ചപ്പോൾ സഭയുടെ ഏറ്റവും വലിയ പ്രേഷിതനായി അദ്ദേഹം മാറിയതു പോലെ നാമോരോരുത്തരും ഈശോയുടെ സാക്ഷികളായി മാറണമെന്നും, തീക്ഷണതയും പാണ്ഡിത്യവും, ദൈവഹിതം മനസിലാക്കി ജീവിക്കുവാൻ പ്രയോജനപ്പെടുത്തണമെന്നും അഭിവന്ദ്യ പിതാവ് അനുസ്മരിപ്പിച്ചു.



ദിവ്യബലിക്ക് ശേഷം അഭിവന്ദ്യ പിതാവിനോടും വൈദികരോടുമൊപ്പം ഇടവകാംഗങ്ങൾ പ്രദിക്ഷിണമായി ശിലാസ്ഥാപനകർമത്തിനുള്ള സ്ഥലത്തേക്കു പോയി. തുടർന്ന് പിതാവ് ശില ആശിർവദിച്ച് വൈദികർക്കു കൈമാറി. കൈക്കാരന്മാരായ ഷാജുമോൻ മുകളേൽ, ബാബു പറയംകാലായിൽ, ജോപ്പൻ പൂവപ്പാടത്ത്, ഡി.ആർ.ഇ. ജോൺസൻ വട്ടമറ്റം എന്നിവർ ചേർന്ന് ശില സ്ഥാപിച്ചു. തുടർന്ന് തിരുബാലസഘ്യം, മിഷൻലീഗ്, യൂത്ത് മിനിസ്ട്രി, വുമൺ മിനിസ്ടറി, മെൻ മിനിസ്ടറി, സീനിയേഴ്സ്, എന്നിവയിലെ അംഗങ്ങൾ ഉൾപ്പെടെ ഏവരും സ്വന്തം പേരുകൾ എഴുതിയ കല്ലുകൾ, പിതാവ് ആശീർവദിച്ചു സ്ഥാപിച്ച കല്ലിനോടു ചേർത്തുവച്ചു. സീനിയേഴ്സ് മിനിസ്ടറി, വിമൺസ് മിനിസ്ടറി എന്നിവരുടെ നേതൃത്വത്തിൽ പാചകം ചെയ്ത പിടിയും കോഴിയും സ്നേഹവിരുന്നായി ഏവരും ആസ്വദിച്ചു.

കുട്ടികളുടെയും യുവജനങ്ങളുടെയും മതബോധന പരിശീലനം, ഇടവകയിലെ

വിവിധ ഭക്തസംഘടനകളുടെയും മിനിസ്റ്ററികളുടെയും പ്രവർത്തനം, പ്രാർത്ഥനാഗ്രൂപ്പുകൾ, ധ്യാനം, യുവജന പരിപാടികൾ, ഫൊറോനാതല അജപാലന പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കുവേണ്ടിയാണ് ഇടവകയുടെ ഈ അജപാലനകേന്ദ്രം നിർമ്മിക്കുന്നത്. ഇടവകാംഗങ്ങളുടെ ചിരകാല അഭിലാഷമായ ഈ പുതിയ സംരംഭത്തിന് ഇടവകാംഗങ്ങളുടെ സജീവ സാന്നിധ്യവും ഉണ്ടായിരുന്നു. ഭക്തിസാന്ദ്രമായ ഗാനങ്ങളാൽ ചടങ്ങുകൾ മനോഹരമാക്കിയ ഗായക സംഘവും, അൾത്താര ശുശ്രുഷികളും ഈ തിരുക്കർമങ്ങൾക്കു മാറ്റുകൂട്ടി.

ഈ മനോഹര ചടങ്ങുകൾക്ക് പാരിഷ് എക്സിക്യൂട്ടീവ് അംഗങ്ങളായ ജയിച്ചൻ തയ്യിൽ പുത്തൻപുരയിൽ, ഷാജുമോൻ മുകളേൽ, ബാബു പറയംകാലയിൽ , ജോപ്പൻ പൂവപ്പാടത്ത്, സിസ്റ്റർ റെജി എസ്.ജെ.സി, ജോസ് പുളിയ്ക്കത്തൊട്ടിയിൽ, ടോം വിരിപ്പൻ, ബിബി തെക്കനാട്ട്, പാരിഷ് കൗൺസിൽ അംഗങ്ങൾ, വിവിധ മിനിസ്റ്ററികൾ തുടങ്ങിയവർ നേതൃത്വം നൽകി.

ഈ മംഗളകർമ്മം എല്ലാവരുടെയും സജീവ സാന്നിദ്ധ്യത്താലും സഹകരണത്താലും വൻ വിജയമാക്കിയതിന് വികാരി റവ. ഫാ. ഏബ്രഹാം മുത്തോലത്ത്, അസിസ്റ്റന്റ് വികാരി റവ. ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ നന്ദി പ്രകാശിപ്പിച്ചു.













# ഡാളസ് ശ്രീഗുരുവായൂരപ്പൻ ക്ഷേത്രപ്രതിഷ്ഠാദിന വാർഷികം - 2025



ഡാളസ് ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിലെ പ്രതിഷ്ഠാദിന വാർഷികം 2025 മെയ് 15 മുതൽ ജൂൺ 1 വരെ ആഘോഷപൂർവം നടത്തപ്പെടുന്നു.

ബ്രഹ്മശ്രീ കരിയന്നൂർ ദിവാകരൻ നമ്പൂതിരിയുടെ മുഖ്യകാർമ്മികത്വത്തിൽ കാരക്കാട്ടുപരമേശ്വരൻ നമ്പൂതിരി, കല്ലൂർവാസുദേവൻ നമ്പൂതിരിപ്പാട് എന്നിവർ ചേർന്ന് മെയ് 15നും 16നും ശുദ്ധി പൂജാദികർമ്മങ്ങളും കലശപൂജകളും, മെയ് 25ന് കളഭം, മെയ് 31ന് നവകാഭിഷേകം എന്നിവയും നിർവഹിക്കുന്നു. മെയ് 17 മുതൽമെയ് 27 വരെ ഉദയാസ്തമനപൂജകൾ ഉണ്ടായിരിക്കുന്നതാണ്.

പ്രതിഷ്ഠാ വാർഷികദിനമായ മെയ് 28 ന്അലങ്കരിച്ച ആനപ്പുറത്തു ഭഗവാന്റെതിരുഎഴുന്നള്ളിപ്പ് ഭക്തജനങ്ങളുടെ താലപ്പൊലിയുടെയും ചെണ്ടമേളത്തിന്റെയും അകമ്പടിയോടുകൂടി ഉണ്ടായിരിക്കുന്നതാണ്. എല്ലാസജ്ജനങ്ങളേയും പൂജാദികർമങ്ങളിൽ പങ്കുചേരുന്നതിനും അനുഗ്രഹം സിദ്ധിക്കുന്നതിലേക്കുമായി ഭഗവൽനാമത്തിൽ ക്ഷേത്രത്തിലേക്ക ്ക്ഷണിച്ചുകൊള്ളുന്നു. ദേവീപൊങ്കാലയിൽ പങ്കെടുക്കുവാൻ നിരവധി ഭക്തജനങ്ങൾ ഇതിനോടകം തന്നെ രജിസ്റ്റർ ചെയ്തുകഴിഞ്ഞു.



വാരാന്ത്യദിവസങ്ങളിൽ, ഇരുപതിലധികം പ്രശസ്ത സ്കൂളുകളിൽ നിന്നായി ഇരുന്നൂറിൽപരം കലാപ്രവർത്തകർ വിവിധകലാപരിപാടികൾ സമർപ്പിക്കുന്നു. അതോടൊപ്പം രുചിയേറും ഭക്ഷണശാലകൾ ക്ഷേത്രത്തിലെ സേവാസംഘത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.

മെയ് 30 - 7:30ന് അനുഗ്രഹീത കലാകാരന്മാർ നയിക്കുന്ന ഓട്ടൻ തുള്ളൽ, സോപാന സംഗീതം,

മെയ് 31 - 5 മണിക്ക് പ്രൊഫഷണൽ നാടകം, 7 മണിക്ക് പകൽപൂരം, ജൂൺ 1 - 10:30 ന് ഗാനമേള എന്നിവ ഉണ്ടായിരിക്കുന്നതാണ്.







HEALING LIVES ONE SOUL AT A TIME
TOTAL MEDICAL 360
SARVE BHAVANTU SUKHINAH
Discover
a New You at
TOTAL MEDICAL 360 LLC.
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590

# മണ്ണാറശാല അമ്മ ദിവ്യശ്രീ സാവിത്രി അന്തർജ്ജനത്തിന് കെ എച് എൻ എ യുടെ 'പരമാംബികാ' പുരസ്കാരം




അനിൽ ആറന്മുള

ഹരിപ്പാട്: ഹൈന്ദവ സമൂഹത്തിനു നൽകുന്ന മഹത്തരമായ സേവനങ്ങളെ പ്രകീർത്തിച്ച് മണ്ണാറശാല നാഗക്ഷേത്രം അധിപതിയായ മണ്ണാറശാല അമ്മ എന്നറിയപ്പെടുന്ന ദിവ്യശ്രീ സാവിത്രി അന്തർജ്ജനത്തിന് കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക (കെ എച് എൻ എ) യുടെ സനാതന സംസ്ക്രിതി പുരസ്കാരങ്ങളിൽ ഒന്നായ പരമാംബികാ പുരസ്കാരം നൽകി ആദരിച്ചു.

മെയ് 17ന് ശനിയാഴ്ച മണ്ണാറശാല ക്ഷേത്രാങ്കണത്തിൽ നടന്ന ചടങ്ങിൽ കെ എച് എൻ എ ട്രസ്റ്റീ ബോർഡ് ചെയർമാൻ ഗോപിനാഥ കുറുപ്പ് പുരസ്കാരം അമ്മക്ക് കൈമാറി. അമ്മക്ക് സംഘടനയുടെ ദക്ഷിണയായി ഒരുലക്ഷം രൂപ കെ എച് എൻ എ മുൻ പ്രസിഡന്റ് ഡോ. രാമദാസ് പിള്ള അമ്മയുടെ കൈകളിൽ സമർപ്പിച്ചു. കെ എച് എൻ എ യുടെ സ്ഥാപക പ്രസിഡണ്ട് മന്മഥൻ നായർ, ഗുരുവായൂർ ദേവസ്വം ബോർഡ് മെമ്പർ എൻ എസ് എസ് ഡയറക്ടർ ബോർഡ് മെമ്പർ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന അഡ്വ. ജി മധുസൂദനൻ പിള്ള, കെ എച് എൻ എ ജോയിന്റ് സെക്രട്ടറി ആതിര സുരേഷ്, ബോർഡ് അംഗം ഡോ. ബിജു പിള്ള,

അമേരിക്കയിൽ നിന്നെത്തിയ മറ്റു പ്രവർത്തകർ, ഭക്ത ജനങ്ങൾ, ക്ഷേത്രം ഭാരവാഹികൾ എന്നിവർ ചടങ്ങിന് സാക്ഷികളായിരുന്നു.

പുരസ്കാര സമർപ്പണത്തിനു ശേഷം കെ എച് എൻ എ ഭാരവാഹികൾക്ക് മണ്ണാറശാല ദേവസ്വം ഒരു സ്വീകരണവും ഏർപ്പെടുത്തിയിരുന്നു. ട്രസ്റ്റീ ചെയർമാൻ ഗോപിനാഥക്കുറുപ്, |ഡോ. രാംദാസ് പിള്ള, മന്മഥൻ നായർ, ആതിര സുരേഷ്, ബിജു പിള്ള എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി. ആതിര സുരേഷിന്റെ ഭക്തിഗാനാലാപനത്തോടെ ആരംഭിച്ച യോഗത്തിൽ ചടങ്ങിനെത്തിയ ഭക്തജനങ്ങൾക്ക് ഗോപിനാഥക്കുറുപ് സ്വാഗതം ആശംസിച്ചുകൊണ്ട് സംഘടനയുടെ സനാതന പുരസ്കാരത്തെ കുറിച്ചു സംസാരിച്ചു.

അധ്യക്ഷ പ്രസംഗം നടത്തിയ അഡ്വ. മധുസൂദനൻ പിള്ള, അമേരിക്ക പോലൊരു രാജ്യത്തു ജീവിക്കുമ്പോഴും സനാതന ധർമ്മ സംസ്കാര മൂല്യങ്ങൾ കാത്തു സൂക്ഷിക്കാനായി കെ എച് എൻ എ മനടത്തുന്ന പ്രവർത്തനങ്ങളെ ശ്ലാഘിച്ചു. തുടർന്ന് സംസാരിച്ച സ്ഥാപക പ്രസിഡണ്ട് മന്മഥൻ നായർ ജഗദ്ഗുരു സത്യാനന്ദ സ്വാമി തൃപ്പാദങ്ങളുടെ അനുഗ്രഹത്തോടെ സമാരംഭിച്ചു നീണ്ട ഇരുപത്തിയഞ്ചു വർഷത്തെ നിഷ്കാമ കർമ്മ പ്രവർത്തനങ്ങളിലൂടെ വരും തലമുറയിലേക്കു സനാതന ധർമ മൂല്യങ്ങൾ പകർന്നു കൊടുത്ത് അവരെ നന്മയുടെ ലോകത്തേക്ക് നയിക്കാനാണ് പരിശ്രമിക്കുന്നത് എന്ന് പറഞ്ഞു. ഡോ. രാമദാസ് പിള്ളയും ഗുരുവായൂർ മുൻ മേൽശാന്തി സുബ്രഹ്മണ്യൻ നമ്പൂതിരിയും ആശംസ പ്രസംഗങ്ങൾ നടത്തി. ഡയറക്ടർ ബോർഡ് മെമ്പർ ബിജു പിള്ള നന്ദി പ്രകാശനം നടത്തി.

ദേവസ്വം ഭാരവാഹികളായ നാഗദാസ് നമ്പൂതിരി, ശ്യാംസുന്ദർ ശങ്കരൻ നമ്പൂതിരി എന്നിവർ സ്വീകരണ സമ്മേളനത്തിന് നേതൃത്വം നൽകി. യോഗശേഷം വിഭവ സമൃദ്ധമായ സദ്യയും നൽകിയാണ് കെ എച് എൻ എ അംഗങ്ങളെ യാത്രയാക്കിയത്.




# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902**, TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C

SPRJ55189

# ബേബി ഊരാളിൽ ചെയർമാനായി ഫോമാ ബിസിനസ് ഫോറം നിലവിൽ വന്നു

**ഫോമാ ന്യൂസ് ടീം**

ന്യൂയോർക്ക്: അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ കേന്ദ്ര സംഘടനയായ ഫോമായുടെ ബിസിനസ് ഫോറത്തിന്റെ പുതിയ കമ്മറ്റി രൂപീകരിക്കപ്പെട്ടു. ബേബി ഊരാളിൽ ചെയർമാനായിട്ടുള്ള കമ്മറ്റിയിൽ ഷൈജു വർഗീസ് വൈസ് ചെയർമാനും ഓജസ് ജോൺ കോ-ഓർഡിനേറ്ററും ജോൺ ഉമ്മൻ (പ്രസാദ്) സെക്രട്ടറിയുമായിരിക്കും. ഡൊമിനിക് ചാക്കോനാൽ, ജോസ് ഉപ്പൂട്ടിൽ, എബിൻ വർഗീസ്, രഞ്ജിത്ത് വിജയകുമാർ എന്നിവരും അടങ്ങുന്നതാണ് കമ്മറ്റിയെന്ന് ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ അറിയിച്ചു.

ബിസിനസ് മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് കൃത്യമായ മാർഗനിർദേശം നൽകുന്നതുവഴി കാലോചിതമായ വിജയം വരിക്കുന്നതിൽ അവരെ പ്രാപ്തരാക്കുകയെന്നതാണ് ഫോമാ ബിസിനസ് ഫോറത്തിന്റെ ആത്യന്തിക ലക്ഷ്യം.

ഫോമായുടെ മെട്രോ റീജിയനിൽ നിന്നുള്ള ബേബി ഊരാളിൽ ഫോമാ നാഷണൽ പ്രസിഡന്റായും 2022-2024 കാലയളവിൽ ചീഫ് ഇലക്ഷൻ കമ്മീഷണറായും പ്രവർത്തിച്ചിട്ടുണ്ട്.

ഇന്ത്യയിൽ അഭിഭാഷകനായിരുന്ന ഷൈജു വർഗീസ് സാൻഫ്രാൻസിസ്കോ ബേ ഏരിയയിലെ മികച്ച റിയൽ എസ്റ്റേറ്റ് സംരംഭകനാണ്. സംഘാടക മികവുള്ള ഷൈജു വർഗീസ് തന്റെ നേതൃപരമായ കഴിവ് തെളിയിച്ച വ്യക്തിയാണ്.

ഫോമയുടെ മുൻ ജനറൽ സെക്രട്ടറിയായ ഓജസ് ജോൺ മികച്ച ഒരു സംഘാടകൻ കൂടിയാണ്. അദ്ദേഹമാണ് ബിസിനസ് ഫോറം കോഓർഡിനേറ്റർ

അറ്റ്ലാന്റ മെട്രോ മലയാളി അസ്സോസ്സിയേഷന്റെ (അമ്മ) മുൻ പ്രസിഡന്റായ ഡോമിനിക് ചാക്കോനാൽ ഫോമായുടെ മുൻ ആർ.വി.പിയും നാഷണൽ കമ്മറ്റി മെമ്പറുമാണ്. അറ്റ്ലാന്റ കേന്ദ്രീകരിച്ച് ബിസിനസ് നടത്തുന്നു.

മലയാളി അസ്സോസ്സിയേഷൻ ഓഫ് സെൻട്രൽ ഫ്ളോറിഡ (എം.എ.സി.എഫ്) അംഗമായ ജോസ് ഉപ്പൂട്ടിൽ ഫ്ളോറിഡയിലെ ബിസിനസ്മാനാണ്.

സാക്രമെന്റോ റീജിയൻ ഓഫ് മലയാളി അസ്സോസ്സിയേഷൻ അംഗവും ചാരിറ്റി കോ-ഓർഡിനേറ്ററുമായ എബിൻ വർഗീസ് കാലിഫോർണിയ കേന്ദ്രമാക്കി ബിസിനസ് ചെയ്യുന്നു.

ന്യൂജേഴ്സിയിലെ സംഘടനാ രംഗത്ത് സജീവമായ രഞ്ജിത് വിജയകുമാർ റിയൽ എസ്റ്റേറ്റ് രംഗത്ത് ഉൾപ്പെടെ ബിസിനസ് മേഖലയിൽ മികച്ച നേട്ടങ്ങൾ ഉണ്ടാക്കിയ വ്യക്തിത്വമാണ്.

ഫോമാ ബിസിനസ് ഫോറത്തിന്റെ പുതിയ ഭാരവാഹികൾ തികഞ്ഞ പ്രൊഫഷണൽ സമീപനം പുലർത്തുന്നവരാരാണെന്നും പ്രവർത്തന കാലഘട്ടത്തിൽ അവർക്ക് വലിയ വിജയവും മുന്നേറ്റങ്ങളും ഉണ്ടാവട്ടെയെന്നും പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ ആശംസിച്ചു.==



# PARK FUNERAL CHAPELS

## Generations of Dignified Personal Service




### Services

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**
**Tel: (516) 747-4300**
**www.parkfuneralchapels.com**

# കോസ്തേപ്പ് കളിച്ച ഗവർണർക്കു കിട്ടിയ പണി






**ജോസ് കാടാപുറം**

മുൻ ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ കേരളത്തിൽ നിന്ന് പടിയിറങ്ങിയിട്ടു അഞ്ച് മാസമായി. അതിന് മുമ്പ് നാലഞ്ച് വർഷം ആ മനുഷ്യൻ വെറും ഹ ആലങ്കാരിക പദവിയായ ഗവർണ്ണൻ കസേര

ദുരുപയോഗം ചെയ്ത് ഈ നാട്ടിൽ അഴിഞ്ഞാടുകയായിരുന്നു, രാജ്ഭവന്റെയും ഒരു പരിധിവരെ പോലീസിന്റെയും സംരക്ഷണത്തിൽ. ബിജെപി സർക്കാരിന്റെ നോക്കുകൂലിയിൽ കേരളമെന്ന സംസ്ഥാനത്തെ അസ്ഥിരപ്പെടുത്താനും എൽഡിഎഫ് സർക്കാരിന്റെ ഭരണം അട്ടിമറിക്കാനും യജമാനന്മാർക്ക് വേണ്ടി അയാൾ നിരന്തരം ഉജാപങ്ങൾ മെനഞ്ഞുകൊണ്ടേയിരുന്നു. എൽ ഡി എഫ് സർക്കാർ നിയമപരമായും രാഷ്ട്രീയപരമായി അയാളെ നേരിട്ടു.

എന്നാൽ തമ്പാക്കുക്കാന്റെ തെമ്മാടിത്തരങ്ങളെ തെരുവിൽ നേരിട്ട ഒരേയൊരു സംഘടനയോ അല്ലെങ്കിൽ വിഭാഗമോ എസ്എഫ്ഐയുടെ ഉശിരൻ കുട്ടികളായിരുന്നു... അതിന് അവർക്ക് കിട്ടിയ പ്രതിഫലം ആയിരുന്നു ജയിൽവാസവും പ്രതിപക്ഷത്തിന്റെയും മാപ്രകളുടെയും പരിഹാസവും..

തെരുവു ഗുണ്ടയെ പോലെ അഴിഞ്ഞാടിയിരുന്ന തമ്പാക്കു ഖാന് എതിരെ ഹൈക്കോടതി വിധി ഉണ്ടായ ഈ ദിവസം ആ കുട്ടികളെ എങ്കിലും സ്നേഹത്തോടെ ചേർത്തുപിടിച്ച് അനുസ്മരിക്കേണ്ട ഒരു ദിവസമായിരുന്നു.. സിപിഎമ്മിന്റെയും ഇടതുപക്ഷത്തിന്റെയും നീതിർ നിരയിൽ നിന്ന് പോലും പ്രതീക്ഷിച്ച പ്രതികരണങ്ങൾ ഇന്ന് ഉണ്ടായില്ല..

സംസ്ഥാനത്തെ വിവിധ സർവകലാശാലകളിൽ താൽക്കാലിക വൈസ് ചാൻസലറെ നിയമിച്ച ഗവർണറുടെ നടപടി തെറ്റെന്ന് ഹൈക്കോടതി വിധിച്ചു. നിയമനം നടത്തേണ്ടത് സർക്കാർ പാനലിൽ നിന്നെന്നും സിസ തോമസ് കേസിലെ ഡിവിഷൻ ബെഞ്ച് വിധി ഗവർണർ പാലിക്കണമെന്നും ഹൈക്കോടതി പറഞ്ഞു.

മുൻ ഗവർണ്ണൻ ഖാൻ നടത്തിയ നിയമനം നിയമപരമല്ല. സർക്കാർ പാനൽ മറികടന്നാണ് ചാൻസലർ കൂടിയായ അന്നത്തെ ഗവർണർ ഖാൻ സാങ്കേതിക സർവകലാശാലയിലേക്ക് ഡോ. കെ ശിവപ്രസാദിനെയും ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ ആയി ഡോ. സിസ തോമസിനെയും നിയമിച്ചത്. ഇത് ചോദ്യം ചെയ്ത ഹർജിയിലാണ് ഹൈക്കോടതി ഇടപെടൽ.

നോക്കൂ, കഴിഞ്ഞ മൂന്നുനാലു വർഷങ്ങളിൽ സംസ്ഥാന സർക്കാരിന്റെ എല്ലാ ജനക്ഷേമ വികസന സാമൂഹിക ഭരണ നേട്ടങ്ങളുടെ തിളക്കം കെടുത്താനാണ് ഗവർണർ ബോധപൂർവ്വം ശ്രമിച്ചുകൊണ്ടിരുന്നത്. അതിന് ഗവർണർക്കു ചുട്ടു പിടിച്ചു കൊടുത്തത് സേവ് യൂണിവേഴ്സിറ്റി എന്ന ഒരു കടലാസ് സംഘടനയുടെ ഷാജർ ഖാൻ, അതുപോലെ മറ്റൊരു ദുരന്ത മനുഷ്യനായ ശശി കുമാർ കൂടാതെ രാജഭവനിൽ ചേക്കേറിയ ഒരു കൊടുവാൾ സംഘിയും അയാളുടെ ശിങ്കിടികളും..


ഗവർണൻ ഖാന്റെ എല്ലാ തെമ്മാടിത്തരങ്ങൾക്കും ഓശാന പാടിയിരുന്നത് ഇവിടുത്തെ ദുരന്ത മാപ്റകളും ഒരു പരിധിവരെ പ്രതിപക്ഷ നേതാവ് സതീശനും കോൺഗ്രസും ലീഗും അടങ്ങുന്ന സംസ്ഥാന വിരുദ്ധ

**പ്രതിപക്ഷ ഉന്നതനുമായി ഉറ്റബന്ധമുള്ള സേവ് യൂണിവേഴ്സിറ്റിക്കാരൻ ..... അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ ശിരസാവഹിച്ച് രാജ്ഭവനിലെത്തി ചെവി കടിക്കും. മുഖ്യമന്ത്രി തന്നെ വന്നു കാണുന്നില്ല, താണു വണങ്ങുന്നില്ല പോലെ സില്ലിയായ സങ്കടങ്ങൾ...... പകയും വൈരാഗ്യവുമാക്കിയത് ഉപദേശികളായിരുന്നു. മാധ്യമങ്ങൾ ഒപ്പം കട്ടയ്ക്ക് നിന്നപ്പോൾ മെഗ്ലോമാനിയ അതിന്റെ പാരമ്യത്തിലെത്തി. നിയമവിരുദ്ധതയ്ക്ക് മാധ്യമങ്ങളും അവരുടെ താങ്ങു കൊണ്ടു മാത്രം നിലനിന്നു പോകുന്ന രാഷ്ട്രീയ അവതാരങ്ങളും കൈയ്യടിച്ചപ്പോൾ അയാൾ വിജിഗേഷുവായെന്നഹങ്കരിച്ചു. പക്ഷെ കോടതികൾ നിയമമനുസരിച്ചല്ലേ പ്രവർത്തിക്കൂ. മാതൃഭൂമിയും മനോരമയും ഏഷ്യാനെറ്റും പിന്തുണച്ചതു കൊണ്ട് തോന്ന്യവാസം അതല്ലാതായി മാറില്ലല്ലോ.**

രുടെ സിൻഡിക്കേറ്റും.ആരാണി ആരിഫ് മുഹമ്മദ് ഖാൻ ജെയിൻ ഹവാല കേസ് എന്ന് നിങ്ങ കേട്ടിട്ടുണ്ടോ? കള്ളപ്പണവും രാജ്യദ്രോഹവും ഇടകലർന്ന കുപ്രസിദ്ധമായ ജെയിൻ ഹവാലക്കേസിൽ 34-ആം പ്രതിയുടെ പേരാണ് ഡോ. ആരിഫ് മുഹമ്മദ് ഖാൻ.... കേസിൽ പ്രതി ചേർക്കപ്പെടുന്ന സമയത്ത് അയാൾ ബി എസ് പി എം പിയായിരുന്നു.... ഫ്രഞ്ച് കമ്പനിയായ എൽസ്തോമിന് കരാർ നൽകുന്നതിന് ഇടനിലക്കാരായ ജെയിൻ സഹോദരൻമാരിൽ നിന്ന് 6.5 കൊടി ഹവാല പണം കൈപറ്റി എന്നാണ് ആരിഫ് മുഹമ്മദ് ഖാനെതിരെയുള്ള ആരോപണം. (രാജ്യം ഇന്ത്യയായതുകൊണ്ടും ഉൾപ്പെട്ടത് വൻതലകളായതുകൊണ്ടും ഹവാല കേസ് ആവിയായിപ്പോയി എന്ന് പ്രത്യേകം പറയേണ്ടല്ലോ...) ഭരണം മാറുമ്പോൾ അപ്പൻ മാറി ജനിക്കുന്നതുപോലെ പിന്നീടയാൾ പല രാഷ്ട്രീയ പാർട്ടികളും മാറി മാറി ഭാഗ്യപരീക്ഷണം നടത്തി.... അവസാനം എല്ലാ അഴിമതി രാഷ്ട്രീയക്കാരുടെയും അവസാനത്തെ അഭയസ്ഥാനമായ ബിജെപി കൂടാരത്തിൽ സ്വഭാവികമായി അഭയം തേടി.... ഇതാണ് കേരളാ ഗവർണ്ണറായി കെട്ടിയെടുക്കപ്പെടാൻ കാരണമായ ആരിഫ് മുഹമ്മദ് ഖാന്റെ അടിസ്ഥാന യോഗ്യത.... ഈ ഖാന്റെ നിയമനമാണ് ഒറിജിനൽ രാഷ്ട്രീയ നിയമനം.... അല്ല ആശ്രിത നിയമനം.... മോദിയെയും ബിജെപിയെയും സുഖിപ്പിക്കാനാണ് ഗവർണർ ശ്രമിക്കുന്നത്.... (സ്വാഭാവീകം) ഈ രീതിയിലുള്ള ആശ്രിത റബ്ബർസ്റ്റാമ്പുകൾ കുറുകാട്ടാൻ പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന എല്ലാ സംസ്ഥാനങ്ങളിലും കുഴപ്പങ്ങളുണ്ടാക്കി കിടമത്സരം നടത്തികൊണ്ടിരിക്കുകയാണ്. പക്ഷെ കോടതി ഇന്ന് നല്ല പണി കൊടുത്തു

ഇന്ന് മുൻ ഗവർണനെതിരെ കോടതി വിധി ഉണ്ടായ പശ്ചാത്തലത്തിൽ പോലും ഒരൊറ്റ ചാനലെങ്കിലും അന്തി ചർച്ച നടത്താൻ തയ്യാറായോ..

തെരുവു ഗുണ്ടയെ പോലെ അഴിഞ്ഞാടിയ മുൻ ഗവർണ്ണർ ഇന്ന് ജൗളി അഴിഞ്ഞ അവസ്ഥയിൽ ആയിട്ടും ഇതൊരു സ്പിരിറ്റ് ഓഫ് ദി ടൈം വിഷയം ആയിട്ടും ചാനൽ മുറികൾ ഇന്ന് അന്തി ചർച്ചയിൽ ബോധപൂർവ്വം മൗനം പാലിച്ചു..




കോടതി വിധി യുടെ അടിസ്ഥാനത്തിൽ മുൻ ഗവർണറിന്റെ വിലയില്ലാത്ത കടലാസിന്റെ ബലത്തിൽ ഇന്ന് സർവ്വകലാശാലകൾ ഭരിക്കുന്ന ആ നാണമില്ലാത്ത വൈസ് ചാൻസിലർമാർ (കേരള സർവകലാശാല വിസി ആദ്യം) ഒരു നിമിഷം വൈകാതെ രാജിവച്ച് ഒഴിഞ്ഞു പോകുകയാണ് വേണ്ടത്

മുൻ ഗവർണർക്കു ഓശാന പാടിയിരുന്ന സതീശനും ലീഗും പ്രതിപക്ഷവും മാധ്യമങ്ങളും മാപ്രകളും കേരള നിരുപാധികം മാപ്പ് പറയുകയും വേണം..

ആരിഫ് മുഹമ്മദിന് ഉപദേശം നൽകി ഒരു വഴിക്കാക്കിയത്..... സേവ് യൂണിവേഴ്സിറ്റിക്കാരും ഒരു പറ്റം മാധ്യമങ്ങളുമായിരുന്നു.

പ്രതിപക്ഷ ഉന്നതനുമായി ഉറ്റബന്ധമുള്ള സേവ് യൂണിവേഴ്സിറ്റിക്കാരൻ ..... അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ ശിരസാവഹിച്ച് രാജ്ഭവനിലെത്തി ചെവി കടിക്കും. മുഖ്യമന്ത്രി തന്നെ വന്നു കാണുന്നില്ല, താണു വണങ്ങുന്നില്ല പോലെ സില്ലിയായ സങ്കടങ്ങൾ...... പകയും വൈരാഗ്യവുമാക്കിയത് ഉപദേശികളായിരുന്നു. മാധ്യമങ്ങൾ ഒപ്പം കട്ടയ്ക്ക് നിന്നപ്പോൾ മെഗ്ലോമാനിയ അതിന്റെ പാരമ്യത്തിലെത്തി.


നിയമവിരുദ്ധതയ്ക്ക് മാധ്യമങ്ങളും അവരുടെ താങ്ങു കൊണ്ടു മാത്രം നിലനിന്നു പോകുന്ന രാഷ്ട്രീയ അവതാരങ്ങളും കൈയ്യടിച്ചപ്പോൾ അയാൾ വിജിഗേഷുവായെന്ന ഹങ്കരിച്ചു

പക്ഷെ കോടതികൾ നിയമമനുസരിച്ചല്ലേ പ്രവർത്തിക്കൂ. മാതൃഭൂമിയും മനോരമയും ഏഷ്യാനെറ്റും പിന്തുണച്ചതു കൊണ്ട് തോന്ന്യവാസം അതല്ലാതായി മാറില്ലല്ലോ.

എന്തായാലും കോടതി വിധി വരുന്നതിനു മുൻപ് ഇതിയാൻ 'നാടു നീങ്ങി'. ഇല്ലായിരുന്നേൽ മാധ്യമ വിധേയർക്ക് കുറേക്കൂടി അദ്ധ്വാനിക്കേണ്ടി വന്നേനെ. ഇന്നറിയാൻ കഴിയുന്നത് .... ബീഹാറിലും അയാൾ കേരള മോഡൽ കലിപ്പ് തുടങ്ങീന്നാണ്. ഇവിടെ കടുത്ത വാക്കുകൾ കൊണ്ടായിരുന്നു മറുപടി. അവിടെ അവന്മാർ കൂമ്പിടിച്ച് വാട്ടും.

കണ്ണീരൊപ്പാൻ ഇവിടുള്ള പോലെ മാധ്യമങ്ങളും ബിഹാറിൽ കാണില്ല.

അടിക്കുറിപ്പ് - കുഞ്ചാക്കോ ബോബന്റെ ഭീമന്റെ വഴി എന്ന സിനിമയിലെ വഴിമുടക്കി 'കൊസ്തേപ്പ്'


In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



**അച്ചാമ്മ കോശി**

ഫിലഡൽഫിയ: പ്രശസ്ത സാഹിത്യകാരൻ പ്രൊഫസർ കോശി തലയ്ക്കലിന്റെ ഭാര്യ, അച്ചാമ്മ കോശി (കുഞ്ഞുമോൾ) (84), ഫിലഡൽഫിയയിൽ അന്തരിച്ചു. മക്കൾ: ചെയ്സ്, റെയ്സ്. മരുമക്കൾ: രഞ്ജിനി, മായ. ചെറുമക്കൾ: സോയ, ഹന്ന, കോശി- തലയ്ക്കൽ, കോശി- ജോൺ.

**ജസ്റ്റിൻ**

അമര:ശാസ്താംചിറയിൽ സേവ്യർ ചാക്കോയുടെയും ത്രേസ്യാമ്മയുടെയും മകൻ ജസ്റ്റിൻ (36) അന്തരിച്ചു.

**സാബു ഭാസ്കരൻ**

മോനിപ്പള്ളി:പടിഞ്ഞാറെ അട്ടക്കാനായിൽ പരേതയായ ഭാസ്കരന്റെ മകൻ സാബു ഭാസ്കരൻ (56) അന്തരിച്ചു.ഭാര്യ: കോതനല്ലൂർ കുഴിക്കാട്ടിൽ പത്മിനി. മക്കൾ: ആതിര സാബു, അനശ്വര സാബു. മരുമക്കൾ: അനന്ദു, അരുൺ.



**ഉമ്മൻ മാത്യു**

ന്യൂയോർക്ക് (സ്റ്റാറ്റൻ ഐലൻഡ്):പത്തനംതിട്ട ഓമല്ലൂർ പായ്ക്കാട്ട് കുടുംബാംഗമായ ഉമ്മൻ മാത്യു (രാജു) സ്റ്റാറ്റൻ ഐലൻഡിൽ അന്തരിച്ചു. ന്യൂയോർക്ക് സീഫോർഡിലുള്ള സി.എസ്.ഐ. മലയാളം കോൺഗ്രിഗേഷൻ ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് ഇടവകയുടെ സ്ഥാപക നേതാക്കളിൽ ഒരാളായിരുന്നു. സി.എസ്.ഐ. മലയാളം കോൺഗ്രിഗേഷനിൽ വിവിധ ചുമതലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇടവക ബോർഡ് ഓഫ് ട്രസ്റ്റിയിൽ നിരവധി തവണ അംഗമായിരുന്നു. സി.എസ്.ഐ. നോർത്ത് അമേരിക്കൻ കൗൺസിൽ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.സിന്ധു ട്രാവൽസിന്റെ സ്ഥാപകനും ഉടമയുമായിരുന്നു. ഭാര്യ അമ്മിണി മാത്യു. മക്കൾ: ജിനു, സജു, സിന്ധു. അഞ്ച് കൊച്ചുമക്കളുമുണ്ട്.




**കുഞ്ഞുമോൾ ചെറിയാൻ**

ചിക്കാഗോ: അയിരൂർ അയിക്കരേത്ത് കുടുംബാംഗമായ കുഞ്ഞുമോൾ ചെറിയാൻ (87) ചിക്കാഗോയിൽ അന്തരിച്ചു. ചിക്കാഗോ മാർത്തോമ്മാ ഇടവക അംഗമായ കുഞ്ഞുമോൾ ചെറിയാൻ നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനത്തിന്റെ മുൻ അസ്സോസിയേറ്റ് സെക്രട്ടറി ഡോ. പി. വി. ചെറിയാന്റെ സഹധർമ്മിണി ആണ്. മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസന കൗൺസിൽ അംഗം, അസംബ്ലി അംഗം, സഭാ പ്രധിനിധി മണ്ഡലാംഗം, മിഡ്-വെസ്റ്റ് റീജിയൺ സേവികാ സംഘത്തിന്റെ സെക്രട്ടറി എന്നീ നിലകളിൽ നേതൃത്വം നൽകി. മക്കൾ: സജീവ്, സുനിത മരുമക്കൾ: ജീന, റിച്ച് കൊച്ചുമക്കൾ: എലൈ ജ, ജെസ്സിക്ക. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് അദ്ധ്യാപികയായിരുന്നു.



**ലിബു ജോസഫ്**

ന്യൂജേഴ്സി: നിലമ്പൂർ ചിറയിൽ കുടുംബാംഗം ജോസഫ് സി. ജോണിന്റേയും - മേഴ്സി ജോസഫിന്റേയും പുത്രൻ ലിബു ജോസഫ് (36) ന്യൂജേഴ്സിയിൽ അന്തരിച്ചു. ന്യൂയോർക്കിലെ കോണി ഐലന്റ് ഹോസ്പിറ്റലിൽ രജിസ്ട്രേഡ് നഴ്സ് ആയി ജോലി ചെയ്തുവരികയായിരുന്നു.ജിറ്റു കൊട്ടാരത്തിൽ (സ്റ്റാറ്റൻഐലന്റ് സൗത്ത് ബീച്ച് സൈക്യാട്രിക് സെന്റർ നഴ്സിംഗ് അഡ്മിനിസ്ട്രേഷൻ വിഭാഗം) ഭാര്യയും, ഇഷാൻ ജോസഫ് ഏക പുത്രനുമാ ണ്. ലിയ ജോയി, ലിഷ ജോസഫ്, ലിഞ്ചു ജോസഫ്, ലീല ജോസഫ് (എല്ലാവരും സ്റ്റാറ്റൻഐലന്റ്, ന്യൂയോർക്ക്) എന്നിവർ സഹോദരിമാരാണ്. ജയ് ജോയി, ലിബിൻ പാപ്പച്ചൻ, ടോം ജോസഫ്, സുബിൻ മോനി എന്നിവർ സഹോദരീ ഭർത്താക്കന്മാർ.



**ജോൺ**

മാമങ്കര: പറമ്പക്കാട്ട് ജോൺ (ഉലഹന്നാൻ- 90)അന്തരിച്ചു. ഫൊക്കാന ഇന്റർ നാഷണൽ ഹയർ എഡ്യൂക്കേഷൻ കമ്മറ്റിയംഗം സജി ജോണിന്റെ പിതാവാണ്.

**സി. എം.ചാക്കോ**

കടുത്തുരുത്തി:വെള്ളാശ്ശേരി ചാമക്കുഴിയിൽ സി. എം.ചാക്കോ (86) അന്തരിച്ചു. ഭാര്യ: പരേതയായ സെലിനാമ്മ. മക്കൾ: റോബർട്ട് (ഹൈ ക്കോർട്ട്), ഷീബ (എൽഐ സി). മരുമക്കൾ: പരേതനായ സണ്ണി, ദീപ.

**എ.പി.പൊന്നപ്പൻ**

അയ്മനം:പുലിക്കുട്ടിശ്ശേരി അയ്യങ്കേരിവീട്ടിൽ എ.പി. പൊന്നപ്പൻ (87) അന്തരിച്ചു. ഭാര്യ: കുമാരനല്ലൂർ കളരിയ്ക്കൽ വിലാസിനി. മക്കൾ: എ.പി.പ്രേജീഷ് (എസ്ബിഐ കോട്ടയം ടൗൺ), സ്വപ്ന. മരുമക്കൾ: ആശ വടവാതൂർ(ബേക്കർ വിദ്യാപീഠം), ബിജു ഇല്ലിക്കൽ.



**മേരി പാനു**

ചിക്കാഗോ: ചിക്കാഗോയിലേയും കേരളത്തിലേയും രാഷ്ട്രീയ- സാമൂഹ്യ രംഗങ്ങളിലെ പ്രശസ്തനായ പോൾ പറമ്പിയുടെ മാതാവ് മേരി പാനു (91) അന്തരിച്ചു, മറ്റുമക്കൾ: ബേബി (ജോർജ്) പടയാട്ടി, കിടങ്ങൂർ, ജേക്കബ് (ടെസ്സി) പയ്യാവൂർ, വർഗീസ് (അൽഫോൺസ) കൊരട്ടി, പരേതനായ ഡേവിസ്, ആനി (പരേതനായ പോൾ ചിറക്കൽ) ഇറ്റലി, കൊച്ചു ത്രേസ്യ (ജോയ്) നാമക്കൽ, റോളി (ബെന്നി) പള്ളിപ്പാട്ട്, അങ്കമാലി, പരേതയായ എൽസി (ഫ്രാൻസിസ്) അച്ചാണ്ടി, ജോബി ഇൻഡ്യാനപൊളിസ്, യു.എസ്.എ.

**ബെന്നി സേവ്യർ**

തൃക്കൊടിത്താനം:പുളിങ്കുന്ന് കണ്ണാടി മണ്ണങ്കരത്തറ പരേതനായ കുട്ടപ്പന്റെ മകൻ ബെന്നി സേവ്യർ (50) അന്തരിച്ചു.




**ഏബ്രഹാം ആന്റണി**

ഹൂസ്റ്റൺ: ചങ്ങനാശേരി കുരിശുംമൂട്ടിൽ ഏബ്രഹാം ആന്റണി (അവറാച്ചൻ - 69 വയസ്സ്) ഹൂസ്റ്റണിൽ അന്തരിച്ചു. ഭാര്യ തിരുവല്ല കളത്തിപ്പറമ്പിൽ ലില്ലിക്കുട്ടി എബ്രഹാം. മക്കൾ: ഗിഫ്റ്റി ഫിലോമിന എബ്രഹാം (കാനഡ) പ്രെറ്റി മേരി എബ്രഹാം (ഹൂസ്റ്റൺ) സ്വീറ്റി തെരേസ എബ്രഹാം (ഹൂസ്റ്റൺ).മരുമക്കൾ : ലിബിൻ. പി..ജെയിംസ് (കാനഡ) ഷിബു മാത്യു. (ഹൂസ്റ്റൺ) ഡോണി ടോം ബേബി (ഹൂസ്റ്റൺ).കൊച്ചുമക്കൾ: ഈതൻ, ജെറമിയ, ഐശയ്യ, എലൈജ, മിഖായേൽ,ഡാനിയേൽ, ഇസ.

**മോഹനൻ**

മേവിട:കോട്ടുക്കുന്നേൽ മോഹനൻ (68) അന്തരിച്ചു. ഭാര്യ: നെടുംകുന്നം മൂലക്കാട്ട് പ്രസീത. മക്കൾ: ശാലിനി, അഖിൽ.



**സ്റ്റീവ് ജോയി**

ഓണംതുരുത്ത്: വല്ലിശ്ശേരിക്കെട്ടിൽ ജോയി ജോസഫ് പുഷ്പ ജോയി ദമ്പതികളുടെ മകൻ സ്റ്റീവ് ജോയി (21) അന്തരിച്ചു.

**കെ.ഉമ്മൻ ഉമ്മൻ**

മല്ലപ്പള്ളി ആനിക്കാട്: കൊല്ലകുന്നേൽ കെ.ഉമ്മൻ ഉമ്മൻ (ബാബു74) അന്തരിച്ചു.

**തോമസ് ചാക്കോ**

കൂത്രപ്പള്ളി:വലിയവീടൻ പരേതനായ വി.ജെ.ചാക്കോയുടെയും തങ്കമ്മ ചാക്കോയുടെയും മകൻ തോമസ് ചാക്കോ (നിരേഷ്-50) അന്തരിച്ചു. ഭാര്യ: ജ്യോതി മേരി തോമസ്. മക്കൾ: അലെൻ സി.തോമസ്, അന്നു തോമസ്.

**വി.ജി.രവീന്ദ്രൻ നായർ**

പാലാ:കടപ്പാട്ടൂർ കിടങ്ങാട്ട് വി.ജി.രവീന്ദ്രൻ നായർ (74) അന്തരിച്ചു. സംസ്കാരം നടത്തി.




**എൻ.സി അബ്രഹാം**

മോനിപ്പള്ളി: കുന്നക്കാട്ടുമലയിൽ എൻ.സി അബ്രഹാം (78) അന്തരിച്ചു. ഭാര്യ: മർഗരീത്ത ഉഴവൂർ തൊട്ടിയിൽ കുടുംബാംഗമാണ്. മക്കൾ: റെജി (ഡൽഹി), റീനാ, റെനി (കുവൈറ്റ്). മരുമക്കൾ: ബിജി ആക്കൽ കരിങ്കുന്നം, എബി കൊച്ചുവെട്ടിക്കൽ അരീക്കര, മേരി (മോൾസി) പുന്നശ്ശേരിൽ കൂടല്ലൂർ.

**കെ.കെ.തോമസ്**

ഏറ്റുമാനൂർ:ക്ലാമറ്റം കുര്യൻകരോട്ട് കെ.കെ.തോമസ് (കുഞ്ഞച്ചൻ89) അന്തരിച്ചു ഭാര്യ: കണ്ണങ്കര അരയയ്ക്കൽവെളി സിസിലി. മക്കൾ: പരേതനായ ജോമോൻ, ജോമോൾ, ബേബിച്ചൻ, കൊച്ചുമോൻ. മരുമക്കൾ: സാബു കളരിക്കൽ (കൂടല്ലൂർ), ജിജി വാഴത്തോപ്പ് (പൂച്ചാക്കൽ).



**പി.സി ഏബ്രഹാം**

പേരൂർ: പുളിയ്ക്കതൊട്ടിയിൽ പി.സി ഏബ്രഹാം (83, റിട്ട.ഡി.എം.ഒ കോട്ടയം ഓഫീസ് ഉദ്യോഗസ്ഥൻ) അന്തരിച്ചു. ഭാര്യ: പരേതയായ മേരി ഞീഴൂർ തത്തംകുളത്തേൽ കുടുംബാംഗമാണ്. മക്കൾ: ദിനു ഏബ്രഹാം (യു.കെ), ബിനു ഏബ്രഹാം (യു.കെ), സുനി ഏബ്രഹാം (യു.എസ്.എ). മരുമക്കൾ: സിന്ദു പറയങ്കാലായിൽ നീണ്ടൂർ, ടിനു മറ്റത്തിൽ സംക്രാന്തി, സജി കെ ജോർജ് കളപ്പുരയിൽ കരിങ്കുന്നം.

**വത്സ കുരുവിള**

കളത്തിൽപടി:പള്ളത്തറവീട്ടിൽ പരേതനായ പി.സി.കുരുവിളയുടെ ഭാര്യ വത്സ കുരുവിള (78) അന്തരിച്ചു. പള്ളം കാട്ടൂത്തറ കുടുംബാംഗമാണ്. മക്കൾ: ലിന്റ് തോമസ്, ലിഡിയ കുര്യാക്കോസ്, ബച്ചു കുരുവിള.


pravasi CHANNEL HD
THE ONE AND ONLY DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
MediaAppUSA
Call 1-917-900-2123 for Advertisements & News